Newspaper for malayalees Worldwide
CHICAGO/TORONTO ◆ Estd.2020

# വാചകം
VACHAKAM

CHICAGO
Vol. 5 / Issue 52 / Pages 32
22
ജൂലൈ 2026
ബുധനാഴ്ച
1201 കർക്കിടകം 6

America | Canada | India | Keralam | Socialmedia | Cinema | Sports | Technology | World

www.vachakam.com
news@vachakam.com
canada@vachakam.com



## പശ്ചിമേഷ്യൻ പോരാട്ടം അവസാനിപ്പിക്കാൻ ബദൽ സമാധാന പാതകൾ ഉണ്ടോ?

# ഹോർമുസിൽ നിന്ന് ചെങ്കടലിലേക്ക് പടരുന്ന യുദ്ധാഗ്നി

ഏറ്റവും പുതിയ അന്താരാഷ്ട്ര പ്രതിരോധ റിപ്പോർട്ടുകൾ പ്രകാരം, പശ്ചിമേഷ്യയിലെ അമേരിക്കൻ-ഇറാൻ സൈനിക പോരാട്ടം തികച്ചും നിയന്ത്രണാതീതമായ ഒരു വലിയ പ്രതിസന്ധിയിലേക്ക് വഴിമാറിയിരിക്കുകയാണ്. തുടർച്ചയായ പന്ത്രണ്ടാം രാത്രിയിലും പെന്റഗൺ ഇറാനിയൻ സൈനിക കേന്ദ്രങ്ങൾക്ക് നേരെ മാരകമായ വ്യോമാക്രമണങ്ങൾ തുടർന്നപ്പോൾ, ഇരു പക്ഷവും തന്ത്രപ്രധാനമായ സിവിലിയൻ അടിസ്ഥാന സൗകര്യങ്ങൾ പരസ്പരം ലക്ഷ്യം വെക്കാൻ തുടങ്ങിയത് സ്ഥിതിഗതികൾ കൂടുതൽ ഭയാനകമാക്കിയിരിക്കുന്നു.കടലിടുക്കിൽ തങ്ങളുടെ കപ്പലുകൾക്ക് നേരെ ഇറാൻ ഒരു മിസൈലോ ഡ്രോണോ തൊടുത്താൽ പകരമായി ഇറാന്റെ ഓരോ പാലവും പവർ പ്ലാന്റും തകർത്തുകളയുമെന്ന അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ കടുത്ത മുന്നറിയിപ്പുകൾ, ഇരുരാജ്യങ്ങളെയും യുദ്ധത്തിൽ നിന്ന് പിന്മാറാൻ കഴിയാത്തവിധം തടവിലാക്കിയിരിക്കുകയാണ്. ഹോർമുസ് കടലിടുക്കിന് പുറമെ യെമനിലെ ഹൂതി വിമതർ ചെങ്കടലിൽ പുതിയ ഉപരോധ ഭീഷണി ഉയർത്തുന്നത് അമേരിക്കൻ നാവികസേനയുടെ വ്യാപ്തിക്കും പ്രതിരോധ ശക്തിക്കും വൻ വെല്ലുവിളിയാണ് സൃഷ്ടിക്കുന്നത്. ഈ പ്രത്യാക്രമണ കെണിയിൽ നിന്ന് ലോകത്തെ രക്ഷിക്കാനുള്ള നയത

ശേഷം പേജ് 8ൽ

**ജയിൽ ജനാധിപത്യം**
**(ഡോ. സെബാസ്റ്റ്യൻ പോൾ എഴുതുന്നു)**
........................................ പേജ് 06
**പോരാ 'നമുക്കൊന്ന്';**
**നിലനിൽപ്പിന് രണ്ടു വേണം**
........................................പേജ് 15
**ഓർമ്മയില്ലേ, നേതാവേ**
**ആ നീലപ്പതാക?**
........................................പേജ് 16
**പാർട്ടികളിലെ ഗ്രൂപ്പുകളുടെ**
**തുരങ്കപ്പാതകളിൽ നിന്ന്**
**ഒളിപ്പോരിന്റെ ദുർഗന്ധം**
........................................ പജ് 24
**ഡൽഹി: ജനകീയ പ്രക്ഷോഭങ്ങളുടെയും**
**രാഷ്ട്രീയ തർക്കങ്ങളുടെയും കേന്ദ്രം**
........................................ .പേജ് 25

## പശ്ചിമേഷ്യയിൽ വൻ യുദ്ധത്തിന് തയ്യാറെടുപ്പ്
## കർശന നിലപാടിൽ പ്രസിഡന്റ് ട്രംപ്!



ഇറാനെതിരെയുള്ള സൈനിക നടപടികളുടെ വ്യാപ്തി വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് അമേരിക്ക പശ്ചിമേഷ്യൻ മേഖലയിലേക്ക് വൻതോതിൽ സൈന്യത്തെയും അത്യാധുനിക ആയുധങ്ങളെയും എത്തിക്കുന്നു. വരും ദിവസങ്ങളിൽ കൂടുതൽ ശക്തമായ ആക്രമണങ്ങൾക്ക് പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായാണ് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഈ നീക്കം നടത്തുന്നത്.പെന്റഗൺ വൃത്തങ്ങളെ ഉദ്ധരിച്ച് പ്രമുഖ അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച് അമേരിക്കൻ പോർവിമാനങ്ങളും വിമാനവാഹിനിക്കപ്പലുകളും മേഖലയിൽ വിന്യസിച്ചുകഴിഞ്ഞു. ഏതൊരു അടിയന്തര സാഹചര്യത്തെയും നേരിടാൻ തയ്യാറായി നിൽക്കാൻ യുഎസ് സഖ്യസേനയ്ക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മേഖലയിൽ അമേരിക്കൻ സൈനികർ കൊല്ലപ്പെടാനിടയായ ആക്രമണത്തിന് പിന്നാലെയാണ് പോരാട്ടം കൂടുതൽ ശക്തമാക്കാൻ അമേരിക്ക തീരുമാനിച്ചത്. തിരിച്ചടി കനപ്പിക്കുന്നതോടെ ഇറാന്റെ തന്ത്രപ്രധാന കേന്ദ്രങ്ങൾ പൂർണ്ണമായും തകർക്കാനാണ് പെന്റഗൺ പദ്ധതിയിടുന്നത്.പ്രത്യേക പരിശീലനം ലഭിച്ച യുഎസ് സ്പെഷ്യൽ ഓപ്പറേഷൻസ് സേനാംഗങ്ങളെ വിവിധ താവളങ്ങളിൽ അടിയന്തരമായി വിന്യസിച്ചതായി ഫ്ലൈറ്റ് ട്രാ

ശേഷം പേജ് 8ൽ

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com
വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# ഹോർമുസ് കടലിടുക്കിന്റെ ആവശ്യമില്ല; ഇറാനിൽ ബോംബ് വർഷം, കടുത്ത മുന്നറിയിപ്പുമായി പ്രസിഡന്റ് ട്രംപ്!

പശ്ചിമേഷ്യയിൽ യുദ്ധം കൊടുമ്പിരി കൊള്ളുന്നതിനിടെ ഇറാനെതിരെ വീണ്ടും കടുത്ത നിലപാടുമായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ഹോർമുസ് കടലിടുക്കിലെ എണ്ണക്കപ്പലുകളുടെ സുരക്ഷയ്ക്ക് വേണ്ടിയല്ല തങ്ങൾ ഇറാന് നേരെ സൈനിക ആക്രമണം നടത്തുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി.

ഇറാനിലെ തന്ത്രപ്രധാന സൈനിക കേന്ദ്രങ്ങൾ ലക്ഷ്യമാക്കി അമേരിക്കൻ സഖ്യസേന നടത്തുന്ന വ്യോമാക്രമണം തുടർച്ചയായ പന്ത്രണ്ടാം രാവിലും ശക്തമായി തുടരുകയാണ്. മിസൈൽ താവളങ്ങളും ആയുധ സംഭരണ ശാലകളും ബോംബിട്ട് തകർത്തതായി അമേരിക്കൻ പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു.

ഹോർമുസ് കടലിടുക്കിലൂടെയുള്ള ഗതാഗതം സംരക്ഷിക്കേണ്ട ഉത്തരവാദിത്തം അമേരിക്കയ്ക്ക് മാത്രമായി ഏറ്റെടുക്കേണ്ടതില്ലെന്ന് വൈറ്റ് ഹൗസിൽ നടത്തിയ പ്രസ്താവനയിൽ ട്രംപ് പറഞ്ഞു. അമേരിക്കയ്ക്ക് സ്വന്തമായി ആവശ്യത്തിന് എണ്ണ ശേഖരമുണ്ടെന്നും വിദേശ കടൽപ്പാതകളെ തങ്ങൾ ആശ്രയിക്കുന്നില്ലെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു.

എന്നിരുന്നാലും മേഖലയിൽ ഭീകരത വളർത്താനും അന്താരാഷ്ട്ര സമുദ്ര സുരക്ഷ തകർക്കാനും ഇറാനെ അനുവദിക്കില്ലെന്ന് ട്രംപ് ആവർത്തിച്ചു. ആക്രമണങ്ങൾ അ



വസാനിപ്പിക്കാൻ ഇറാൻ തയ്യാറായില്ലെങ്കിൽ കൂടുതൽ പ്രഹരം നേരിടേണ്ടി വരുമെന്നും അദ്ദേഹം താക്കീതു നൽകി. കഴിഞ്ഞ ഏതാനും ആഴ്ചകളായി ബാബ് എൽമന്ദേബ്, ഹോർമുസ് കടലിടുക്കുകളിൽ കപ്പലുകൾക്ക് നേരെ നടക്കുന്ന ആക്രമണങ്ങൾ വിപണിയെ സാരമായി ബാധിച്ചിട്ടുണ്ട്. എന്നാൽ ഈ പാതകളിൽ കൂടുതലായി ആശ്രയിക്കുന്ന ഏഷ്യൻ, യൂറോപ്യൻ രാജ്യങ്ങൾ സ്വന്തം സുരക്ഷയ്ക്കായി മുന്നോട്ട് വരണമെന്നാണ് ട്രംപിന്റെ നിലപാട്.

അമേരിക്കൻ യുദ്ധക്കപ്പലുകളും അത്യാധുനിക പോർവിമാനങ്ങളും ഇറാനിലെ പ്രധാന നഗരങ്ങളിൽ ആക്രമണം തുടരുകയാണ്. ഇറാന്റെ വ്യോമപ്രതിരോധ സംവിധാനങ്ങൾ വലിയ അളവിൽ തകർക്കപ്പെട്ടതായി പെന്റഗൺ അവകാശപ്പെട്ടു. അതിനിടെ തിരിച്ചടിക്കാൻ തങ്ങളും സജ്ജമാണെന്ന് വ്യക്തമാക്കി ഇറാൻ സൈന്യവും രംഗത്തെത്തിയിട്ടുണ്ട്. വിദേശ രാജ്യങ്ങളുടെ സമുദ്ര അതിർത്തി ലംഘനങ്ങൾക്കെതിരെ പോരാടുമെന്ന് ഭരണകൂടം അറിയിച്ചു.

വ്യോമാക്രമണം രൂക്ഷമായതോടെ ഇറാനിലെ സാധാരണക്കാരുടെ ജീവിതം കൂടുതൽ ദുരിതത്തിലായിരിക്കുകയാണ്. വിപണിയിൽ അത്യാവശ്യ സാധനങ്ങളുടെ ക്ഷാമവും വിലക്കയറ്റവും അനുഭവപ്പെടുന്നുണ്ട്. യുഎസ് സൈനിക നീക്കം ഉടൻ അവസാനിപ്പിക്കണമെന്ന് ഐക്യരാഷ്ട്ര സഭ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര ഏജൻസികൾ അഭ്യർത്ഥിച്ചു. എന്നാൽ ലക്ഷ്യം കാണുന്നത് വരെ ആക്രമണം തുടരുമെന്ന നിലപാടിലാണ് വൈറ്റ് ഹൗസ്.

ഈ പോരാട്ടം കൂടുതൽ രാജ്യങ്ങളിലേക്ക് പടരുന്നത് തടയാൻ മധ്യസ്ഥ രാജ്യങ്ങൾ ചർച്ചകൾ നടത്തുന്നുണ്ട്. പശ്ചിമേഷ്യൻ മണ്ണിൽ അശാന്തി പുകയുമ്പോൾ ലോകരാജ്യങ്ങൾ ആശങ്കയോടെയാണ് സ്ഥിതിഗതികൾ വീക്ഷിക്കുന്നത്. അമേരിക്കയുടെ ഈ പുതിയ നയം അന്താരാഷ്ട്ര തലത്തിൽ വലിയ ചർച്ചകൾക്ക് വഴിതുറന്നിട്ടുണ്ട്. വരും ദിവസങ്ങളിൽ യുദ്ധത്തിന്റെ വ്യാപ്തി കൂടുതൽ വർദ്ധിക്കാനാണ് സാധ്യത.

# നാടുകടത്തൽ ഭീഷണിക്ക് പിന്നാലെ കോടികളുടെ പിഴ: സാമ്പത്തിക സമ്മർദ്ദത്തിലൂടെ കുടിയേറ്റക്കാരെ പുറത്താക്കാൻ ട്രംപ് ഭരണകൂടം

വാഷിംഗ്ടൺ: അമേരിക്കയിൽ നിന്ന് സ്വയം നാടുവിട്ടു പോകാൻ അനധികൃത കുടിയേറ്റക്കാർക്ക് മേൽ വൻ സാമ്പത്തിക സമ്മർദ്ദം ചെലുത്തി ഡൊണാൾഡ് ട്രംപ് ഭരണകൂടം. രാജ്യത്ത് തുടരുന്നതിന് നിയമപരമായ അവകാശമില്ലെന്ന് ഇമിഗ്രേഷൻ കോടതിയുടെ വിധി വന്നിട്ടും യു.എസിൽ തുടരുന്ന വ്യക്തികളിൽ നിന്ന് ദിവസേന 998 ഡോളർ വീതം പിഴ ഈടാക്കുമെന്ന് വ്യക്തമാക്കുന്ന നോട്ടീസുകൾ ഡിപ്പാർട്ട്മെന്റ് ഓഫ് ഹോം ലാൻഡ് സെക്യൂരിറ്റി അയച്ച് തുടങ്ങി. ഇതുവരെ ഒരു ലക്ഷത്തിലധികം ആളുകൾക്കാണ് ഇത്തരത്തിൽ ഔദ്യോഗിക മുന്നറിയിപ്പ് കത്തുകൾ ലഭിച്ചിട്ടുള്ളത്.

1996 ൽ പാസാക്കിയ ഇമിഗ്രേഷൻ നിയമ നിർമ്മാണത്തിൽ നാടുകടത്തൽ ഉത്തരവ് പാലിക്കാത്തവർക്ക് സാമ്പത്തിക പിഴ ചുമത്താൻ നിയമപരമായ അനുമതിയുണ്ടായിരുന്നെങ്കിലും, മുൻപ് ഭരണത്തിലിരുന്ന ഒരു പ്രസിഡന്റും ഇത് നടപ്പിലാക്കിയിരുന്നില്ല. തന്റെ ആദ്യ ഭരണകാലയളവിൽ ഡൊണാൾഡ് ട്രംപ് ഈ നീക്കത്തിന് ശ്രമിച്ചെങ്കിലും ഭരണപരമായ തടസ്സങ്ങൾ കാരണം അന്ന് അത് പൂർണ്ണമായി വിജയത്തിലെത്തിയില്ല. എന്നാൽ വീണ്ടും അധികാരത്തിലേറി വൻ തോതിലുള്ള നാടുകടത്തൽ ക്യാമ്പയിൻ ആരംഭിച്ചതോടെ, രാജ്യത്ത് അനധികൃതമായി താമസിക്കുന്നവരിൽ നിന്ന് പിഴ ഈടാക്കാൻ എല്ലാവിധ നടപടികളും സ്വീകരിക്കാൻ ട്രംപ് നിർദ്ദേശം നൽകുകയായിരുന്നു.

അടുത്തിടെ ഇത്തരം പിഴ നോട്ടീസുകളുടെ വേഗത വലിയ തോതിൽ വർദ്ധിച്ചിട്ടുണ്ടെന്ന് ഇമിഗ്രേഷൻ അഭിഭാഷകർ സാക്ഷ്യപ്പെടുത്തുന്നു. അഞ്ച് വർഷത്തെ നിയമപരമായ കാലപരിധി കണക്കാക്കിയാൽ പോലും ഒരാൾ അടയ്ക്കേണ്ടി വരുന്ന ആകെ പിഴത്തുക 1.8 മില്യൺ ഡോളർ വരെയാകാം. തങ്ങളുടെ ജീവിതവും സമ്പാദ്യവും ഉപേക്ഷിച്ച് സ്വയം നാടുവിടുക, അല്ലെങ്കിൽ കനത്ത സാമ്പത്തിക തകർച്ച നേരിടുക എന്ന അവസ്ഥയിലേക്കാണ് ഈ നോട്ടീസുകൾ കുടിയേറ്റക്കാരെ തള്ളിവിടുന്നത്.

# അലർജി ഗുളികകളിൽ മരുന്ന് അംശവും നിറവ്യത്യാസവും: അമേരിക്കയിൽ സിറ്റിറിസിൻ തിരികെ വിളിച്ച് എഫ്.ഡി.എ

വാഷിംഗ്ടൺ: അമേരിക്കൻ വിപണിയിൽ വ്യാപകമായി വിറ്റഴിക്കപ്പെടുന്ന

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Founder, Chairman & CEO:
Jose Chennikkara
Co-Founder Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
1-773-888-2242
1-773-842-9149, 1-773-888-2243
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy
**1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**
**E-Paper reading**
**visit vachakam.com**
Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisments, advertorials, articles or copyright issues.




പ്രമുഖ അലർജി പ്രതിരോധ മരുന്നായ സിറ്റിറിസിൻ ഹൈഡ്രോക്ലോറൈഡ് ഗുളികകൾ നിർമ്മാതാക്കൾ തിരികെ വിളിക്കുന്നു. പ്രമുഖ മരുന്ന് നിർമ്മാണക്കമ്പനിയായ യൂണിക് ഫാർമസ്യൂട്ടിക്കൽ ലബോറട്ടറീസ് ഉത്പാദിപ്പിച്ച് റൈസിംഗ് ഫാർമ ഹോൾഡിംഗ്സ് വിതരണം ചെയ്ത അലർജി ഗുളികകളുടെ നാല് ബാച്ചുകളാണ് യു.എസ് ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷന്റെ നിർദ്ദേശപ്രകാരം വിപണിയിൽ നിന്ന് മാറ്റുന്നത്.

ജനപ്രിയ അലർജി മരുന്നായ സിർടെക് എന്ന ബ്രാൻഡിന്റെ ജനറിക് പതിപ്പാണിത്. നെഞ്ചെരിച്ചിലിനും അൾസറിനും ഉപയോഗിക്കുന്ന റെനിറ്റിഡിൻ എന്ന മരുന്നിന്റെ ഘടകങ്ങൾ ഈ അലർജി ഗുളികകളിൽ കലർന്നിരിക്കാൻ സാധ്യതയുണ്ടെന്ന കണ്ടെത്തലിനെ തുടർന്നാണ് മുൻകരുതൽ നടപടി. മെഡിക്കൽ സ്റ്റോറിൽ വിതരണത്തിനായി ഗുളികകൾ എണ്ണി കുപ്പിയിലാക്കുന്ന വേളയിൽ ഒരു ഫാർമസി ടെക്നീഷ്യനാണ് ഈ അപാകത ആദ്യമായി കണ്ടെത്തിയത്.

അലർജി ഗുളികകളിൽ ചിലതിന് സ്വാഭാവിക നിറത്തിന് പകരം ചുവന്ന പുള്ളികളും നിറവ്യത്യാസവും കണ്ടതിനെ തുടർന്ന് ഇദ്ദേഹം നൽകിയ പരാതിയിലാണ് അന്വേഷണം നടന്നതും ക്രോസ് കോണ്ടമിനേഷൻ (മറ്റ് മരുന്നുകളുടെ അംശം കലരൽ) സ്ഥിരീകരിച്ചതും.

ക്രോസ് കോണ്ടമിനേഷൻ സാധാരണക്കാർക്ക് വലിയ ഭീഷണിയല്ലെങ്കിലും റെനിറ്റിഡിൻ അടങ്ങിയ ഘടകങ്ങളോട് അലർജിയുള്ള വ്യക്തികളിൽ ഇത് ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാം. രക്തസമ്മർദ്ദം പെട്ടെന്ന് താഴുക, ശ്വാസംമുട്ടൽ, ഭക്ഷണം വിഴുങ്ങാൻ ബുദ്ധിമുട്ട്, മുഖത്തും തൊണ്ടയിലും ഉണ്ടാകുന്ന വീക്കം, പെട്ടെന്നുള്ള ബോധക്ഷയം തുടങ്ങിയ ജീവന് തന്നെ ഭീഷണിയായ പാർശ്വഫലങ്ങൾക്ക് ഇത് കാരണമാകുമെന്ന് എഫ്.ഡി.എ മുന്നറിയിപ്പ് നൽകുന്നു. എന്നാൽ നിലവിൽ ഇതുമായി ബന്ധപ്പെട്ട് ആർക്കും ആരോഗ്യ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് കമ്പനി അധികൃതർ അറിയിച്ചു.

നൂറ് ഗുളികകൾ അടങ്ങിയ വെളുത്ത എച്ച്.ഡി.പി.ഇ പ്ലാസ്റ്റിക് കുപ്പികളിലാണ് ഈ മരുന്ന് വിപണിയിലെത്തിച്ചിരുന്നത്. 2028 ഒക്ടോബറിൽ കാലാവധി തീരുന്ന ജിവൈ 825029, ജിവൈ 825030, ജിവൈ 825031, ജിവൈ 825032 എന്നീ ബാച്ച് നമ്പറുകളിലുള്ള 5 മില്ലിഗ്രാം ഗുളികകളാണ് തിരികെ വിളിച്ചിരിക്കുന്നത്. റൈസിംഗ് ഫാർമ ഹോൾഡിംഗ്സ് ഇതിനോടകം തന്നെ രാജ്യത്തുടനീളമുള്ള വിതരണക്കാരെയും റീട്ടെയിലർമാരെയും വിവരം അറിയിക്കുകയും മരുന്നുകൾ ശേഖരിച്ച് തിരികെ അയക്കാനുള്ള സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്.

ഉപഭോക്താക്കൾക്ക് കൂടുതൽ വിവരങ്ങൾക്കായി 1-844-874-7464 എന്ന ഹെൽപ്പ് ലൈൻ നമ്പറിലോ pv@risingpharma.com, qa@risingpharma.com എന്നീ ഇമെയിൽ വിലാസങ്ങളിലോ കമ്പനിയെ നേരിട്ട് ബന്ധപ്പെടാം. ഈ മരുന്ന് കഴിച്ച് അസ്വസ്ഥതകൾ അനുഭവപ്പെട്ടവർ ഉടൻ തന്നെ ഡോക്ടറുടെ സേവനം തേടേണ്ടതാണ്.

## റീ...പോളിംഗ്




*രൂക്ഷവിമർശനവുമായി ഹൈക്കോടതി. റാമിനെ രക്ഷിക്കാൻ പോലീസിൽ ഗൂഢാലോചന*


Swami Amritaswarupananda's
US TOUR 2026
Across Waves to Wonders
Karma and the Hanuman Within
Youth Retreat: Fri, Aug 7th
Retreat: Sat - Sun, Aug 8th - 9th
Public Program: Sat, Aug 8th
Spiritual Talks, Devotional Music,
Meditation, Yoga, Q&A, & More
AMMA
MA CENTER CHICAGO
41W501 Keslinger Rd
Elburn, IL 60119
macc.retreats@macenters.org
630-387-5077 | na.amma.org/chicago
Scan to learn more/sign up



# ഷിക്കാഗോ സെന്റ് മേരീസിൽ ഇടവക ദിനം അവിസ്മരണീയമായി

ഷിക്കാഗോ: മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കാതോലിക്ക ദേവാലയത്തിലെ ഇടവക ദിനം കർദ്ദിനാൾ ജോർജ് കൂവക്കാടിന്റെ സാന്നിധ്യംകൊണ്ടും ഭക്തി നിർഭരമായ തിരുക്കർമ്മങ്ങൾകൊണ്ടും മറ്റ് നിരവധി പരിപാടികൾ കൊണ്ടും അവിസ്മരണീയമായി.

വത്തിക്കാനിലെ മതാന്തര സംവാദങ്ങളുടെ കാര്യാലയത്തിന്റെ തലവനും മാർപ്പാപ്പയുടെ യാത്രകളുടെ കോർഡിനേറ്ററും മലയാളിയുമായ കർദ്ദിനാൾ ജോർജ് കൂവക്കാട് ആയിരുന്നു ഈ വർഷത്തെ ഇടവക ദിനത്തിന്റെ മുഖ്യ അതിഥി. ജൂലൈ 12 ഞായറാഴ്ച രാവിലെ 9:45 ന് മുത്തുക്കുടകളുടെയും ചെണ്ട മേളത്തിന്റെയും ഒപ്പം വെള്ള വസ്ത്രം അണിഞ്ഞ കുട്ടികളുടെയും മറ്റ് ഇടവക ജനത്തിന്റെയും നേതൃത്വത്തിൽ കർദ്ദിനാളിനു ഔദ്യോഗികമായ വരവേൽപ്പ് നൽകി. അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര ഷാൾ നൽകിയും, ട്രസ്റ്റീ മെജോ കുന്നശ്ശേരിബൊക്കെയും വികാരി ഫാ. സിജോ മുടക്കോടിൽ കത്തിച്ച തിരിയും നൽകി കർദിനാളിന്റെ ദേവാലയത്തിലേക്ക് ആനയിച്ചു. തുടർന്നു കർദ്ദിനാളിന്റെ മുഖ്യ കാർമ്മികത്വത്തിൽ വി. കുർബാന അർപ്പിച്ചു. ക്നാനായ റീജിയൻ ഡയറക്ടറും വികാരി ജനറാളുമായ ഫാ. തോമസ് മുളവനാൽ, സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാഫൊറോനാവികാരിഫാ. അബ്രഹാം കളരിക്കൽ, ധ്യാനഗുരു ഫാ. ജോസഫ് പുത്തൻപുര, ഫാ. ജെറിൻ ക്ലാക്കീൽ, ഫാ. അനീഷ് മാവേലിപുത്തൻപുര എന്നിവർ സഹ കാർമ്മികരായിരുന്നു. ബലി മദ്ധ്യേ നൽകിയ വചന സന്ദേശത്തിൽ കർദ്ദിനാൾ ദൈവം 12 ശ്ലീഹന്മാരെപ്പോലെ എളിയവരിലൂടെയാണ് സഭയെ നടത്തുന്നതെന്നും സഹായം ആവശ്യമായവർക്കു താങ്ങായി പ്രവർത്തിക്കുവാൻ ഇടവകക്ക് സാധിക്കട്ടെ എന്ന് പ്രത്യാശിച്ചു.

കുർബ്ബാനക്ക് ശേഷം ഇടവകയുടെ പതിനാറാം സ്ഥാപക ദിനത്തോടനുബന്ധിച്ചുള്ള ഇടവക ദിനത്തിന്റെ പൊതു സമ്മേളനം നടന്നു. വികാരി ഫാ. സിജു മുടക്കോടിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. ഫാ. തോമസ് മുളവനാൽ, ഫാ. അബ്രഹാം കളരിക്കൽ, ഫാ. ജോസഫ് പുത്തൻപുര എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. കർദ്ദിനാൾ ജോർജ് കൂവക്കാട് തന്റെ മറുപടി പ്രസംഗത്തിൽ 16 വർഷത്തെ ഇടവകയുടെ പ്രവർത്തനങ്ങളെ അനുമോദിക്കുകയും അന്നേ ദിവസം ആദരിക്കപ്പെടുന്ന ദമ്പതികളെയും ഗ്രാജുവേറ്റ്സിനെയും മറ്റ് ഭാരവാഹികളെയും അഭിനന്ദിക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹം അവർക്കു പ്രത്യേകം ആശീർവാദവും നൽകി. തുടർന്ന് നവ ദമ്പതികൾക്കും വിവാഹത്തിന്റെ 25, 50 വാർഷികം ആഘോഷിക്കുന്നവർക്കും 50 വർഷത്തിൽ കൂടുതൽ വിവാഹിതരായ ദമ്പതികൾക്കും ഈ വർഷത്തെ ഗ്രാജുവേറ്റ്സിനും ഇടവകയുടെ ഉപഹാരങ്ങൾ സമ്മാനിച്ചു. ഇടവകയുടെ നിലവിലുള്ളതും മുൻ വർഷങ്ങളിലെയും ഭാരവാഹികളെയും ഗായക സംഘത്തെയും അൾത്താര ശുശ്രൂഷികളെയും ആദരിച്ചു. യൂത്ത് ട്രസ്റ്റി ഫെലിക്സ് പാലകൻ ഏവർക്കും നന്ദി അർപ്പിച്ചു. ഫാ. അനീഷ് മാവേലിപുത്തെൻപുര, റോയി ചേലമല എന്നിവർ യോഗം നിയന്ത്രിച്ചു. തുടർന്ന് ക്നാനായ പാരമ്പര്യപ്രകാരമുള്ള ഉച്ചഭക്ഷണത്തോടെ പരിപാടികൾ സമാപിച്ചു.

ട്രസ്റ്റിമാരായ സേവ്യർ നടുപറമ്പിൽ, സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കുന്നശ്ശേരി, ഫെലിക്സ് പാലകൻ, സിസ്റ്റർ ശാലോം, സിസ്റ്റർ ജസ്സിന, സെക്രട്ടറി സണ്ണി മേലേടം, സജി പുതുക്കയിൽ, ബിജു പൂത്തുറ, അലക്സ് മുല്ലപ്പള്ളി, ഫിലിപ്പ് പുത്തൻപുര, ജയാ കുളങ്ങര, റെജിമോൾ വെള്ളൂർ, ലിസ്സി മുല്ലപ്പള്ളി, ബിനു ഇടകര, ജോബിൽ ചോരത്ത് എന്നിവരും നിരവധി വോളന്റിയേഴ്സും പരിപാടികളുടെ വിജയത്തിനായി പ്രവർത്തിച്ചു.

ഡൊമിനിക് ചൊള്ളമ്പേൽ ഫോട്ടോഗ്രാഫിയും സാജു കണ്ണമ്പള്ളി ക്നാനായ വോയ്സിലൂടെ തത്സമയ സംപ്രേഷണവും കൈകാര്യം ചെയ്തു.

*റോയി ചേലമലയിൽ*

# ഷിക്കാഗോ മലയാളി അസോസിയേഷൻ വിദ്യാഭ്യാസ അവാർഡിന് അപേക്ഷകൾ ക്ഷണിക്കുന്നു

ഷിക്കാഗോ: ഷിക്കാഗോ മലയാളി അസോസിയേഷൻ, ഓണാഘോഷത്തോടനുബന്ധിച്ച് എല്ലാ വർഷവും നൽകി വരുന്ന വിദ്യാഭ്യാസ അവാർഡിന് അപേക്ഷകൾ ക്ഷണിക്കുന്നു. ഈ വർഷം (2026) ഹൈസ്കൂൾ ഗ്രാജുവേറ്റായ (12വേ ഗ്രേഡ്) കുട്ടികളിൽ ഏറ്റവും മികച്ച നിലവാരം പുലർത്തിയഷിക്കാഗോമലയാളിഅസോസിയേഷൻ അംഗങ്ങളുടെ കുട്ടികൾക്കാണ് അവാർഡുകൾ സമ്മാനിക്കുക.

2026 ഓഗസ്റ്റ് 14ന് മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ ചർച്ച് ഓഡിറ്റോറിയത്തിൽ നടക്കുന്ന ഓണാഘോഷ വേദിയിൽ വച്ച് അവാർഡുകൾ വിതരണം ചെയ്യും. അവാർഡിനായി അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ സ്കൂൾ ട്രാൻസ്ക്രിപ്റ്റ്, മറ്റ് ഏതെങ്കിലും മേഖലകളിൽ മികവ് പുലർത്തിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ എന്നിവയുടെ കോപ്പികൾ എന്നിവ സഹിതം 2026 ജൂലൈ 31 നകം bijumundakkal@yahoo.com, achen.mathew@gmail.com എന്നീ ഇമെയിൽ അഡ്രസുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ജോസ് മണക്കാട്ട് (പ്രസിഡന്റ്) 847-830-4128, ബിജു മുണ്ടക്കൽ (സെക്രട്ടറി) 773-673-8820, അച്ചൻകുഞ്ഞ് മാത്യു (ട്രഷറർ) 847-912-2578

# ഫൊക്കാന കലഹാരി കൺവൻഷനിൽ റൂം കിട്ടാതെ വന്നവർക്ക് കൺവെൻഷനിൽ പങ്കെടുക്കാൻ സുവർണ്ണ അവസരം

ന്യൂയോർക്ക്: ഫൊക്കാന കലഹാരി കൺവൻഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് ഡേ പാസ് സംവിധാനം ഒരുക്കിയതായി പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.

കലഹാരി റിസോർട്ടിലെ താമസ മുറികൾ മുഴുവൻ 8 മാസങ്ങൾക്ക് മുൻപ് തന്നെ ബുക്ക് സോൾഡ് ഔട്ട് ആയി കഴിഞ്ഞു. അടുത്തുള്ള ഹിൽട്ടൺ ഹോട്ടലിൽ ബുക്ക് ചെയ്ത നൂറു റൂമുകൾ തീരുകയും ചെയ്ത സഹ്യചാരത്തിൽ ഇനിയും പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് വേണ്ടിയാണ് സംഘടകർ ഈ സുവർണ്ണാവസരം ഒരുക്കുന്നത്.

ഇത് ജൂലൈ 30 വരെ ഫസ്റ്റ് കം ഫസ്റ്റ് എന്ന രീതിയിൽ ആയിരിക്കും സെർവ് ചെയ്യുന്നത്. താമസം ഒഴികെയുള്ള കൺവൻഷനിലെ എല്ലാ സൗകര്യങ്ങളും തരപ്പെടുത്തികൊണ്ട് ഡേ പാസ് രജിസ്ട്രേഷൻ നടപ്പിലാക്കുന്നത്. കൺവെൻഷന്റെ രജിസ്ട്രേഷൻ സോൾഡ് ഔട്ട് ആയതുമുതൽ പല പ്രവർത്തകരിൽ നിന്നുള്ള അഭ്യർത്ഥനയെ മാനിച്ചാണ് ഡേ പാസ് സൗകര്യം ഒരുക്കുന്നത്.

പങ്കെടുക്കുന്നവർക്ക് ഭക്ഷണം, സെമിനാറുകൾ, കലാപരിപാടികൾ, കുടുംബസംഗമങ്ങൾ, സ്റ്റേജ് ഷോകൾ, അവാർഡ് നൈറ്റുകൾ തുടങ്ങി കൺവൻഷന്റെ വിവിധ പരിപാടികളിൽ പങ്കെടുക്കാൻ ഡേ പാസ് ഉടമകൾക്ക് അവസരമുണ്ടാകും.

ഒരു ദിവസത്തേക്ക് മാത്രം പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്കും മുഴുവൻ ദിവസവും കൺവൻഷൻ അനുഭവിക്കാനാണ് ഈ സംവിധാനം. രജിസ്ട്രേഷൻ നിരക്ക് ദിവസാടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളത്:

ഈവന്റ് റെജിസ്ട്രേഷൻ: 500 ഡോളർ (മൂന്നുദിവസവും) ഒരു ദിവസത്തേക്ക് മാത്രം മതിയെങ്കിൽ

**ഒന്നാം ദിവസം: 150ഡോളർ (8/06/26)**
**രണ്ടാം ദിവസം: 300 ഡോളർ (08/07/26)**
**മൂന്നാം ദിവസം: 350ഡോളർ (08/08/26)**

താഴെ കാണുന്ന ലിങ്കിൽ നിന്നും ഡേ പാസുകളും ഗിന്നസ്സ് വേൾഡ് റെക്കോർഡ് പാസ്സുകളും വാങ്ങാവുന്നതാണ്.
https://fokana.ticketspice.com/convention

താമസ സൗകര്യം ഒഴികെ കൺവൻഷന്റെ എല്ലാ പ്രധാന പരിപാടികളിലും പങ്കുചേരാൻ ആഗ്രഹിക്കുന്നവർ ഡേ പാസ് രജിസ്ട്രേഷൻ പ്രയോജനപ്പെടുത്തണമെന്ന് സംഘാടകർ അഭ്യർത്ഥിച്ചു.

*ശ്രീകുമാർ ഉണ്ണിത്താൻ*



# ഫോമാ പ്രസിഡന്റ് സ്ഥാനത്തേക്ക് ബിജു തോണിക്കടവിലിനെ നവകേരള മലയാളി അസോസിയേഷൻ ഓഫ് സൗത്ത് ഫ്ളോറിഡ എൻഡോഴ്സ് ചെയ്തു

ഫ്ളോറിഡ: ഫോമായുടെ 2026–28 ഭരണ സമിതിയിലേയ്ക്ക് പ്രസിഡന്റ് സ്ഥാനാർത്ഥിയായി മൽസരിക്കുന്ന ബിജു തോണിക്കടവിലിനെ ഫ്ളോറിഡയിലെ ജനപ്രിയ സംഘടനയായ നവകേരള മലയാളി അസോസിയേഷൻ ഓഫ് സൗത്ത് ഫ്ളോറിഡ എൻഡോഴ്സ് ചെയ്തു. സൺഷൈൻ മുൻ ആർ.വി.പിയും കേരള അസോസിയേഷൻ ഓഫ് പാം ബീച്ചിന്റെ മുൻ പ്രസിഡന്റുമായിരുന്ന ബിജു തോണിക്കടവിൽ ഫോമായുടെ വിവിധ നേതൃപദവികളിൽ പ്രവർത്തിച്ച് അമേരിക്കൻ മലയാളികളുടെ ഏറെ പ്രശംസകൾ ഏറ്റുവാങ്ങിയ വ്യക്തിയാണെന്നും അദ്ദേഹം ഫോമായുടെ പ്രസിഡന്റായി വരുന്നത് നമ്മുടെ അസോസിയേഷനും സൗത്ത് ഫ്ളോറിഡയിലെ മലയാളികൾക്കും തികച്ചും അഭിമാനകരമാണെന്നും ബിജുവിനെ നവകേരള മലയാളി അസോസിയേഷൻ ഓഫ് സൗത്ത് ഫ്ളോറിഡ ഏകകണ്ഠമായി എൻഡോഴ്സ് ചെയ്യുന്നുവെന്നും പ്രസിഡന്റ് കുര്യൻ വർഗീസ് അറിയിച്ചു. യോഗത്തിൽ ഷാന്റി വർഗ്ഗീസിനെ സൺഷൈൻ റീജിയൺ വൈസ് പ്രസിഡന്റായും എൻഡോഴ്സ് ചെയ്തിട്ടുണ്ട്.

ഫിലപ്പ് ചാമത്തിൽ പ്രസിഡന്റായി പ്രവർത്തിച്ച കാലഘട്ടത്തിൽ കേരളത്തിലുണ്ടായ വെള്ളപ്പൊക്കക്കെടുതി മുതൽ ജീവകാരുണ്യ പ്രവർത്തനരംഗത്ത് ഫോമായ്ക്കൊപ്പം അഹോരാത്രം പ്രവർത്തിച്ച ആർ.വി.പി എന്ന നിലയിൽ ഫോമാ വില്ലേജിന് ബിജു തോണിക്കടവിൽ നൽകിയ സംഭാവനകൾ വിലപ്പെട്ടതായിരുന്നു. തുടർന്ന് അനിയൻ ജോർജ് പ്രസിഡന്റായ സമയത്ത് ജേയിന്റ് ട്രഷററായി നടത്തിയ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടു. പിന്നീട് ഡോ. ജേക്കബ് തോമസ് പ്രസിഡന്റായ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഫോമയുടെ ട്രഷററായി ബിജു നടത്തിയ സംഘടനാ പ്രവർത്തനങ്ങൾ പ്രവാസി സംഘടനകൾക്ക് മാതൃകയായി. കേരളാ കൺവൻഷൻ, കാൻ കുൺ കൺവൻഷൻ, കൂടാതെ ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ പുന്റ്ക്കാനയിൽ വച്ചു നടന്ന ഇന്റർനാഷണൽ ഫാമിലി കൺവൻഷൻ എന്നിവ ഏറ്റവും ഭംഗിയായി സംഘടിപ്പിക്കുവാൻ കഴിഞ്ഞു. 2024ൽ അധികാരം കൈമാറുമ്പോൾ 88,856 ഡോളർ മിച്ചം വെച്ച് ഫോമയെ പുതിയ ടീമിനെ ഏൽപ്പിച്ച ട്രഷറർ എന്ന ഖ്യാതി ബിജു തോണിക്കടവിലിന് സ്വന്തമാണെന്ന് കുര്യൻ വർഗീസ് വ്യക്തമാക്കി. അതേസമയം, ഷാന്റി വർഗ്ഗീസ് നവകേരളാ അസോസിയേഷൻ ഓഫ് സൗത്ത് ഫ്ളോറിഡയുടെ മുൻ പ്രസിഡന്റും, ഇപ്പോഴത്തെ ബോർഡ് ഓഫ് ട്രസ്റ്റീസ് അംഗവുമാണ്. ബിജു തോണിക്കടവിലിനെയും അദ്ദേഹം നേതൃത്വ നൽകുന്ന ടീം വോയ്സ് ഓഫ് ഫോമാ അംഗങ്ങളെയും, ഒപ്പം ഷാന്റിയെയും എൻഡോർസ് ചെയ്യുന്നതായി സംഘടനയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ രാജൻ ജോർജ്, ബിജോയ് ജോസഫ്, ഗോപൻ നായർ, എമേഴ്സൺ ചാലിശ്ശേരി, കുര്യാക്കോസ് പൊടിമറ്റം, എക്സ് ഒഫീഷ്യോ എലിയാസ് പനങ്ങയിൽ, ഡയറക്ടർ ബോർഡ് അംഗങ്ങളായ ബിജോയ് സേവ്യർ, സജോ പെല്ലിശേരി എന്നിവർ ഐകകണ്ഠ്യേന അംഗീകരിച്ചതാണെന്നും പ്രസിഡന്റ് കുര്യൻ വർഗീസ് അറിയിച്ചു.



# നിറങ്ങൾ മാറിയെങ്കിലും... വിശ്വാസത്തിന് ഇന്നും ഒരേ നിറം ... പുളിമൂട്ടിൽ സിൽക്സ്

ഒരു വസ്ത്രം തിരഞ്ഞെടുക്കുമ്പോൾ ആളുകൾ അന്വേഷിക്കുന്നത് നിറവും ഡിസൈനും മാത്രമല്ല, ആ വസ്ത്രത്തോടൊപ്പം ലഭിക്കുന്ന വിശ്വാസവും കരുതലുമാണ്. അതുകൊണ്ടാണ് ചില സ്ഥാപനങ്ങൾ ഒരു സ്ഥാപനമായി മാത്രം നിൽക്കാതെ തലമുറകളുടെ ഓർമ്മകളുടെ ഭാഗമായി മാറുന്നത്. മലയാളികളുടെ മനസ്സിൽ അത്തരമൊരു സ്ഥാനമാണ് ഒരു നൂറ്റാണ്ടിലേറെയായി പുളിമൂട്ടിൽ സിൽക്സ് സ്വന്തമാക്കിയിരിക്കുന്നത്.

1961ൽ ഉദയംപേരൂരിൽ നിന്ന് തൊടുപുഴയിലേക്ക് കുടിയേറിയ ചാക്കോ ഔസേഫ് കണ്ട സ്വപ്നത്തിന് ഇന്ന് 102 വർഷങ്ങളുടെ നിറമാണ്. 1924ൽ ആരംഭിച്ച ഒരു ചെറിയ ജൗളിക്കടയിൽ വിതച്ച വിശ്വാസത്തിന്റെ വിത്ത് ഇന്ന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി ശാഖകൾ വിരിച്ച പുളിമൂട്ടിൽ സിൽക്സ് എന്ന മഹാവൃക്ഷമായി വളർന്നിരിക്കുന്നു.




### കാലം മാറി... മൂല്യങ്ങൾ മാറിയില്ല

ഫാഷൻ മാറി, ജീവിതശൈലി മാറി, ഉപഭോക്താക്കളുടെ പ്രതീക്ഷകൾ മാറി, എന്നാൽ ഗുണനിലവാരത്തിലും ആത്മാർത്ഥമായ സേവനത്തിലും ഉപഭോക്താവുമായുള്ള ബന്ധത്തിലും പുളിമൂട്ടിൽ സിൽക്സ് ഇന്നും അതേ മൂല്യങ്ങളാണ് പിന്തുടരുന്നത്. അതാണ് ഈ സ്ഥാപനത്തിന്റെ യഥാർത്ഥ പാരമ്പര്യവും ഏറ്റവും വലിയ ശക്തിയും.

### പാരമ്പര്യവും പുതുമയും കൈകോർക്കുമ്പോൾ

ഇന്ന് തൊടുപുഴ, കോട്ടയം, കൊല്ലം, തിരുവല്ല, പാലാ, കൊച്ചി, അടൂർ എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന പുളിമൂട്ടിൽ സിൽക്സിന്റെ എല്ലാ ഷോറൂമുകളും സ്ഥാപകൻ ചാക്കോ ഔസേഫിന്റെ ചെറുമക്കളുടെ നേതൃത്വത്തിലാണ് മുന്നേറുന്നത്. അതേപടി കാത്തുസൂക്ഷിച്ചുകൊണ്ട്, പുതിയ തലമുറയുടെ ദീർഘദർശനവും ആധുനിക വ്യാപാരരീതികളും സാങ്കേതികവിദ്യയും കൂട്ടിച്ചേർത്ത് ബ്രാൻഡിനെ കൂടുതൽ ഉയരങ്ങളിലേക്ക് അവർ നയിക്കുകയാണ്.

### വിശ്വാസത്തിന്റെ തിരിച്ചുവരവ്

ഒരു കുടുംബത്തിലെ ആദ്യ വിവാഹത്തിനായി പുളിമൂട്ടിൽ സിൽക്സിൽ എത്തിയവർ പിന്നീട് മക്കളുടെ വിവാഹത്തിനും കൊച്ചുമക്കളുടെ ആദ്യ ഓണത്തിനുമുള്ള വസ്ത്രങ്ങൾ വാങ്ങാനും വീണ്ടും അതേ സ്ഥാപനത്തിലേക്ക് എത്തുന്നു. ഈ തിരിച്ചുവരവിന് കാരണം വലിയ പരസ്യങ്ങളോ ഓഫറുകളോ അല്ല. തലമുറകളിലൂടെ കൈമാറപ്പെട്ട വിശ്വാസമാണ്.

### ഒരു സ്ഥാപനമല്ല ... ഒരു കുടുംബം

102 വർഷങ്ങളുടെ ഈ യാത്രയിൽ 2000-ത്തിലധികം ജീവനക്കാർ പുളിമൂട്ടിൽ സിൽക്സ് കുടുംബത്തിന്റെ ഭാഗമായി മാറിയിട്ടുണ്ട്. ഇന്ന് പുളിമൂട്ടിൽ സിൽക്സ് ഒരു വ്യാപാരസ്ഥാപനം മാത്രമല്ല, ആയിരക്കണക്കിന് കുടുംബങ്ങളുടെ ഉപജീവനത്തിനും സ്വപ്നങ്ങൾക്കും കരുത്തേകുന്ന ഒരു പ്രസ്ഥാനമാണ്.

### ഓരോ ആഘോഷത്തിനും അനുയോജ്യമായത്

വിവാഹ പട്ടുകൾ മുതൽ ആഘോഷ വസ്ത്രങ്ങൾ വരെ... കേരളീയ പാരമ്പര്യം മുതൽ ആഗോള ഫാഷൻ ട്രെൻഡുകൾ വരെ... കുടുംബത്തിലെ ഓരോ അംഗത്തിനും അനുയോജ്യമായ മികച്ച തിരഞ്ഞെടുപ്പുകൾ ഒരേ കുടക്കീഴിൽ ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് പുളിമൂട്ടിൽ സിൽക്സ് മുന്നേറുന്നത്. ഗുണനിലവാരത്തിൽ വിട്ടുവീഴ്ച ചെയ്യാതെ ഓരോ ഉപഭോക്താവിനും സന്തോഷകരമായ ഷോപ്പിംഗ് അനുഭവം സമ്മാനിക്കുക എന്നതാണ് എന്നും സ്ഥാപനത്തിന്റെ പ്രതിബദ്ധത.

'ഒരു സ്ഥാപനത്തിനെ വിജയത്തിലേക്കക്ക് നയിക്കുന്നത് പുതിയ ഷോറൂമുകളുടെ എണ്ണം അല്ല... അത് വീണ്ടും വീണ്ടും തിരിച്ചെത്തുന്ന ഉപഭോക്താക്കളാണ്... ആ തിരിച്ചുവരവാണ് പുളിമൂട്ടിൽ സിൽക്സിന്റെ ഏറ്റവും വലിയ അംഗീകാരം'

പരേതരായ ഷെ. ഔസേപ്പ് ചാക്കോ പുളിമൂട്ടിൽ & ഔസേഫ് ജോൺ പുളിമൂട്ടിൽ (ഞങ്ങളുടെ മാർഗ്ഗദർശകർ)

# ഷിക്കാഗോ മലയാളി അസോസിയേഷന്റെ നേതൃത്വത്തിൽ എൻ.കെ. ലൂക്കോസ് മെമ്മോറിയൽ നാഷണൽ വോളിബോൾ ടൂർണമെന്റ് സെപ്തംബർ 5ന്



ഷിക്കാഗോ: ഷിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 19-ാമത് എൻ.കെ. ലൂക്കോസ് മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ് സെപ്തം. 5-ാം തീയതി ഇല്ലിനോയിസിലെ ബെൻസൺ വില്ലയിലുള്ള എനർജി സ്പോർട്സ് കോംപ്ലക്സിൽ വച്ച് രാവിലെ 9 മണിക്ക് തുടക്കം കുറിക്കുന്നു. ഈ നാഷണൽ ടൂർണമെന്റിന്റെ ചെയർമാനായി ജിനു പുന്നശ്ശേരി, ജനറൽ കൺവീനറായി മാത്യു തട്ടാമറ്റത്തിനെയും, കൺവീനറായി ജോഷി പുത്തൂരാനെയും തെരഞ്ഞെടുത്തു. ഷിക്കാഗോ മലയാളി സമൂഹം ഒന്നടങ്കം കാത്തിരിക്കുന്ന ഈ കായിക മാമാങ്കത്തിനെ നയിക്കാൻ ഏറ്റവും കഴിവുറ്റ നേതൃത്വനിരയിലുള്ളവരെയാണ് ഷിക്കാഗോ മലയാളി അസോസിയേഷൻ തെരഞ്ഞെടുത്തിരിക്കുന്നത്. നോർത്ത് അമേരിക്കൻ മലയാളി സമൂഹത്തിലെ വളർന്നുവരുന്ന വോളിബോൾ കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനാണ് ഷിക്കാഗോ മലയാളി അസോസിയേഷൻ ഈ ടൂർണമെന്റിന് നേതൃത്വം നൽകുന്നത്. ഇതിനോടകം വലിയൊരു ജനപിന്തുണയാണ് ഈ സംഘാടകസമിതിക്ക് കിട്ടിയിരിക്കുന്നത്. ടൂർണമെന്റിന്റെ വിജയത്തിനായി നിങ്ങളോരോരുത്തരുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു.



അച്ചായൻസ് ഗോൾഡിന്റെ 47-ാം ഷോറൂം പിറവം മുള്ളൂർപ്പടി കാലാപ്പറമ്പത്ത് ബിൽഡിങ്ങിൽ സിഇഒയും മാനേജിങ് ഡയറക്ടറുമായ ടോണി വർക്കിച്ചനും ജനറൽ മാനേജർ ഷിനിൽ കുര്യനും ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു



പലരും പലതും 21

# ജയിൽ ജനാധിപത്യം


ഡോ. സെബാസ്റ്റ്യൻ പോൾ

വീണ്ടേടം വിഷ്ണുലോകം; പാപി ചെല്ലുന്നേടം പാതാളം എന്നിങ്ങനെ പഴഞ്ചൊല്ലുകളുടെ കൂട്ടത്തിലേക്ക് ഹൈക്കോടതിയുടെ സംഭാവനയാണ് മേയർ ഇരിക്കുന്നിടം കൗൺസിൽ ഹാൾ എന്നത്. മജിസ്ട്രേറ്റ് ഇരിക്കുന്നിടം കോടതി എന്നത് പഴഞ്ചൊല്ലല്ല, നിയമപരമായി സാധുവായ വസ്തുതയാണ്. ഫലിതം പറയുന്ന പിതാവിന്റെ ഫലിതം ആസ്വദിക്കുന്ന പുത്രനാണ് സഹൃദയനായ ജസ്റ്റിസ് പി.വി. കുഞ്ഞിക്കൃഷ്ണൻ. വികലമായ സത്യപ്രതിജ്ഞ അസാധുവാക്കപ്പെട്ടതോടെ പുനഃസത്യപ്രതിജ്ഞയ്ക്കു പോകാനാകാതെ ജയിലിൽ കഴിയുന്ന കൗൺസിലറോട് സത്യപ്രതിജ്ഞ ജയിലിലായിക്കൂടേ എന്ന ചോദ്യം അദ്ദേഹത്തിന്റെ സ്വതഃസിദ്ധമായ ഫലിതോക്തിയായാണ് ആദ്യം കരുതിയത്. ഫലിതം പറയുന്നവർ ഗൗരവത്തിൽ എന്തെങ്കിലും ചെയ്യുമ്പോൾ അതിലെ അപകടം പെട്ടെന്ന് തിരിച്ചറിയില്ല. ഗൗണിട്ട കുതിരവട്ടം പപ്പുവിനെ അനുസ്മരിപ്പിച്ചുകൊണ്ട് തിരുവനന്തപുരത്തുനിന്ന് മേയർ വി.വി. രാജേഷ് ഔദ്യോഗിക വേഷത്തിൽ വിയ്യൂർ സെൻട്രൽ ജയിലിലെത്തിയപ്പോൾ ജസ്റ്റിസ് കുഞ്ഞിക്കൃഷ്ണന്റെ ഫലിതം പൂർണമായി. തടവുകാരനായ കൗൺസിലർക്കുവേണ്ടി കൗൺസിൽ ഹാൾ മറ്റൊരു ജില്ലയിലെ ജയിലിൽ പുനരാവിഷ്കരിച്ചതുപോലെ ഇനിയും പല സന്ദർഭങ്ങളിലും പലർക്കുവേണ്ടിയും പല ആവിഷ്കാരങ്ങളും നടത്തേണ്ടിവരും. തുള്ളാൻ തുടങ്ങിയാൽ കോടതിയാണെങ്കിലും ഏതു താളത്തിനൊത്തും തുള്ളേണ്ടിവരും.

രജിസ്റ്ററുമായി രജിസ്ട്രാർ വേണ്ടപ്പെട്ടവർ വിളിക്കുന്ന ഇടത്തേക്ക് പോകുന്ന കാഴ്ച സിനിമയിൽ കാണാറുണ്ട്. നഷ്ടപ്പെടാൻ പാടില്ലാത്ത രജിസ്റ്റർ എന്തുറപ്പിലാണ് രജിസ്ട്രാർ ചുമന്നുകൊണ്ട് നടക്കുന്നതെന്നറിയില്ല. ജസ്റ്റിസ് കുഞ്ഞിക്കൃഷ്ണന്റെ ഉത്തരവ് സാമാന്യവത്കരിക്കപ്പെട്ടാൽ തടവുകാർക്ക് അനുദിനവ്യാപാരങ്ങൾ ജയിലിൽ കിടന്നുകൊണ്ട് നടത്താൻ കഴിയും. സ്വാതന്ത്ര്യത്തിന്റെ താത്കാലികമായ നിഷേധമാണ് തടവ്. ആ അവസ്ഥയിൽ സ്വതന്ത്രമായി വിഹരിക്കാൻ കഴിയുന്നത് ഭാവനയ്ക്കു മാത്രമാണ്. രചനയ്ക്ക് ജയിലിൽ തടസമില്ല. ജയിലിൽ എഴുതപ്പെട്ട പുസ്തകങ്ങൾ നിരവധിയാണ്. മാവോവാദി നേതാവ് രൂപേഷ് ജയിലിൽ രണ്ട് നോവലുകൾ എഴുതി പ്രസിദ്ധീകരിച്ചു. മാവോയിസ്റ്റ്, ബന്ധിതരുടെ ഓർമക്കുറിപ്പുകൾ എന്നിവ അനുയോജ്യമായ




ശീർഷകങ്ങളാണ്. ജവഹർലാൽ നെഹ്റുവിന്റെ വിശിഷ്ടമായ കൃതികൾ തടവറയിൽ രൂപംകൊണ്ടവയാണ്. എഴുത്തുകാർക്ക് മാത്രമാണോ ഈ സ്വാതന്ത്ര്യം അവകാശപ്പെടാവുന്നത്? അഭിനയം സർഗാത്മകമായ പ്രവർത്തനമാണ്. ജയിൽവാസം അവകാശമായി ചോദിച്ചുവാങ്ങുന്നവരെ ചലച്ചിത്ര രംഗത്ത് ധാരാളമായി കാണുന്നുണ്ട്. അവർക്കുവേണ്ടി ജയിലിൽ സെറ്റൊരുക്കാൻ സൂപ്രണ്ടിനു നിർദേശം ലഭിക്കുമോ? സ്വാതന്ത്ര്യത്തിന്റെ നിഷേധത്തിൽ ചലനസ്വാതന്ത്ര്യം മാത്രമല്ല ഉൾപ്പെടുന്നത്. ജയിലിലേക്ക് പ്രവേശിക്കുന്ന തടവുകാരൻ കൈവശമുള്ള വസ്തുക്കൾക്കൊപ്പം അവകാശങ്ങൾ സൂപ്രണ്ടിന് അടിയറ വയ്ക്കുന്നില്ലെന്ന് ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ പറഞ്ഞിട്ടുള്ളതിനെ പരിമിതമായി വ്യാഖ്യാനിച്ചാൽ മതിയാകും.

വോട്ട് ചെയ്യുന്നതിനുള്ള അവകാശവും തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനുള്ള അവകാശവും ഇപ്പോൾ ഭരണഘടനാപരമായ അവകാശമായി കണക്കാക്കപ്പെടുന്നു. ഭരണഘടനയിൽ ഒൻപതാം പട്ടിക ചേർക്കപ്പെട്ടതിനുശേഷമുള്ള അവസ്ഥയാണിത്. പാർലമെന്ററി ജനാധിപത്യം ഭരണവ്യവസ്ഥയായി സ്വീകരിച്ച രാജ്യത്ത് വോട്ട് ചെയ്യുന്നതിനുള്ള അവകാശവും സ്ഥാനാർത്ഥിയാകുന്നതിനുള്ള അവകാശവും മൗലികാവകാശമായി കണക്കാക്കുന്നില്ല. മത്സരിച്ച് ജയിച്ചാൽത്തന്നെ പല വിധത്തിലുള്ള അയോഗ്യതകളാൽ പദവി നഷ്ടപ്പെടുന്ന സാഹചര്യമുണ്ട്. ഇന്ദിര ഗാന്ധിയും രാഹുൽ ഗാന്ധിയും കോടതി ഉത്തരവുകളിലൂടെ അയോഗ്യരാക്കപ്പെട്ടവരാണ്. പ്രധാനമന്ത്രിക്കും പ്രതിപക്ഷനേതാവിനും സംഭവിക്കുന്നത് രാജ്യത്തെ മുഴുവൻ ബാധിക്കും. അലഹബാദ് ഹൈക്കോടതിയിലെ ഒരു ജഡ്ജി നൽകിയ വിധിയാണ് 1975ൽ അടിയന്തരാവസ്ഥയ്ക്ക് പ്രേരണയായത്. കോർപ്പറേഷൻ കൗൺസിലർക്ക് സംഭവിക്കുന്ന അയോഗ്യത വലിയ കേടിനു കാരണമാകുന്നില്ല. സുഗതന്റെ അയോഗ്യത ഒരു പക്ഷേ രാജേഷിന്റെ മേയർ സ്ഥാനത്തെ ബാധിച്ചേക്കാം. അത് കോടതിയുടെ ഉത്കണ്ഠയല്ല. കേവലഭൂരിപക്ഷത്തിന് നിർണായകമായ വോട്ടുമായി ഒരു കൗൺസിലർ വിദൂരമായ പട്ടണത്തിലെ ജയിലിൽ കിടക്കുമ്പോൾ മേയറുടെ കസേര ഇളകിക്കൊണ്ടിരിക്കും. സത്യപ്രതിജ്ഞ ക്രമപ്രകാരമാക്കിയെങ്കിലും കൗൺസിൽ യോഗത്തിലെ തുടർച്ചയായ അസാന്നിധ്യം അയോഗ്യതയ്ക്ക് കാരണമാകും. അതൊഴിവാക്കാൻ കൗൺസിൽ യോഗം ഇടയ്ക്കിടെ വിയ്യൂർ ജയിലിൽ നടത്താൻ ഉത്തരവുണ്ടാകുമോ? കൗൺസിലറെ കാണാൻ മുന്നൂറ് കിലോമീറ്റർ യാത്ര ചെയ്ത് സെൻട്രൽ ജയിലിനു മുന്നിൽ അനുവാദത്തിനായി കാത്തുനിൽക്കേണ്ടി വരുന്ന വാഴോട്ടുകോണത്തെ ജനങ്ങളെയോർത്ത് സഹതപിക്കാനേ കഴിയൂ. കാപ്പ തടവുകാരനായ സുഗതനെ വിയ്യൂരുനിന്ന് പൂജപ്പുരയിലേക്ക് മാറ്റുന്ന കാര്യം കോടതി അനുഭാവപൂർവം പരിഗണിക്കേണ്ടതാണ്. ജനാധിപത്യത്തിൽ ജനങ്ങൾക്കും ചില അവകാശങ്ങളുണ്ടല്ലോ?

പ്രതിജ്ഞാവാചകം നേരേ ചൊവ്വേ നോക്കിവായിക്കാനറിയാത്ത കൗൺസിലറെ അയോഗ്യനാക്കി പുറത്താക്കുന്നതിൽ തെറ്റില്ല. ഈശ്വരനാമത്തിൽ ചൊല്ലേണ്ട പ്രതിജ്ഞ ചിറമല്ലന്റെ പേരിൽ വായിച്ച് സംവിധാനത്തെ അപമാനിച്ചയാളിന് തെറ്റ് തിരുത്താൻ അവസരം കൊടുക്കേണ്ട കാര്യംതന്നെ ഇല്ലായിരുന്നു. സത്യപ്രതിജ്ഞാചടങ്ങ് ബി.ജെ.പി സംഘടിതമായി അപഹാസ്യമായ പ്രഹസനമാക്കുകയായിരുന്നു. ഒരാളുടെ സീറ്റ് പോയെങ്കിൽ അത് അതിനുള്ള ശിക്ഷയായി കണക്കാക്കാമായിരുന്നു. ബോധപൂർവമുള്ള തെറ്റ് മാപ്പാക്കപ്പെടുകയും അബദ്ധത്തിൽ സംഭവിക്കുന്നത് ശിക്ഷിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥയാണുള്ളത്. സുഗതനോട് ദയ കാണിച്ച കോടതി ബന്തവസിൽ അയാളെ തിരുവനന്തപുരത്തെത്തിച്ച് സത്യപ്രതിജ്ഞ ചെയ്യാൻ അനുവാദം നൽകണമായിരുന്നു. അടിയന്തരസാഹചര്യത്തിൽ തടവുകാരനെ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതുപോലെ കരുതിയാൽ മതി. ലോക്സഭയിൽ അപ്രകാരം ഒരു സന്ദർഭം ഉണ്ടായിട്ടുണ്ട്.

ഇടതുപക്ഷം പിന്തുണ പിൻവലിച്ചതിനുശേഷം മൻമോഹൻ സിങ് വിശ്വാസവോട്ട് തേടിയ സന്ദർഭമായിരുന്നു അത്. ഓരോ വോട്ടിനും കോടികൾ മൂല്യം കൽപിച്ച് വിലപേശൽ നടക്കുന്ന അവസ്ഥ. മൻമോഹൻ സിങ്ങിന് അനുകൂലമായി ലഭിക്കുന്ന ഒരു വോട്ട് അപ്പോൾ തിഹാർ ജയിലിലായിരുന്നു. പപ്പു യാദവ് എന്നറിയപ്പെടുന്ന രാജേഷ് രഞ്ജനായിരുന്നു ആ വോട്ടിന്റെ ഉടമ.

സോമനാഥ് ചാറ്റർജിയെ ബാലറ്റ് സ്ലിപ്പുമായി തിഹാറിലേക്ക് അയക്കുന്നതിനു പകരം വോട്ടെടുപ്പ് നടക്കുന്ന ദിവസം പപ്പു യാദവിനെ ലോക്സഭയിലേക്ക് കൊണ്ടുവരുന്നതിന് സുപ്രീം കോടതി പൊലീസിന് നിർദേശം നൽകി. ജസ്റ്റിസ് കുഞ്ഞിക്കൃഷ്ണന് ഇങ്ങനെയൊരു മാതൃക മുന്നിലുണ്ടായിരുന്നു. വിലങ്ങില്ലാതെ സഭയിൽ പ്രവേശിച്ച യാദവ് ഭാര്യയൊത്ത് ആ പകൽ മുഴുവൻ പിൻബെഞ്ചിൽ സംസാരിച്ചിരുന്നു. ഭാര്യ രഞ്ജീത് രഞ്ജനും സഭയിൽ അംഗമായിരുന്നു. തടവുകാർക്ക് ഭാര്യയൊത്ത് ചിലവഴിക്കാൻ ഇടവേളകളിൽ സമയം അനുവദിക്കേണ്ടതാണെന്ന മനുഷ്യത്വപരമായ നിലപാട് യാദവ് ദമ്പതികളുടെ അടുത്തിരുന്ന എനിക്ക് അന്നുണ്ടായി.

ജയിലിൽ തടവുകാർ നിർമിച്ച് വിപണിലേക്കയക്കുന്ന ചപ്പാത്തി ഫ്രീഡം ചപ്പാത്തി എന്നാണറിയപ്പെടുന്നത്. ചില കാര്യങ്ങളിൽ തടവുകാർക്കും അല്പം ഫ്രീഡം ആകാം. ആർക്കും ആരെയും ഒരു പരാതിയുടെ അടിസ്ഥാനത്തിൽ ജയിലിലാക്കാൻ കഴിയും. ജയിൽവാസത്തിന്റെ പേരിൽ പിരിച്ചുവിടപ്പെടുന്ന ഉദ്യോഗസ്ഥനെ തിരിച്ചെടുക്കാം.

ജനപ്രതിനിധിക്കോ മുഖ്യമന്ത്രിക്കോ സംഭവിക്കുന്നത് എങ്ങനെ തിരുത്താനാകും. പ്രധാനമന്ത്രിയോ മുഖ്യമന്ത്രിയോ മുപ്പതു ദിവസം ജയിലിൽ കിടന്നാൽ പദവി നഷ്ടമാക്കുന്ന നിയമത്തെക്കുറിച്ച് കേന്ദ്രം ആലോചിക്കുന്നു. എല്ലാ ജനപ്രതിനിധികൾക്കും ഈ തത്ത്വം ബാധകമാക്കിയാൽ സുഗതനും പപ്പുവും സൃഷ്ടിക്കുന്ന പരാതികൾക്ക് പരിഹാരമാകും. ആറുവട്ടം എംപിയായിരുന്ന പപ്പു ഇപ്പോഴും ലോക്സഭാംഗമാണ്. താമസം തിഹാറിലാണോ എന്നറിയില്ല. മന്ത്രിസഭയുടെ നിലനില്പ് ഒരു മജിസ്ട്രേറ്റ് പുറപ്പെടുവിക്കുന്ന റിമാണ്ട് ഉത്തരവിൽ അധിഷ്ഠിതമാകുന്ന അവസ്ഥ ജനാധിപത്യത്തിന് ഹാനികരമാണ്.

# പത്മവിഭൂഷൺ അടൂർ ഗോപാലകൃഷ്ണൻ ഫൊക്കാന കൽഹാരി കൺവെൻഷനിൽ



ന്യൂയോർക്ക്: ഇന്ത്യൻ ചലച്ചിത്ര ലോകത്തെ അതുല്യ പ്രതിഭയും പത്മവിഭൂഷൺ ജേതാവുമായ പ്രശസ്ത സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ ഫൊക്കാന കൽഹാരി കൺവെൻഷനിൽ പങ്കെടുക്കും. ലോകസിനിമയിൽ മലയാളത്തിന്റെ സാന്നിധ്യം അനശ്വരമാക്കിയ മഹാനായ ചലച്ചിത്രകാരന്റെ സാന്നിധ്യം കൺവെൻഷന് കൂടുതൽ പ്രൗഢിയും ആഗോള ശ്രദ്ധയും നൽകുമെന്ന് പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.

അന്തർദേശീയ ചലച്ചിത്രോത്സവങ്ങളിൽ നിരവധി പുരസ്കാരങ്ങൾ കരസ്ഥമാക്കിയ അടൂർ ഗോപാലകൃഷ്ണൻ, മലയാള സിനിമയെ ലോകവേദിയിൽ അഭിമാനത്തോടെ ഉയർത്തിപ്പിടിച്ച സംവിധായകരിൽ പ്രമുഖനാണ്.

പ്രവാസി മലയാളികളുടെ ഏറ്റവും വലിയ സാംസ്കാരിക സംഗമങ്ങളിലൊന്നായി ഒരുങ്ങുന്ന ഫൊക്കാന 2026 ദേശീയ കൺവെൻഷനിൽ അടൂർ ഗോപാലകൃഷ്ണന്റെ സാന്നിധ്യം സിനിമാപ്രേമികൾക്കും കലാസ്വാദകർക്കും അപൂർവ അനുഭവമാകുമെന്ന് ഭാരവാഹികൾ പറഞ്ഞു. കല, സാഹിത്യം, സംസ്കാരം, പാരമ്പര്യം എന്നിവയെ ഒരേ വേദിയിൽ കോർത്തിണക്കുന്ന ഈ മഹാസമ്മേളനത്തിന് അദ്ദേഹത്തിന്റെ പങ്കാളിത്തം കൂടുതൽ തിളക്കമേകുമെന്നും അവർ കൂട്ടിച്ചേർത്തു.



# ഫോമാ ഇലക്ഷൻ 2026: അമേരിക്കയിലാകെ ശ്രദ്ധ നേടി ടീം പ്രോമിസിന്റെ ജനസമ്പർക്ക യാത്ര അറ്റ്‌ലാന്റയിൽ സമാപിച്ചു



ഹൂസ്റ്റൺ: 2026ലെ ഫോമാ ദേശീയ കൺവൻഷനോടനുബന്ധിച്ചുള്ള തിരഞ്ഞെടുപ്പ് ആവേശം കൊടുമ്പിരി കൊള്ളുന്നതിനിടെ, മാത്യു വർഗീസിന്റെ (ജോസ് ഫ്ളോറിഡ) നേതൃത്വത്തിലുള്ള ടീം പ്രോമിസ് പാനൽ അംഗങ്ങൾ അമേരിക്കയിലുടനീളം നടത്തിയ ശ്രദ്ധേയവും സഫലവുമായ ജനസമ്പർക്ക യാത്രയ്ക്ക് അറ്റ്‌ലാന്റയിൽ ഉജ്വല സമാപനം. ഫോമാ തിരഞ്ഞെടുപ്പിൽ രണ്ട് പാനലുകൾ തമ്മിലുള്ള ശക്തമായ മത്സരത്തിനിടയിൽ, അംഗ സംഘടനകളുമായുള്ള നേരിട്ടുള്ള ആശയവിനിമയത്തിലൂടെയും വ്യക്തമായ പ്രവർത്തന കാഴ്ചപ്പാടിലൂടെയും ടീം പ്രോമിസ് ഇതിനോടകം ശ്രദ്ധ പിടിച്ചുപറ്റിക്കഴിഞ്ഞു.

കഴിഞ്ഞ കുറേമാസങ്ങളായി അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിലെ നൂറോളം കേന്ദ്രങ്ങളിൽ ഫോമായുടെ അംഗ സംഘടനകളെ സന്ദർശിച്ച ടീം പ്രോമിസ്, ചെറുതും വലുതുമായ നിരവധി സംവാദങ്ങളിലും കൂടിക്കാഴ്ചകളിലും തികഞ്ഞ ആത്മവിശ്വാസത്തോടെ പങ്കെടുത്തു.

ടീം പ്രോമിസിന്റെ മുദ്രാവാക്യമായ 'വിശ്വാസം, സത്യസന്തത, ഉത്തരവാദിത്വം, സുതാര്യത എന്നിവയിലൂന്നിയ ആശയങ്ങൾക്കും കർമപരിപാടികൾക്കും വിവിധയിടങ്ങളിൽ വൻ സ്വീകാര്യത നേടിയതായി സംഘാടകർ അറിയിച്ചു. തിരഞ്ഞെടുപ്പ് പ്രചാരണം ഒരു വോട്ടഭ്യർഥനയായി മാത്രം കാണാതെ, ഫോമായുടെ ഭാവി രൂപപ്പെടുത്താനുള്ള സംവാദ വേദിയായി മാറ്റുക എന്നതാണ് ടീമിന്റെ ലക്ഷ്യമെന്ന് നേതാക്കൾ വ്യക്തമാക്കി.

മാത്യു വർഗീസ് പ്രസിഡന്റായിട്ടുള്ള പാനലിലെ സ്ഥാനാർഥികൾ വിവിധ സംസ്ഥാനങ്ങളിലെ അംഗങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുകയും, ഫോമായെ കൂടുതൽ ശക്തവും പ്രവർത്തനക്ഷമവുമായ ദേശീയ സംഘടനയാക്കി മാറ്റുന്നതിനുള്ള കാഴ്ചപ്പാടുകൾ അവതരിപ്പിക്കുകയും ചെയ്തു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അംഗ സംഘടനകളുടെ പിന്തുണയും പ്രോത്സാഹനവും ടീം പ്രോമിസിന് ആത്മവിശ്വാസം പകരുന്നതായി പ്രവർത്തകർ അഭിപ്രായപ്പെട്ടു. മാത്യു വർഗീസിന് പുറമെ അനു സ്കറിയ (സെക്രട്ടറി), ബിനോയ് തോമസ് (ട്രഷറർ), ജോൺസൺ ജോസഫ് (വൈസ് പ്രസിഡന്റ്), റ്റിറ്റോ ജോൺ (ജോയിന്റ് ട്രഷറർ), രേഷ്മ രഞ്ചൻ (ജോയിന്റ് സെക്രട്ടറി) എന്നിവരാണ് ടീം പ്രോമീസിന്റെ ജനകീയാടിത്തറയുള്ള മൽസരാർത്ഥികൾ.

# ഫോക്കാന കൺവെൻഷനിൽ മുഖ്യാതിഥിയായി ടി. ഡി. രാമകൃഷ്ണൻ എത്തിച്ചേരുന്നു



ന്യൂയോർക്ക്: മലയാള നോവൽ സാഹിത്യത്തിൽ വിപ്ലവാത്മകമായ ഭാവുകത്വമാറ്റങ്ങൾ സൃഷ്ടിച്ച പ്രശസ്ത എഴുത്തുകാരനും വിവർത്തകനുമായ ടി.ഡി. രാമകൃഷ്ണൻ വരും മാസങ്ങളിൽ അമേരിക്ക സന്ദർശിക്കുന്നു. പെൻസിൽവാനിയയിലെ പോക്കിനോസ് റിസോർട്ടിൽ വെച്ച് നടക്കാനിരിക്കുന്ന 'ഫോക്കാന' 2026ലെ കേന്ദ്ര കൺവെൻഷനിൽ അദ്ദേഹം മുഖ്യാതിഥിയായി പങ്കെടുക്കും.

കേന്ദ്ര കൺവെൻഷനു പുറമെ, ഡാളസിലെ കേരള അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഭാരതത്തിന്റെ സ്വാതന്ത്ര്യദിന ആഘോഷങ്ങളിലും അദ്ദേഹം വിശിഷ്ടാതിഥിയായിരിക്കും. നോർത്ത് ടെക്സസിലെ പ്രമുഖ എഴുത്തുകാരുടെയും സാഹിത്യപ്രേമികളുടെയും കൂട്ടായ്മയായ 'ലാനാ' സംഘടിപ്പിക്കുന്ന പ്രത്യേക സാഹിത്യ സംവാദത്തിൽ അദ്ദേഹം വായനക്കാരുമായി നേരിട്ട് സംവദിക്കും.

ന ശ്രദ്ധേയമായ കൃതികൾ - ഫ്രാൻസിസ് ഇട്ടിക്കോര, സുഗന്ധി എന്ന ആണ്ടാൾ ദേവനായകി. ഈ നോവലിന് കേരള സാഹിത്യ അക്കാദമി അവാർഡും പ്രശസ്തമായ വയലാർ അവാർഡും ലഭിച്ചിട്ടുണ്ട്.

'ഫ്രാൻസിസ് ഇട്ടിക്കോര', 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി', 'ആൽഫ', 'മാമ ആഫ്രിക്ക' എന്നീ നോവലുകൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ചലച്ചിത്ര ലോകത്തെ സാന്നിധ്യം സാഹിത്യത്തിന് പുറമെ ചലച്ചിത്ര രംഗത്തും അദ്ദേഹം തന്റെ ശക്തമായ മുദ്ര പതിപ്പിച്ചിട്ടുണ്ട്. മമ്മൂട്ടി കേന്ദ്രകഥാപാത്രത്തെ അവതരിപ്പിച്ച് തരംഗം സൃഷ്ടിച്ച 'ഭ്രമയുഗം' എന്ന ചിത്രത്തിന്റെ സംഭാഷണങ്ങൾ നിർവ്വഹിച്ചത് അദ്ദേഹമാണ്. പ്രശസ്ത സംവിധായകൻ ഷാജി എൻ. കരുണിന്റെ 'ഓള്' എന്ന ചിത്രത്തിന്റെ തിരക്കഥയും അദ്ദേഹം രചിച്ചു. ഷെയ്ൻ നിഗം നായകനായി എത്തിയ 'ബെർമുഡ' എന്ന ചിത്രത്തിന്റെ സംഭാഷണങ്ങൾ ഒരുക്കിയതും ടി.ഡി. രാമകൃഷ്ണനാണ്.

കൂടുതൽ വിവരങ്ങൾക്ക് സണ്ണി മാളിയേക്കൽ +1-214-940-3853, അബ്ദുൾ പുന്നിയൂർകുളം +1-859-282- 5825, ടി.ഡി. രാമകൃഷ്ണൻ +91 94475 34168

*സണ്ണി മാളിയേക്കൽ*

# ശ്രീരാമകഥാമൃതം ഭക്തിസാന്ദ്രമാക്കുന്ന രാമായണ മാസാചരണത്തിന് കർക്കിടകം ഒന്നിന് ഷിക്കാഗോ ഗീതാ മണ്ഡലത്തിൽ ശുഭാരംഭം



രാമായണ പാരായണത്തിലൂടെ മനുഷ്യമനസ്സിലേക്ക് ആധ്യാത്മിക പുണ്യം നിറച്ചുകൊണ്ട് കർക്കിടകം ഒന്നിന് വെർച്യുൽ ആയ ഗീതാമണ്ഡലം സംഘടിപ്പിച്ച രാമായണപാരായണ യജ്ഞം, ഭാരതത്തിലെ പ്രമുഖ ആത്മീയ പ്രഭാഷകനും, സാമൂഹ്യ നിരീക്ഷകനും, 'ഹൃദയവിദ്യ ഫൗണ്ടേഷന്റെ' ചെയർമാനുമായ വിദ്യാസാഗർ ഗുരുമൂർത്തി ഉദ്ഘാടനം ചെയ്തു.

ഗീതാമണ്ഡലം തറവാട് ക്ഷേത്രത്തിൽ വെച്ച് സംഘടിപ്പിച്ച രാമായണപാരായണ യജ്ഞത്തിന്റെ ഭാഗമായി നടന്ന പൂജകളിൽ പങ്കെടുക്കുവാൻ വളരെ അധികം ഭക്തർ പങ്കെടുത്തു. മേൽശാന്തി കൃഷ്ണൻ ചെങ്ങണാംപറമ്പിന്റെ നേതൃത്വത്തിൽ നടന്ന വിശേഷാൽ മഹാഗണപതി പൂജക്കും ശ്രീരാമചന്ദ്ര പൂജകൾക്കു ശേഷം ഗ്രന്ദപൂജയും നടത്തി. രാമായണ ആചാര്യൻ രവി നായരുടെ നേതൃത്വത്തിൽ ആരംഭിച്ച ഈ വർഷത്തെ രാമായണ പാരായണ മഹോത്സവം ഒരു ദിവ്യാനുഭൂതിയാണ് സൃഷ്ടിച്ചതെന്ന് ഭക്തർ അഭിപ്രായപ്പെട്ടു.

കർക്കിടകം ഒന്നിന് (ചൊവാഴ്ച്ച) വെർച്യുൽ ആയി സംഘടിപ്പിച്ച രാമായണ പാരായണത്തിന് അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും കാനഡ, ഇന്ത്യ എന്നിവിടങ്ങളിലെ ഭക്തരും പങ്കെടുത്തു. മനുഷ്യനന്മയ്ക്കും സത്പ്രവർത്തികൾക്കും മാതൃകയായി നിലകൊള്ളുന്ന രാമായണ ശ്ലോകങ്ങൾ സദാചാര നിഷ്ഠമായ കുടുംബപശ്ചാത്തലവും ഹൃദയശുദ്ധി നിറഞ്ഞ ജീവിതരീതിയും പകർന്നു തന്ന് നമ്മുടെ മനസ്സ് കീഴടക്കും എന്ന് ഗീതാമണ്ഡലം പ്രസിഡന്റ് അപ്പുക്കുട്ടൻ ശേഖരൻ തന്റെ രാമായണ സന്ദേശത്തിൽ അഭിപ്രായപ്പെട്ടു. മനുഷ്യന് എങ്ങിനെ ജീവിക്കണം എന്ന് ഈ കാവ്യം വരച്ചുകാട്ടുന്നു പുണ്യഗ്രന്ഥമാണ് അദ്ധ്യാത്മ രാമായണം എന്ന് ഷിക്കാഗോ ഗീതാമണ്ഡലം ആചാര്യൻ മനോജ് നമ്പൂതിരി തന്റെ ആശംസാ സന്ദേശത്തിൽ പറഞ്ഞു. നമ്മുടെ അടുത്ത തലമുറക്ക് ഈ പൈതൃകം പകർന്നു കൊടുക്കാൻ നമ്മളാൽ കഴിയുന്നതെല്ലാം നമ്മുക്ക് കൂട്ടായി ചെയ്യാണമെന്നും വൈസ് പ്രസിഡന്റ് ഡോക്ടർ വിശ്വനാഥൻ അഭിപ്രായപ്പെട്ടു.

രാമായണ പാരായണ യജ്ഞം ഉദ്ഘാടനം ചെയ്ത വിദ്യാസാഗർ ഗുരുമൂർത്തിക്കും, അപ്പുക്കുട്ടൻ ശേഖരനും, മനോജ് തിരുമേനിക്കും, പാരായണ യജ്ഞത്തിന് നേതൃത്വം നൽകിയ കൃഷ്ണൻ ചെങ്ങണാംപറമ്പിനും, രാമായണ ശുഭാരംഭത്തിനു നേതൃത്വം നൽകിയ എല്ലാവർക്കും പങ്കെടുത്ത എല്ലാ ഭക്തർക്കും മറ്റ് എല്ലാ കമ്മിറ്റി അംഗങ്ങൾക്കും ബൈജു എസ്. മേനോൻ നന്ദി പ്രകാശിപ്പിച്ചു.

# ഫൊക്കാന 2026 കൺവെൻഷനിൽ ആയിരത്തിലേറെ കലാകാരികളുമായി മോഹിനിയാട്ടം ഗിന്നസ് റെക്കോർഡ് ശ്രമം




ന്യൂയോർക്ക്: കേരളത്തിന്റെ ശാസ്ത്രീയ നൃത്തപാരമ്പര്യത്തിന് ആഗോള വേദിയിൽ പുതിയ ചരിത്രം രചിക്കാൻ ഒരുങ്ങുകയാണ് ഫൊക്കാന 2026 ദേശീയ കൺവെൻഷൻ. ആയിരത്തിലധികം കലാകാരികൾ ഒരേസമയം മോഹിനിയാട്ടം അവതരിപ്പിക്കുന്ന ഗിന്നസ് വേൾഡ് റെക്കോർഡ് ശ്രമമാണ് കൺവെൻഷന്റെ ഏറ്റവും ശ്രദ്ധേയമായ ആകർഷണമായി ഒരുക്കുന്നത്. അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 1,100ലധികം നർത്തകികൾ ഇതിനകം രജിസ്റ്റർ ചെയ്തുകഴിഞ്ഞു.

പ്രവാസി മലയാളികളുടെ സാംസ്കാരിക അഭിമാനത്തിന്റെയും കൂട്ടായ്മയുടെയും ഉജ്ജ്വല പ്രതീകമായി ഈ ഗിന്നസ് ശ്രമം മാറുമെന്ന് ഫൊക്കാന ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി പറഞ്ഞു.

മോഹിനിയാട്ടം ഗിന്നസ് റെക്കോർഡ് ശ്രമത്തിൽ പങ്കെടുക്കുന്ന എല്ലാ കലാകാരികളുടെയും വേഷങ്ങൾ കോട്ടയത്തെ ലക്ഷ്മി സിൽക്സ് സ്പോൺസർ ചെയ്യുമെന്ന സന്തോഷവാർത്തയും പങ്കുവെക്കുന്നു.

ഗിന്നസ് റെക്കോർഡ് പരിപാടിയിൽ പങ്കെടുക്കുന്ന കലാകാരികൾക്ക് അവർ പങ്കെടുക്കുന്ന ദിവസത്തെ കൺവെൻഷൻ രജിസ്ട്രേഷൻ ഫീസ് പൂർണമായും ഒഴിവാക്കാൻ ഫൊക്കാന തീരുമാനിച്ചിട്ടുണ്ട്.

ഗുരു ബീന മേനോൻ കൊറിയോഗ്രാഫി ചെയ്യുന്ന ഈ പ്രോഗ്രാമിൽ അമേരിക്കയിലെ പ്രധാന ഡാൻസ് ടീച്ചേഴ്സും ഗുരുക്കന്മാരുമായ നിമ്മി ദാസ്, നിമ്മി ബാബു, ബിന്ധ്യ ശബരി, ദേവിക നായർ, ലിസ ജോസഫ്, ലതിക നായർ, ജെയിൻ തെരേസ ബാബ, അശ്വതി അരുൺ, ബേസിൽ കാളഹർട്സ്, ബേബി തടവനാൽ, ആശ അഗസ്റ്റിൻ, മാലിനി നായർ, നീന ഫിലിപ്പ്, സൗയ്മാ, ചന്ദ്രിക കുറുപ്പ്, ലക്ഷ്മി കുറുപ്പ്, അഞ്ജന പ്രദീപ്, പ്രിയ ലൂയിസ്, ജോജോ കൊട്ടാരക്കര, സുഷമ പ്രവീൺ, മേരിയാൻ മൈക്കിൾ, സുജിത് തോന്നാറിൽ, റുബീന സുദർശൻ, അപരുമ ചാറ്റർജ്ജി തുടങ്ങി നിരവധി ഡാൻസ് സ്കൂളുകളും ടീച്ചേഴ്സും ഇതിന്റെ ഭാഗമായി പ്രവർത്തിച്ചു വരുന്നു.

ഇതിന്റെ കോർഡിനേറ്റർ ആയി പ്രവർത്തിക്കുന്ന മനോജ് വട്ടപ്പള്ളി, കോ-കോർഡിനേറ്റർ ഡോ. ഷൈനി രാജു എന്നിവരും എക്സിക്യൂട്ടീവ് കമ്മിറ്റിയും ലോകത്തിലേക്കും ഏറ്റവും വലുതും പുരാതനമായ പ്രവാസി സംഘടനായ ഫൊക്കാനയുടെ 2026 ദേശീയ കൺവെൻഷൻ ചരിത്രത്തിലെ ഏറ്റവും വലിയ പ്രവാസി മലയാളി സംഗമമായി മാറുമെന്ന് ആത്മവിശ്വാസം പ്രകടിപ്പിച്ചു.

ചരിത്രത്തിന്റെ താളുകളിൽ ഇടം നേടാൻ ഒരുങ്ങുന്ന ഈ ഗിന്നസ് റെക്കോർഡ് ശ്രമത്തിലും ഫൊക്കാന 2026 കൺവെൻഷനിലും എല്ലാ മലയാളികളുടെയും ഹൃദയപൂർവമായ സഹകരണവും പിന്തുണയും അഭ്യർഥിക്കുന്നു.

# കെ. എച്ച്. എൻ. എയുടെ രാമായണ മാസാചരണം




കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക (KHNA) കഴിഞ്ഞ ഏതാനും വർഷങ്ങളായി കർക്കിടക മാസത്തിലെ എല്ലാ ദിവസങ്ങളിലും ഓൺലൈനായി രാമായണ പാരായണം സംഘടിപ്പിച്ചുവരുന്നു. അതിന്റെ തുടർച്ചയായി ഈ വർഷവും കർക്കിടക മാസത്തിലെ 31 ദിവസവും അമേരിക്കയിലും കാനഡയിലുമായി താമസിക്കുന്ന ഭക്തജനങ്ങളുടെ നേതൃത്വത്തിൽ രാമായണ പാരായണം നടത്തും.

ഓരോ ദിവസത്തെയും പാരായണം ഓരോരുത്തർ വീതം ഏറ്റെടുത്ത് സൂം മുഖേന നിർവഹിക്കുന്ന രീതിയിലാണ് പരിപാടി ക്രമീകരിച്ചിരിക്കുന്നത്. പങ്കെടുക്കാൻ താൽപര്യമുള്ളവരിൽ നിന്ന് പേരുകൾ ക്ഷണിച്ച ആദ്യ ദിവസങ്ങളിൽ തന്നെ എല്ലാ ദിവസങ്ങളിലേക്കുമുള്ള അവസരങ്ങളും പൂർണമായത് ഈ സംരംഭത്തിന് ലഭിക്കുന്ന മികച്ച സ്വീകാര്യതയുടെ തെളിവാണെന്ന് സംഘാടകർ അറിയിച്ചു.

2026 ജൂലൈ 17 വെള്ളിയാഴ്ച രാത്രി 8:30ന് കെ.എച്ച്.എൻ.എ പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ രാമായണ പാരായണത്തിന്റെ ഔപചാരിക ഉദ്ഘാടനം നിർവഹിക്കും. ന്യൂയോർക്കിൽ നിന്നുള്ള ജയപ്രകാശ് നായരും രാധാമണി നായരും ചേർന്നാണ് പാരായണ പരിപാടികൾ ഏകോപിപ്പിക്കുന്നത്.

വിവിധ പ്രദേശങ്ങളിലുള്ള KHNA കുടുംബങ്ങളെ ഭക്തിയുടെ ഒരൊറ്റ വേദിയിൽ കൂട്ടിയിണക്കുക എന്നത് ഈ മാസാചരണത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്.

ശനി, ഞായർ ദിവസങ്ങളിൽ ഉച്ചയ്ക്ക് 12 മണിക്കും തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ രാത്രി 8:30നും പാരായണം ആരംഭിക്കും. എല്ലാ ഭക്തജനങ്ങളും കുടുംബസമേതം പങ്കെടുത്ത് ഈ ആത്മീയ സംരംഭത്തെ വിജയിപ്പിക്കണമെന്ന് കെ.എച്ച്.എൻ.എ നേതൃത്വം അഭ്യർത്ഥിച്ചു.

സൂം മീറ്റിംഗ് ഐഡി: 895 5743 6193, പാസ്കോഡ്: 108108

# പശ്ചിമേഷ്യൻ പോരാട്ടം അവസാനിപ്പിക്കാൻ ബദൽ സമാധാന പാതകൾ ഉണ്ടോ?

(ഒന്നാം പേജ് തുടർച്ച)



ന്ത്ര സാധ്യതകളെക്കുറിച്ചുള്ള സമഗ്രമായ വിശകലനം താഴെ നൽകുന്നു:

### 1. പന്ത്രണ്ടാം രാവിലേക്ക് നീണ്ട കടുത്ത ബോംബിംഗും യുഎസ് മുന്നറിയിപ്പുകളും

അമേരിക്കൻ സെൻട്രൽ കമാൻഡ് പുറത്തുവിട്ട ഔദ്യോഗിക വിവരങ്ങൾ പ്രകാരം, ഹോർമുസ് കടലിടുക്കിലൂടെയുള്ള വാണിജ്യ കപ്പൽ ഗതാഗതം പുനഃസ്ഥാപിക്കാൻ ലക്ഷ്യമിട്ടാണ് ഇറാനിയൻ കമാൻഡ് കേന്ദ്രങ്ങൾക്ക് നേരെ കടുത്ത ആക്രമണം നടത്തുന്നത്. എന്നാൽ ഈ വ്യോമാക്രമണങ്ങൾക്ക് പകരമായി ബഹ്റൈനിലെയും കുവൈറ്റിലെയും യുഎസ് താവളങ്ങൾക്ക് നേരെയും ജോർദാനിലെ അഖബ അതിർത്തിയിലേക്കും ഇറാൻ മിസൈലുകൾ തൊടുത്തിട്ടുണ്ട്. ഇരുപക്ഷവും തന്ത്രപ്രധാനമായ പാലങ്ങളും വാട്ടർ ശുദ്ധീകരണ ശാലകളും പവർ ഗ്രിഡുകളും തകർക്കുമെന്ന് പരസ്പരം ഭീഷണിപ്പെടുത്തുന്നത് അന്താരാഷ്ട്ര യുദ്ധ നിയമങ്ങളുടെ കടുത്ത ലംഘനമാണ്.

### 2. ബാരലിന് 93 ഡോളറിലേക്ക് കുതിച്ച ക്രൂഡ് ഓയിലും ഇൻഫ്ലേഷൻ ഭീഷണിയും

ലോകത്തിലെ എണ്ണ വിതരണത്തിന്റെ അഞ്ചിലൊന്നും കടന്നുപോകുന്ന ഹോർമുസ് കടലിടുക്ക് നിശ്ചലമായതോടെ ആഗോള വിപണിയിൽ ബ്രെന്റ് ക്രൂഡ് ഓയിൽ വില ബാരലിന് 93 ഡോളറിന് മുകളിലേക്ക് കുതിച്ചുയർന്നു. യുദ്ധത്തിന് മുൻപ് വെറും 72 ഡോളറായിരുന്ന ക്രൂഡ് വില ഒറ്റയടിക്ക് വർദ്ധിച്ചത് ഏഷ്യൻ, യൂറോപ്യൻ രാജ്യങ്ങളിൽ ഇന്ധനവില കുതിക്കാൻ കാരണമായിട്ടുണ്ട്. കടലിടുക്കിലൂടെയുള്ള യാത്രാ നിരക്കുകളും കപ്പൽ ഇൻഷുറൻസ് തുകകളും കുത്തനെ ഉയർന്നത് ആഗോള പണപ്പെരുപ്പത്തിന്റെ ആഘാതം വർദ്ധിപ്പിച്ചു.

### 3. മുപ്പത്തേഴര ബില്യൺ ഡോളറിലെത്തിയ അമേരിക്കൻ യുദ്ധച്ചിലവുകൾ

അമേരിക്കൻ സെനറ്റ് ഹിയറിംഗിൽ ഡിഫൻസ് സെക്രട്ടറി പീറ്റ് ഹെഗ്സെത്ത് വെളിപ്പെടുത്തിയത് പ്രകാരം, ഈ യുദ്ധത്തിനായി അമേരിക്ക ഇതിനകം മുപ്പത്തിയേഴ് ദശകം ബില്യൺ (37.5 Billion) ഡോളറിലധികം ചിലവഴിച്ചു കഴിഞ്ഞു. കൊല്ലപ്പെട്ട അമേരിക്കൻ സൈനികരുടെ മൃതദേഹങ്ങൾ ഡെലവെയറിലെ വ്യോമസേനാ താവളത്തിൽ എത്തിയത് ഡൊണാൾഡ് ട്രംപിന് മേൽ കടുത്ത ആഭ്യന്തര രാഷ്ട്രീയ സമ്മർദ്ദമാണ് ഉണ്ടാക്കുന്നത്. പ്രതിരോധ മിസൈലുകളുടെ ശേഖരം അതിവേഗം തീരുന്നത് അമേരിക്കൻ മിലിട്ടറി കമാൻഡർമാരെ ആശങ്കപ്പെടുത്തുന്നുണ്ട്.

### 4. ഗൾഫ് രാജ്യങ്ങളിലെ കടുത്ത ജാഗ്രതാ നിർദ്ദേശങ്ങൾ

സൗദി അറേബ്യയിലെ ദമാം നഗരത്തിലും ബാഹറൈനിലും വീണ്ടും മിസൈൽ ആക്രമണ മുന്നറിയിപ്പ് സൈറണുകൾ മുഴങ്ങിയത് ഗൾഫ് മേഖലയിലെ സാധാരണക്കാരായ ജനങ്ങളെ ഭീതിയിലാഴ്ത്തിയിട്ടുണ്ട്. ജോർദാൻ സൈന്യം തങ്ങളുടെ വ്യോമപാതയിൽ വെച്ച് നാല് ഇറാനിയൻ മിസൈലുകൾ വെടിവെച്ചിട്ടത് യുദ്ധം കൂടുതൽ രാജ്യങ്ങളിലേക്ക് പടരുന്നതിന്റെ തെളിവാണ്. സ്വന്തം മണ്ണിലെ വികസന പദ്ധതികൾ തകരുമെന്ന ഭയം കാരണം ഗൾഫ് രാജ്യങ്ങൾ അടിയന്തിര വെടിനിർത്തലിനായി സമ്മർദ്ദം ചെലുത്തുന്നുണ്ട്.

## രണ്ടാം പോർമുഖമായി ചെങ്കടലും ഹൂതികളുടെ പുതിയ ഉപരോധ ഭീഷണിയും

ഇറാനെതിരെയുള്ള പോരാട്ടത്തിൽ അമേരിക്കൻ നാവികസേന ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ യെമനിലെ ഹൂതികൾ ഉയർത്തുന്ന പുതിയ ഭീഷണികൾ യുഎസ് പ്രതിരോധ ശേഷിയെ അങ്ങേയറ്റം ദ്രവിപ്പിക്കുകയാണ്.

### 1. സൗദി തുറമുഖങ്ങൾക്ക് നേരെ ഹൂതികൾ പ്രഖ്യാപിച്ച ഉപരോധം

സൗദി അറേബ്യയുടെ തുറമുഖങ്ങളിൽ ചരക്കുകൾ കയറ്റാനോ ഇറക്കാനോ അനുവദിക്കില്ലെന്ന് യെമനിലെ ഹൂതി കമാൻഡ് ഔദ്യോഗികമായി പ്രഖ്യാപിച്ചു. ലോകത്തിലെ ആകെ എണ്ണ വിതരണത്തിന്റെ ഏഴ് ശതമാനത്തോളം വഹിക്കുന്ന സൗദി എണ്ണ കയറ്റുമതി തടയുമെന്ന ഈ ഭീഷണി ചെങ്കടലിലെ ഗതാഗതം പൂർണ്ണമായും തടസ്സപ്പെടുത്താൻ പോന്നതാണ്. സൗദി അറേബ്യ ഇതുവരെ അമേരിക്കയുടെ നേരിട്ടുള്ള സൈനിക സഹായം ഔദ്യോഗികമായി ചോദിച്ചിട്ടില്ലെങ്കിലും ചെങ്കടൽ സുരക്ഷിതമാക്കാൻ വാഷിംഗ്ടൺ നിർബന്ധിതരാകും.

### 2. രണ്ട് സമുദ്ര പാതകളിൽ ഒരേസമയം പോരാടേണ്ടി വരുന്ന യുഎസ് നാവികസേന

പേർഷ്യൻ ഗൾഫിലും ഹോർമുസ് കടലിടുക്കിലും ഇറാനെതിരെ ഉപരോധം ഏർപ്പെടുത്തിയിരിക്കുന്ന യുഎസ് യുദ്ധക്കപ്പലുകളെ ഇനി ചെങ്കടലിലെ ബാബ് എൽമന്ദേബ് കടലിടുക്കിലേക്ക് മാറ്റേണ്ടി വരും. ഇരുപതിലധികം അത്യാധുനിക യുദ്ധക്കപ്പലുകളും വിമാനവാഹിനികളും നിലവിൽ മിഡിൽ ഈസ്റ്റിൽ വിന്യസിച്ചിട്ടുണ്ടെങ്കിലും, ഒരേ സമയം ഹൂതി ഡ്രോണുകളെയും ഇറാനിയൻ മിസൈലുകളെയും പ്രതിരോധിക്കുന്നത് അമേരിക്കൻ നാവിക പടയെ വല്ലാതെ തളർത്തും.

### 3. തകർക്കാൻ കഴിയാത്ത ഹൂതികളുടെ ഗറില്ല പ്രതിരോധം

മുൻ വർഷങ്ങളിൽ സൗദി സഖ്യസേനയുടെയും അമേരിക്കയുടെ ബി2 ബോംബറുകൾ ഉൾപ്പെടെയുള്ള കടുത്ത വ്യോമാക്രമണങ്ങളെയും അതിജീവിച്ച പാരമ്പര്യമാണ് ഹൂതി പോരാളികൾക്കുള്ളത്. കുന്നിൻ പ്രദേശങ്ങളിൽ ഒളിച്ചിരുന്ന് കുറഞ്ഞ ചിലവിലുള്ള അസിമെട്രിക് ഡ്രോണുകൾ തൊടുക്കുന്ന ഇവരെ വ്യോമാക്രമണത്തിലൂടെ മാത്രം കീഴടക്കുക അസാധ്യമാണ്. ഇവരെ നേരിടാൻ ചെലവേറിയ ഇന്റർസെപ്രർ മിസൈലുകൾ ഉപയോഗിക്കേണ്ടി വരുന്നത് അമേരിക്കയുടെ പ്രതിരോധ ആയുധ ശേഖരത്തെ പൂർണ്ണമായി ശൂന്യമാക്കും.

### 4. കപ്പൽ ഗതാഗത ചിലവുകളിലെ കടുത്ത വർദ്ധനവ്

ചെങ്കടൽ റൂട്ട് അപകടത്തിലായതോടെ ചരക്കുകപ്പലുകൾക്ക് ആഫ്രിക്കൻ ഭൂഖണ്ഡം ചുറ്റി കേപ്പ് ഓഫ് ഗുഡ് ഹോപ്പ് വഴി സഞ്ചരിക്കേണ്ടി വരുന്നു. ഇത് യാത്രാ സമയത്തിൽ പതിനാല് ദിവസത്തെ വർദ്ധനവും ദശലക്ഷക്കണക്കിന് ഡോളറിന്റെ അധിക ഇന്ധന ചിലവുമാണ് ഉണ്ടാക്കുന്നത്. ഇത് ഏഷ്യയും യൂറോപ്പും തമ്മിലുള്ള വാണിജ്യ ബന്ധങ്ങളെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്.

## പ്രത്യാക്രമണ കെണിയിൽ നിന്ന് ഒരു പിന്മാറ്റ തന്ത്രത്തിലേക്ക്

പരസ്പരം തോൽപ്പിക്കാൻ കഴിയാത്ത ഈ കടുത്ത യുദ്ധചക്രത്തിൽ നിന്ന് ഇരുരാജ്യങ്ങൾക്കും പുറത്തുകടക്കാൻ സഹായകരമാകുന്ന പ്രായോഗിക സമാധാന പാതകൾ താഴെ നൽകുന്നു:

### 1. ഖത്തറിന്റെയും പശ്ചിമേഷ്യൻ രാജ്യങ്ങളുടെയും പത്ത് ദിന വെടിനിർത്തൽ ഓഫർ

യുദ്ധം തടയാൻ ഖത്തറിന്റെയും ഒമാന്റെയും നേതൃത്വത്തിൽ തയ്യാറാക്കിയ പത്ത് ദിവസത്തെ അടിയന്തിര വെടിനിർത്തൽ നിർദ്ദേശം നയതന്ത്ര തലത്തിൽ സജീവമാണ്. സിവിലിയൻ കേന്ദ്രങ്ങൾക്ക് നേരെയുള്ള ആക്രമണങ്ങൾ ഉടനടി നിർത്തലാക്കാനും, ഈ ഇടവേളയിൽ പാരീസിലോ ദോഹയിലോ വെച്ച് പുതിയ ഉഭയകക്ഷി ചർച്ചകൾ ആരംഭിക്കാനുമാണ് മധ്യസ്ഥർ ശ്രമിക്കുന്നത്. ഇരുപക്ഷത്തിനും പരാജയം സമ്മതിക്കാതെ യുദ്ധത്തിൽ നിന്ന് താൽക്കാലികമായി പിന്മാറാൻ ഈ ഓഫർ അവസരമൊരുക്കും.

### 2. ഹോർമുസ് കടലിടുക്കിന്റെ സമുദ്ര ഗതാഗത പദവി പുനഃസ്ഥാപിക്കൽ

കടലിടുക്കിലൂടെ സഞ്ചരിക്കുന്ന ചരക്കുകപ്പലുകളിൽ നിന്ന് ടോൾ പിരിക്കാനും പരിശോധനകൾ നടത്താനുമുള്ള അവകാശം തങ്ങൾക്കുണ്ടെന്നാണ് ഇറാന്റെ വാദം. എന്നാൽ അന്താരാഷ്ട്ര സമുദ്ര നിയമങ്ങൾ അനുസരിച്ച് കടലിടുക്കിൽ സ്വതന്ത്ര ഗതാഗതം ഉറപ്പാക്കിക്കൊണ്ട്, ഇറാനിയൻ വിദേശ ബാങ്ക് അക്കൗണ്ടുകളിലെ മരവിപ്പിച്ച തുക ഘട്ടം ഘട്ടമായി റിലീസ് ചെയ്യാനുള്ള ധാരണ ഉണ്ടാക്കിയാൽ ടെഹ്റാന് ഇത് വലിയൊരു നയതന്ത്ര വിജയമായി ഉയർത്തിക്കാട്ടാം.

### 3. അന്താരാഷ്ട്ര റെഡ് ലൈനുകളും ഐഎഇഎ നിരീക്ഷണവും

ഇറാന്റെ ആണവനിലയങ്ങൾക്ക് നേരെ ആക്രമണം നടത്താതിരിക്കുക എന്നത് യുഎസ് ഒരു തത്വമായി അംഗീകരിക്കേണ്ടതുണ്ട്. പകരമായി, ഫോർഡോയിലെയും നടാൻസിലെയും യുറേനിയം സമ്പുഷ്ടീകരണ പ്രക്രിയകൾ എഴുപത് ശതമാനത്തിന് താഴെയായി പരിമിതപ്പെടുത്താൻ അന്താരാഷ്ട്ര അറ്റോമിക് എനർജി ഏജൻസിയുടെ കടുത്ത നിരീക്ഷണത്തിന് ഇറാൻ തയ്യാറാകണം. ഇത് ഇരുരാജ്യങ്ങൾക്കും ആഭ്യന്തരമായി തങ്ങളുടെ മുഖം രക്ഷിക്കാൻ സഹായിക്കും.

### 4. ചൈനയുടെയും ഇന്ത്യയുടെയും നയതന്ത്ര ഇടപെടലുകൾ

പശ്ചിമേഷ്യൻ എണ്ണയെ വൻതോതിൽ ആശ്രയിക്കുന്ന ഇന്ത്യയും ചൈനയും ഈ യുദ്ധം അവസാനിപ്പിക്കാൻ സംയുക്തമായി സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്.

ചൈനയ്ക്ക് ഇറാനുമേലുള്ള കടുത്ത സാമ്പത്തിക സ്വാധീനവും, ഭാരതത്തിന് അമേരിക്കയുമായുള്ള നല്ല നയതന്ത്ര ബന്ധവും ഉപയോഗിച്ച് ഇരുരാജ്യങ്ങളെയും ചർച്ചാ മേശയിലെത്തിക്കാൻ സാധിക്കും. സമുദ്ര പാതകളുടെ സുരക്ഷ ഉറപ്പാക്കാൻ ഒരു ബഹുരാഷ്ട്ര നാവിക നിരീക്ഷണ സമിതി രൂപീകരിക്കുന്നതും പരിഗണിക്കാവുന്നതാണ്.

കേവലം സൈനിക ശക്തി ഉപയോഗിച്ച് മാത്രം ജയിക്കാൻ കഴിയാത്ത ഒരു വലിയ സാമ്പത്തികസൈനിക പ്രത്യാക്രമണ കെണിയിലാണ് അമേരിക്കയും ഇറാനും ഇപ്പോൾ അകപ്പെട്ടിരിക്കുന്നത്.

നയതന്ത്ര വിട്ടുവീഴ്ചകൾക്ക് ഇരുരാജ്യങ്ങളും തയ്യാറായില്ലെങ്കിൽ ഈ പോരാട്ടം മുഴുവൻ പശ്ചിമേഷ്യയെയും ആഗോള സാമ്പത്തിക വ്യവസ്ഥയെയും ഒരുപോലെ തകർത്തുകളയും.

# പശ്ചിമേഷ്യയിൽ വൻ യുദ്ധത്തിന് തയ്യാറെടുപ്പ്

(ഒന്നാം പേജ് തുടർച്ച)



ക്കിംഗ് വിവരങ്ങൾ വ്യക്തമാക്കുന്നു. ഇതിന് പുറമെ ഡോക്ടർമാരും മെഡിക്കൽ ജീവനക്കാരും അടങ്ങുന്ന വലിയൊരു സംഘത്തെയും ജർമ്മനിയിലെ യുഎസ് സൈനിക ആശുപത്രിയിലേക്ക് എത്തിച്ചിട്ടുണ്ട്.

യുഎസ് വ്യോമസേനയുടെ അത്യാധുനിക എഫ്22 റാപ്റ്റർ, എഫ്15 ഇസെഡ് തുടങ്ങിയ യുദ്ധവിമാനങ്ങൾ മിഡിൽ ഈസ്റ്റിലെ സഖ്യരാജ്യങ്ങളിലുള്ള താവളങ്ങളിൽ സ്ഥാനം പിടിച്ചു കഴിഞ്ഞു. ഇതിനുപുറമേ ദീർഘദൂര ബോംബർ വിമാനങ്ങളും പൂർണ്ണ സജ്ജമാക്കി നിർത്തിയിരിക്കുകയാണ്.

യുദ്ധം കൂടുതൽ മേഖലകളിലേക്ക് പടരാനുള്ള സാധ്യത മുൻനിർത്തി വൻകിട ആയുധ സംഭരണവും അമേരിക്ക ആരംഭിച്ചിട്ടുണ്ട്. ഇറാനിലെ കമാൻഡ് സെന്ററുകൾ, മിസൈൽ താവളങ്ങൾ, തീരദേശ പ്രതിരോധ സംവിധാനങ്ങൾ എന്നിവയാണ് അമേരിക്കയുടെ പ്രധാന ലക്ഷ്യം.

ഹോർമുസ് കടലിടുക്കിൽ കടൽ മാർഗ്ഗമുള്ള ഗതാഗത തടസ്സങ്ങളും ആക്രമണങ്ങളും തുടരുന്നതിനിടയിൽ മേഖലയിലെ തങ്ങളുടെ നിയന്ത്രണം ശക്തമാക്കാനാണ് വാഷിംഗ്ടൺ ശ്രമിക്കുന്നത്. പ്രസിഡന്റ് ട്രംപിന് കൂടുതൽ സൈനിക ബദലുകൾ നൽകുക എന്നതാണ് ഈ കൂറ്റൻ സൈനിക നീക്കത്തിന്റെ ലക്ഷ്യം.

അമേരിക്കയുടെ ഭാഗത്തുനിന്നുണ്ടാകുന്ന ഈ നീക്കങ്ങളെ കടുത്ത ആശങ്കയോടെയാണ് ഏഷ്യൻയൂറോപ്യൻ രാജ്യങ്ങൾ വീക്ഷിക്കുന്നത്. തങ്ങളുടെ അതിർത്തികളിൽ അമേരിക്കൻ സാന്നിധ്യം വർദ്ധിക്കുന്നത് അംഗീകരിക്കാനാവില്ലെന്ന് ഇറാൻ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്.

ഏത് തരത്തിലുള്ള അധിനിവേശ ശ്രമങ്ങളെയും ചെറുക്കാൻ തങ്ങളുടെ മിസൈൽ പ്രതിരോധ നിര സജ്ജമാണെന്ന് ടെഹ്റാൻ അറിയിച്ചു. സുരക്ഷ ഭീഷണിയുണ്ടായാൽ പ്രത്യാക്രമണം കൂടുതൽ മാരകമാകുമെന്നാണ് ഇറാന്റെ സൈനിക കേന്ദ്രങ്ങൾ നൽകുന്ന മുന്നറിയിപ്പ്.

അതിനിടെ പശ്ചിമേഷ്യയിലെ യുഎസ് സൈനിക നീക്കങ്ങൾ വ്യാപിപ്പിക്കുന്നത് ആഗോള എണ്ണ വിപണിയിൽ വലിയ രീതിയിലുള്ള വിലക്കയറ്റത്തിന് കാരണമായിട്ടുണ്ട്. ചരക്കുനീക്കം തടസ്സപ്പെടുമെന്ന ഭീതിയെത്തുടർന്ന് രാജ്യാന്തര വിപണിയിൽ ആശങ്ക വർദ്ധിക്കുകയാണ്.

യുഎസ് പാർലമെന്റിലും ഈ സൈനിക നീക്കങ്ങളെക്കുറിച്ച് തീവ്രമായ ചർച്ചകൾ നടക്കുന്നുണ്ട്. അന്താരാഷ്ട്ര തലത്തിൽ യുദ്ധം വിസ്തൃതമാകുന്നത് ഒഴിവാക്കാൻ നയതന്ത്ര ശ്രമങ്ങൾ നടത്തണമെന്ന് ഒരു വിഭാഗം പ്രതിനിധികൾ ആവശ്യപ്പെടുന്നു.

എന്നാൽ തങ്ങളുടെ ദേശീയ താല്പര്യങ്ങളും സഖ്യരാജ്യങ്ങളുടെ സുരക്ഷയും ഉറപ്പാക്കാൻ വിട്ടുവീഴ്ചയില്ലാത്ത നടപടികളുമായി മുന്നോട്ട് പോകാനാണ് ട്രംപ് ഭരണകൂടത്തിന്റെ തീരുമാനം. ഇതിന്റെ ഭാഗമായാണ് മേഖലയിലെ സൈനിക സാന്നിധ്യം മുൻപെങ്ങുമില്ലാത്തവിധം വർദ്ധിപ്പിച്ചത്.

വരും ദിവസങ്ങളിൽ നടക്കാനിരിക്കുന്ന നീക്കങ്ങൾ പശ്ചിമേഷ്യയുടെ ഭാവി രാഷ്ട്രീയ ചിത്രവും സുരക്ഷാ സമവാക്യങ്ങളും പൂർണ്ണമായി മാറ്റിയെഴുതിയേക്കാം. ലോകരാജ്യങ്ങൾ മുഴുവൻ ഏറെ ജാഗ്രതയോടെയാണ് സാഹചര്യം നിരീക്ഷിക്കുന്നത്.

പോരാട്ടം മറ്റ് അറബ് രാജ്യങ്ങളിലേക്ക് പടരാതിരിക്കാൻ പ്രാദേശിക കൂട്ടായ്മകളും ശ്രമങ്ങൾ നടത്തുന്നുണ്ട്. സമാധാനപരമായ ചർച്ചകൾക്ക് വഴിതുറക്കാൻ മധ്യസ്ഥ രാജ്യങ്ങൾ നിരന്തരം സമ്പർക്കം പുലർത്തുന്നു.

എന്നിരുന്നാലും അമേരിക്കയുടെ പുതിയ സൈനിക വിന്യാസം യുദ്ധ അന്തരീക്ഷം കൂടുതൽ രൂക്ഷമാക്കുമെന്ന കാര്യത്തിൽ സംശയമില്ല. വിപണിയിലെ തടസ്സങ്ങൾ നീക്കാനും സമുദ്രപാത സംരക്ഷിക്കാനും യുഎസ് കൂടുതൽ വ്യോമാക്രമണങ്ങൾ നടത്തുന്നതാണ് നിലവിലെ കാഴ്ച.




## ബേബി സിറ്ററെ ആവശ്യമുണ്ട്

ഷിക്കാഗോ ഡസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 773-679-5526**
**773-396-0535**

#071526

## Babysitter Wanted in Tampa

**Tampa (Florida) യിൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ചോ വന്നുപോയോ ചെറിയ കുട്ടിയെ നോക്കുന്നതിനായി ബേബി സിറ്ററെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847-687-2151**

#071526

## ആവശ്യമുണ്ട്

**ഷിക്കാഗോയുടെ നോർത്ത് ഗർണിയിൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ച് വീട്ടുജോലികൾ ചെയ്യുവാൻ സ്ത്രീയെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847-421-2233**

#072226



## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**വിപിൻ ക്രിസ്റ്റി**

#072226

### ഉണ്ണിയീശോയോടുള്ള നൊവേന



ഇഹലോകവാസികളായ ഞങ്ങളേരോരുത്തരോടുമുള്ള സ്നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയോടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

പാപികളായ ഞങ്ങളിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നെവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്നു..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഒരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

**ആന്റണി ജോസഫ്**

#072226

## വരനെ ആവശ്യമുണ്ട്

**ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന** മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി (യുഎസ് സിറ്റിസൺ)അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786-868-7192, 786-825-5748**

#071526

## Holiday Let
## Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi.
Close to shops/Restaurants/ Shopping centres.
Beautiful view of Kochi City.
Location - Vennala near Holiday Inn Hotel.

**Contact NG Jerome**
**Mob: +91 9446211630**

#071526




Newspaper for Malayalees Worldwide ◆Estd.2020
വാചകം VACHAKAM
To Advertise
1 773-888-2242
1 773-842-9149
1 773-888-2243
vachakamonline@gmail.com
news@vachakam.com
Vachakam.com
For E-Paper reading visit Vachakam.com

## മാർ ഗ്രിഗറി കരോട്ടെമ്പ്രേൽ പിതാവിന്റെ വിയോഗത്തിൽ ഷിക്കാഗോ രൂപത അനുശോചനം രേഖപ്പെടുത്തി



ഷിക്കാഗോ: സീറോ മലബാർ സഭയുടെ രാജ്കോട്ട് രൂപത മുൻ ബിഷപ്പും പ്രമുഖ മിഷനറിയുമായിരുന്ന മാർ ഗ്രിഗറി കരോട്ടെമ്പ്രേൽ സി.എം.ഐ (93) പിതാവിന്റെ നിര്യാണത്തിൽ ഷിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപതയ്ക്ക് വേണ്ടി രൂപതാ അധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് പിതാവും, എമിരറ്റസ് അധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവും അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തി. അമേരിക്കയിലെയും കാനഡയിലെയും സീറോ മലബാർ വിശ്വാസികൾക്കായി ഔദ്യോഗിക രൂപത സ്ഥാപിക്കുന്നതിന് അടിത്തറപാകിയ ദീർഘദർശിയായ ഇടയനായിരുന്നു അന്തരിച്ച മാർ ഗ്രിഗറി കരോട്ടെമ്പ്രേൽ എന്ന് അനുശോചന സന്ദേശത്തിൽ പിതാക്കന്മാർ അറിയിച്ചു.

1960കളുടെ അവസാനം മുതൽ കേരളത്തിൽ നിന്നും, പ്രത്യേകിച്ച് ആരോഗ്യമേഖലയിൽ നിന്നും അമേരിക്കയിലേക്ക് കുടിയേറിയ വലിയൊരു ജനവിഭാഗത്തിന്റെ ആത്മീയവും സാംസ്കാരികവുമായ ആവശ്യങ്ങൾ നേരിട്ടറിയാൻ അന്നത്തെ മൈഗ്രന്റ് കമ്മീഷൻ ചെയർമാനും അപ്പോസ്തോലിക് വിസിറ്റേറ്ററുമായിരുന്ന മാർ ഗ്രിഗറി കരോട്ടെമ്പ്രേൽ പിതാവ് നടത്തിയ നിരന്തരമായ ശ്രമങ്ങൾ സ്മരണീയമാണ്.

1996ൽ വടക്കേ അമേരിക്കയിലെ പ്രമുഖ നഗരങ്ങൾ സന്ദർശിച്ച് വിശ്വാസികളുടെ അവസ്ഥ പഠിച്ച അദ്ദേഹം, 1998ൽ റോമിലെ സിനഡിനും വത്തിക്കാനും സമർപ്പിച്ച സമഗ്രമായ പഠന റിപ്പോർട്ടാണ് അമേരിക്കയിൽ സീറോ മലബാർ രൂപത രൂപീകരിക്കുന്നതിന് നിർണായകമായത്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 2001 മാർച്ച് 13ന് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇന്ത്യക്ക് പുറത്തുള്ള സഭയുടെ ആദ്യത്തെ രൂപതയായി ചിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപത സ്ഥാപിച്ചത്. അമേരിക്കൻ സീറോ മലബാർ രൂപതയുടെ ആവിർഭാവത്തിന് മുഖ്യ കാരണഭൂതനായ പ്രിയപ്പെട്ട പിതാവിന്റെ വിയോഗം സഭയ്ക്കും പ്രത്യേകിച്ച് അമേരിക്കയിലെ വിശ്വാസ സമൂഹത്തിനും നികത്താനാവാത്ത നഷ്ടമാണെന്ന് മാർ ജോയ് ആലപ്പാട്ട് പിതാവും, മാർ ജേക്കബ് അങ്ങാടിയത്ത് പിതാവും അനുസ്മരിച്ചു. മാർ ഗ്രിഗറി കരോട്ടെമ്പ്രേൽ പിതാവിന്റെ ആത്മശാന്തിക്കായി ഷിക്കാഗോ രൂപതയ്ക്ക് വേണ്ടി അഭിവന്ദ്യ പിതാക്കന്മാർ അഗാധമായ അനുശോചനം രേഖപ്പെടുത്തുകയും വിശ്വാസികളുടെ പ്രാർത്ഥനകൾ അഭ്യർത്ഥിക്കുകയും ചെയ്തു.

*◗ മാർട്ടിൻ വിലങ്ങോലിൽ*

## കേരളം സ്ട്രൈക്കേഴ്സ് ക്രിക്കറ്റ് ടൂർണമെന്റ് സീസൺ 2, ലണ്ടൻ സ്പോർട്സ് ക്ലബ് ജേതാക്കൾ




ഷിക്കാഗോ: കേരള സ്ട്രൈക്കേഴ്സ് ഷിക്കാഗോ സംഘടിപ്പിച്ച സീസൺ 2 ജൂലൈ 4 വീക്കെൻഡ് ടെന്നിസ് ബോൾ ക്രിക്കറ്റ് ടൂർണമെന്റ് വൻ വിജയമായി. ഉത്തര അമേരിക്കയിലെ മലയാളി ടെന്നിസ് ബോൾ ക്രിക്കറ്റ് ടൂർണമെന്റുകളിൽ ഏറ്റവും വലിയ സമ്മാനത്തുകയുള്ള മത്സരങ്ങളിലൊന്നായി ശ്രദ്ധ നേടിയ ഈ ദ്വിദിന ടൂർണമെന്റ് അമേരിക്കയിലെയും കാനഡയിലെയും 13ലധികം പ്രമുഖ ടീമുകളുടെ പങ്കാളിത്തത്തോടെ ആവേശകരമായി അരങ്ങേറി.

ഷിക്കാഗോ മാർത്തോമാ ചർച്ച് വികാരി റവ. ഫാ. ആഷിഷ് തോമസിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച മത്സരപരിപാടി ഷിക്കാഗോ മലയാളി അസോസിയേഷൻ ജനറൽ സെക്രട്ടറി ബിജു മുണ്ടയ്ക്കൽ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ഷിക്കാഗോ മലയാളി അസോസിയേഷന്റെ സീനിയർ പ്രതിനിധി വർഗീസ് തോമസും സന്നിഹിതനായിരുന്നു. കേരള സ്ട്രൈക്കേഴ്സ് പ്രസിഡന്റ് നിധിൻ സണ്ണി റാഫേൽ, ട്രഷറർ വിശാൽ വർഗീസ്, ഓർഗനൈസിംഗ് കമ്മിറ്റി അംഗം ദിപിൻ മോഹൻ എന്നിവരും ചടങ്ങിൽ പങ്കെടുത്ത് ടൂർണമെന്റിന് ഔപചാരിക തുടക്കം കുറിച്ചു.

രണ്ടു ദിവസങ്ങളിലായി നടന്ന മത്സരങ്ങളിൽ ഫൈനലിൽ കാനഡയിൽ നിന്നുള്ള ലണ്ടൻ സ്പോർട്സ് ക്ലബും കേരള ക്രിക്കറ്റ് ക്ലബും ഏറ്റുമുട്ടി. മികച്ച പ്രകടനം കാഴ്ചവെച്ച ലണ്ടൻ സ്പോർട്സ് ക്ലബ് ചാമ്പ്യൻമാരായി കിരീടം സ്വന്തമാക്കിയപ്പോൾ കേരള ക്രിക്കറ്റ് ക്ലബ് റണ്ണറപ്പ് സ്ഥാനത്തെത്തി. ആതിഥേയരായ കേരള സ്ട്രൈക്കേഴ്സ് ഷിക്കാഗോ മൂന്നാം സ്ഥാനം നേടി അഭിമാനകരമായ നേട്ടവും സ്വന്തമാക്കി.

ടൂർണമെന്റിന്റെ വിജയത്തിനായി അകമഴിഞ്ഞ പിന്തുണ നൽകിയ എല്ലാ ടീമുകൾക്കും, സ്പോൺസർമാർക്കും, സന്നദ്ധപ്രവർത്തകർക്കും, ആരാധകർക്കും, കമ്മ്യൂണിറ്റി പങ്കാളികൾക്കും കേരള സ്ട്രൈക്കേഴ്സ് ഷിക്കാഗോ ഹൃദയം നിറഞ്ഞ നന്ദി അറിയിച്ചു.

*◗ നിധിൻ സണ്ണി റാഫേൽ*

# ഫോമാ സെൻട്രൽ റീജിയൻ സ്കോളർഷിപ് വിതരണം നടത്തി

ഷിക്കാഗോ: അമേരിക്കൻ മലയാളി സംഘടനകളുടെ നാഷണൽ ഫെഡറേഷനായ ഫോമയുടെ സെൻട്രൽ റീജിയൻ ഇതാദ്യമായി നടപ്പാക്കിയ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ് വിതരണം 2026 ജൂലൈ 17 വെള്ളിയാഴ്ച വൈകിട്ട് 7 മണിക്ക് ഷിക്കാഗോ മലയാളീ അസോസിയേഷൻ ഹാളിൽ വെച്ച് നടന്നു.




വ്യത്യസ്തങ്ങളായ പ്രവർത്തന പരിപാടികളുമായി എപ്പോഴും മറ്റ് റീജിയനുകൾക്ക് തന്നെ മാതൃകയാകുന്ന സെൻട്രൽ റീജിയൻ ഇത്തവണ ഗ്രാജേറ്റ് ചെയ്ത പന്ത്രണ്ടാം ക്ലാസ്സ് വിദ്യാർത്ഥികളിൽ ഏറ്റവും മികച്ച ഏഴു പേർക്കാണ് സ്കോളർഷിപ്പ് നൽകിയതെന്ന് സെൻട്രൽ റീജിയൻ വൈസ് പ്രസിഡന്റ് ജോൺസൺ കണ്ണൂക്കാടൻ, സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യു, പി.ആർ.ഒ ബിജു മുണ്ടക്കൽ എന്നിവർ അറിയിച്ചു.

റേച്ചൽ ജെ. വർഗീസ് ഒന്നാം സ്ഥാനവും രാഹുൽ വർമ്മ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ഐശ്വര്യ നായർ, തെരേസ ജെയിൻ ലൂയിസ് എന്നിവർ മൂന്നാം സ്ഥാനം പങ്കിട്ടു. ജിയോ എസ് കോരേത്, സ്നേഹ ജോർജ്, അൽവിന ജോസഫ് എന്നിവരും സമ്മാനങ്ങൾക്ക് അർഹരായി.

കമ്മ്യൂണിറ്റി ലീഡറും സംഗീതസംവിധായികയും മാധ്യമ സംരംഭകയുമായ ലിസി കെ. ഫെർണാണ്ടസിന് സെൻട്രൽ റീജിയന്റെ പ്രത്യേക പുരസ്കാരം നൽകി അവരെ ആദരിച്ചു. ഷിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റ് ജോസ് മണക്കാട്ട്, രഞ്ജൻ എബ്രഹാം, ജോൺപാട്ടപതി, സണ്ണി വള്ളിക്കളം എന്നിവർ ആശംസകൾ നേർന്നു.

പരിപാടിയുടെ കോ-കോർഡിനേറ്റർമാരായ ഡോ.ജീൻ പുത്തൻപുരക്കൽ, സന്തോഷ് കാട്ടൂക്കാരൻ, കാൽവിൻ കവലക്കൽ, വർഗീസ് തോമസ്, ഫോമാ സെൻട്രൽ റീജിയൻ ഭാരവാഹികളായ ആന്റോ കവലക്കൽ, ജോർജ് മാത്യു, ജോസി കുരിശിങ്കൽ എന്നിവർ നേതൃത്വം നൽകി.

സാറ അനിൽ എംസി ആയിരുന്ന യോഗത്തിൽ സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യു വിജയികളെ പ്രഖ്യാപിച്ചു. സെൻട്രൽ റീജിയൻ വൈസ് പ്രസിഡന്റ് ജോൺസൻ കണ്ണൂക്കാടൻ, സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യു, ജോൺപാട്ടപതി, ജോർജ് മാത്യു, ജെയിംസ് പുത്തൻപുരയിൽ, ഷൈനി ഹരിദാസ് എന്നിവർ സമ്മാന ദാനം നിർവ്വഹിച്ചു.

സ്പോൺസർമാരായ കിഷോർ, സജീന മാത്യു, ഡോ.എബി, ടോം സണ്ണി, ഫിലിപ്പ് പുത്തൻപുരയിൽ, ആഗ്നെസ് മാത്യു, ഡോ.പോൾ & സുമ സിറിയക്, സിബി കാക്കനാട് എന്നിവർക്കും പങ്കെടുത്ത എല്ലാവർക്കും ജോർജ് മാത്യു കൊട്ടുകാപ്പള്ളി നന്ദി രേഖപ്പെടുത്തി.

# മേജർ ആർച്ച് ബിഷപ്പ് മാർ തട്ടിലിന് ഹൂസ്റ്റൺ ക്നാനായ ദൈവാലയത്തിൽ പ്രൗഢഗംഭീര സ്വീകരണം

ഹൂസ്റ്റൺ: സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പായി സ്ഥാനമേറ്റ ശേഷം ആദ്യമായി ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോനാ ദൈവാലയം സന്ദർശിച്ച മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിലിന് ഇടവകസമൂഹം പ്രൗഢഗംഭീര സ്വീകരണം നൽകി. തൃശൂർ അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത്, ഷിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതാധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് എന്നിവരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.



ചെണ്ടമേളത്തിന്റെയും മുത്തുക്കുടകളുടെയും അകമ്പടിയോടെ ദൈവാലയത്തിലേക്ക് ആനയിച്ച വിശിഷ്ടാതിഥികളെ വികാരി ഫാ. അബ്രാഹം മുത്തോലത്ത്, അസിസ്റ്റന്റ് വികാരി ഫാ. ജോഷി വലിയവീട്ടിൽ, ട്രസ്റ്റി ജെയിംസ് വടക്കേക്കര എന്നിവർ പൂച്ചെണ്ടുകൾ നൽകി സ്വീകരിച്ചു. ദൈവാലയത്തിൽ പ്രവേശിച്ച പിതാക്കന്മാർ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. തുടർന്ന് നടന്ന വിശുദ്ധ കുർബാനയുടെ പ്രവേശന പ്രദക്ഷിണത്തിൽ പാരീഷ് കൗൺസിൽ അംഗങ്ങൾ, മതബോധന അധ്യാപകർ, അൾത്താര ശുശ്രൂഷകർ എന്നിവർ പങ്കെടുത്തു.

സമ്മേളനത്തിന്റെ ആമുഖപ്രസംഗത്തിൽ ബിഷപ്പ് മാർ ജോയ് ആലപ്പാട്ട്, ഷിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതയിൽ 25 വർഷത്തിലേറെയായി മാതൃകാപരമായ സേവനം അനുഷ്ഠിക്കുന്ന ഫാ. എബ്രാഹം മുത്തോലത്തിനെ അഭിനന്ദിച്ചു. രൂപതയുടെ പ്രഥമ വികാരി ജനറാളായി 12 വർഷം അദ്ദേഹം നിർവഹിച്ച സ്തുത്യർഹമായ ശുശ്രൂഷകളെയും ബിഷപ് അനുസ്മരിച്ചു. കൂടാതെ, അമേരിക്കയിലെ ഷെക്കീന ഗ്ലോബൽ ന്യൂസിയുടെ ചാപ്ലെയിനായും ഫാ. മുത്തോലത്തിനെ നിയമിച്ചിട്ടുണ്ടെന്ന് അദ്ദേഹം ഔദ്യോഗികമായി അറിയിച്ചു.

സ്വാഗതപ്രസംഗത്തിൽ ഫാ. അബ്രാഹംമുത്തോലത്ത്, ഹൂസ്റ്റണിൽ ഷെക്കീന ഗ്ലോബൽ ന്യൂസിനായി 12 ഏക്കർ സ്ഥലം സ്വന്തമാക്കുകയും അവിടെ ആരാധനാ ചാപ്പൽ, ടെലിവിഷൻ ക്കോർഡിങ് സ്റ്റുഡിയോ, ഓഫീസ് സൗകര്യങ്ങൾ, താമസസൗകര്യം എന്നിവ ഒരുക്കുകയും ചെയ്ത ബ്രദർ സന്തോഷ് കരുമത്രയെ പ്രത്യേകം അഭിനന്ദിച്ചു. 2026 ജൂലൈ 13ന് ഈ ആധുനിക സൗകര്യങ്ങളുടെ ആശീർവാദം നിർവഹിക്കാൻ സാധിച്ചതിലുള്ള സന്തോഷവും അദ്ദേഹം പങ്കുവെച്ചു.

തുടർന്ന് നടന്ന വിശുദ്ധ കുർബാനയ്ക്ക് മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ മുഖ്യകാർമികത്വം വഹിച്ചു. ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, ബിഷപ് മാർ ജോയ് ആലപ്പാട്ട്, ഫാ. ഫ്രാൻസിസ് ഇലവുത്തുങ്കൽ, ഫാ. ഏബ്രാഹം മുത്തോലത്ത്, ഫാ. റോയി മൂലേച്ചാലിൽ, ഫാ. ജോഷി വലിയവീട്ടിൽ എന്നിവർ സഹകാർമികരായിരുന്നു.

വിശുദ്ധ കുർബാനയ്ക്കുശേഷം സംസാരിച്ച ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ഷെക്കീന ന്യൂസ് ചാനലിന്റെ ദൈവപരിപാലനയിലുള്ള വളർച്ചയെ അഭിനന്ദിച്ചു. കത്തോലിക്കാ സഭയുമായി ബന്ധപ്പെട്ട സത്യസന്ധവും വസ്തുനിഷ്ഠവുമായ വാർത്തകൾ പ്രചരിപ്പിക്കുന്നതിൽ ഈ മാധ്യമം ആധുനിക ലോകത്ത് നിർവഹിക്കുന്ന ദൗത്യം ഏറെ പ്രസക്തമാണെന്ന് അദ്ദേഹം പറഞ്ഞു. ആഗോളതലത്തിൽ ഇംഗ്ലീഷ് സംസാരിക്കുന്നവർക്കായി ഒരു പ്രത്യേക ഇംഗ്ലീഷ് ചാനൽ കൂടി ആരംഭിച്ച ബ്രദർ സന്തോഷ് കരുമത്രയുടെ ദീർഘവീക്ഷണത്തെ അദ്ദേഹം പ്രത്യേകം ശ്ലാഘിച്ചു.

കഴിഞ്ഞ കാൽനൂറ്റാണ്ടിലേറെയായി ഷിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതയോടു ചേർന്നുനിന്ന് ക്നാനായ കത്തോലിക്കാ സമൂഹത്തിനുവേണ്ടി ഫാ. അബ്രാഹം മുത്തോലത്ത് നിർവഹിച്ച സ്തുത്യർഹ സേവനങ്ങളെ മാനിച്ച്, അസിസ്റ്റന്റ് വികാരി ഫാ. ജോഷി വലിയവീട്ടിലും ഇടവക ട്രസ്റ്റിമാരും ചേർന്ന് അദ്ദേഹത്തിന് ആദരസൂചകമായി മേജർ ആർച്ച്ബിഷപ്പിലൂടെ ഫലകം സമർപ്പിച്ചു.

ഷെക്കീന ന്യൂസ് ചാനലിലൂടെയും അമേരിക്കയിൽ ഹൂസ്റ്റൺ ആസ്ഥാനമായി ആരംഭിച്ച ഷെക്കീന ഗ്ലോബൽ ന്യൂസിലൂടെയും സഭയ്ക്ക് നൽകുന്ന മഹത്തായ മാധ്യമശുശ്രൂഷകളെ മുൻനിർത്തി ബ്രദർ സന്തോഷ് കരുമത്രയെ മേജർ ആർച്ച്ബിഷപ്പും മറ്റു പിതാക്കന്മാരും ചേർന്ന് പൊന്നാടയണിയിച്ച് ആദരിച്ചു.

ചടങ്ങിൽ പങ്കെടുത്ത പിതാക്കന്മാർക്കും വൈദികർക്കും ആത്മീയമായി ഒപ്പം നിന്ന വിശ്വാസികൾക്കും ഫാ. അബ്രാഹം മുത്തോലത്ത് നന്ദി രേഖപ്പെടുത്തി. ഹൂസ്റ്റണിൽ സ്വന്തമായ സ്ഥലവും ഓഫീസും സ്റ്റുഡിയോയും ആരാധനാ ചാപ്പലുമായി ഷെക്കീന ഗ്ലോബൽ ന്യൂസ് പ്രവർത്തനം ആരംഭിച്ചതിന് ദൈവത്തിന് നന്ദിയർപ്പിക്കുന്ന വലിയൊരു പ്രാർത്ഥനാമുഹൂർത്തം കൂടിയായി ഈ ശുശ്രൂഷകൾ മാറി.



## ട്രംപിന്റെ തീരുവ ഭീഷണിക്ക് തടയിടാൻ കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി; പ്രീമിയർമാരുടെ പിന്തുണ, പക്ഷെ കരാർ നീളുമെന്ന് ആശങ്ക!

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ച കടുത്ത തീരുവ ഭീഷണികളെ മറികടക്കാൻ നീക്കങ്ങളുമായി കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി. അമേരിക്കയുമായി ഉഭയകക്ഷി വാണിജ്യ കരാറിലെത്താനുള്ള കാർണിയുടെ ശ്രമങ്ങൾക്ക് കാനഡയിലെ പ്രവിശ്യാ നേതാക്കളായ പ്രീമിയർമാർ പിന്തുണ പ്രഖ്യാപിച്ചു.

ചാർലറ്റ് ടൗണിൽ നടന്ന നിർണ്ണായകമായ കൗൺസിൽ ഓഫ് ദി ഫെഡറേഷൻ യോഗത്തിലാണ് പ്രവിശ്യാ മേധാവികൾ മാർക്ക് കാർണിയുമായി കൈകോർക്കാൻ തീരുമാനിച്ചത്. അമേരിക്കൻ ഉൽപ്പന്നങ്ങൾക്ക് അധിക തീരുവ ചുമത്താനുള്ള ട്രംപ് ഭരണകൂടത്തിന്റെ പുതിയ നിലപാടുകൾ കനേഡിയൻ സമ്പദ്‌വ്യവസ്ഥയ്ക്ക് വലിയ ഭീഷണിയാണ് ഉയർത്തുന്നത്.

എന്നാൽ അമേരിക്കയുമായുള്ള വ്യാപാര കരാർ ഉടൻ തന്നെ അന്തിമഘട്ടത്തിൽ എത്തുമോ എന്ന കാര്യത്തിൽ പ്രവിശ്യാ നേതാക്കൾക്കിടയിൽ ഇപ്പോഴും സംശയങ്ങൾ നിലനിൽക്കുന്നുണ്ട്. വരും ആഴ്ചകളിൽ നടക്കാനിരിക്കുന്ന നയതന്ത്ര ചർച്ചകൾ കാനഡയുടെ ഭാവി വാണിജ്യ ബന്ധങ്ങളിൽ ഏറെ നിർണ്ണായകമായിരിക്കും. വാഷിംഗ്ടണുമായി പെട്ടെന്നൊരു കരാറിലെത്താൻ സാധിച്ചില്ലെങ്കിൽ കനേഡിയൻ വിപണി വൻ പ്രതിസന്ധി നേരിടേണ്ടി വരുമെന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു.

അമേരിക്കയിലേക്ക് കയറ്റുമതി ചെയ്യുന്ന പ്രധാന ഉൽപ്പന്നങ്ങൾക്ക് മേൽ കടുത്ത നികുതികൾ ഏർപ്പെടുത്തുമെന്നാണ് വൈറ്റ് ഹൗസ് നൽകിയിരിക്കുന്ന മുന്നറിയിപ്പ്. ഇത് നേരിടാൻ പ്രത്യേക സാമ്പത്തിക പാക്കേജുകളും നയതന്ത്ര തന്ത്രങ്ങളും കനേഡിയൻ ഭരണകൂടം തയ്യാറാക്കിവരികയാണ്.

കേന്ദ്ര ഭരണകൂടത്തിന് പൂർണ്ണ പിന്തുണ പ്രഖ്യാപിക്കുമ്പോഴും സ്വന്തം പ്രവിശ്യകളുടെ സാമ്പത്തിക താല്പര്യങ്ങൾ സംരക്ഷിക്കണമെന്ന് ചില പ്രീമിയർമാർ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രധാന മേഖലകളായ ഓട്ടോമൊബൈൽ, ഊർജ്ജം, കൃഷി എന്നിവയെ തീരുവ ഭീഷണിയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കണമെന്നാണ് ഇവരുടെ പ്രധാന ആവശ്യം.

കാനഡയിലെ ഭൂരിഭാഗം പ്രവിശ്യകളുടെയും വരുമാന മാർഗ്ഗം അമേരിക്കയുമായുള്ള അതിർത്തി കടന്നുള്ള കച്ചവടത്തെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. അതിനാൽ ട്രംപിന്റെ ഏകപക്ഷീയമായ തീരുമാനങ്ങൾ പ്രവിശ്യാ സമ്പദ്‌വ്യവസ്ഥകളെ സാരമായി ബാധിക്കും.

പ്രധാനമന്ത്രി മാർക്ക് കാർണി നടത്തുന്ന നയതന്ത്ര നീക്കങ്ങൾ ശരിയായ ദിശയിലാണെന്ന് യോഗത്തിന് ശേഷം പ്രവിശ്യാ പ്രതിനിധികൾ അഭിപ്രായപ്പെട്ടു. ട്രംപ് ഭരണകൂടം ഉന്നയിക്കുന്ന ആവശ്യങ്ങൾ പൂർണ്ണമായി അംഗീകരിക്കാൻ കാനഡയ്ക്ക് സാധിക്കില്ലെന്ന് കാർണി വ്യക്തമാക്കിയിട്ടുണ്ട്. രാജ്യത്തിന്റെ പരമാധികാരവും വ്യാപാര താല്പര്യങ്ങളും സംരക്ഷിച്ചുകൊണ്ടുള്ള വിട്ടുവീഴ്ചകൾക്ക് മാത്രമാണ് കാനഡ തയ്യാറാകുന്നത്.

അതിർത്തി സുരക്ഷയും സമുദ്ര വാണിജ്യ പാതകളിലെ സഹകരണവും ചർച്ചകളുടെ ഭാഗമായി അമേരിക്ക മുന്നോട്ടുവെക്കുന്നുണ്ട്. കനേഡിയൻ അതിർത്തി വഴി അമേരിക്കയിലേക്ക് എത്തുന്ന ഉൽപ്പന്നങ്ങൾക്ക് കടുത്ത പരിശോധനകൾ ഏർപ്പെടുത്തുമെന്നും യുഎസ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

ഉഭയകക്ഷി ചർച്ചകൾ നീണ്ടുപോകുന്നത് ഇരുരാജ്യങ്ങളിലെയും വ്യാപാരികൾക്കിടയിൽ വൻ അനിശ്ചിതത്വമാണ് സൃഷ്ടിച്ചിരിക്കുന്നത്. മുൻപ് ഉണ്ടാക്കിയ യുഎസ്എംസിഎ വാണിജ്യ കരാറിന്റെ നിബന്ധനകൾ പുതുക്കണമെന്നാണ് ട്രംപിന്റെ പ്രധാന ആവശ്യം. സാമ്പത്തിക തർക്കങ്ങൾ പെട്ടെന്ന് പരിഹരിച്ചില്ലെങ്കിൽ വടക്കൻ അമേരിക്കൻ വൻകരയിലെ വിപണികൾ വൻ തകർച്ച നേരിടേണ്ടി വരും.

കാനഡയിലെ വ്യവസായ സ്ഥാപനങ്ങൾക്ക് പ്രതിസന്ധി നേരിടാൻ ധനസഹായം നൽകുന്നത് ഉൾപ്പെടെയുള്ള മുൻകരുതലുകൾ സർക്കാർ ആലോചിക്കുന്നുണ്ട്. വിപണിയിലെ ആശങ്കകൾ പരിഹരിക്കാൻ അടിയന്തര നടപടികൾ വേണമെന്നാണ് ബിസിനസ്സ് കൂട്ടായ്മകളുടെ ആവശ്യം. തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് മറ്റ് അന്താരാഷ്ട്ര വിപണികൾ കണ്ടെത്താനുള്ള നീക്കങ്ങളും കാനഡ ആരംഭിച്ചിട്ടുണ്ട്. യൂറോപ്യൻ യൂണിയൻ രാജ്യങ്ങളുമായും ഏഷ്യൻ വിപണികളുമായും പുതിയ സഹകരണത്തിന് വഴിതുറക്കാൻ ശ്രമങ്ങൾ നടക്കുന്നു.

യുഎസ് ഭരണകൂടത്തിന്റെ പുതിയ നിലപാടുകൾ നയതന്ത്ര ലോകത്ത് വലിയ ചർച്ചയായി മാറിക്കഴിഞ്ഞു. പ്രശ്നപരിഹാരത്തിനായി ഇരുരാജ്യങ്ങളുടെയും പ്രതിനിധികൾ അടങ്ങുന്ന പ്രത്യേക സമിതി ചർച്ചകൾ തുടരും. വരും ദിവസങ്ങളിൽ പ്രവിശ്യാ നേതാക്കളുമായി വീണ്ടും കൂടിയാലോചന നടത്തി പുതിയ തന്ത്രങ്ങൾക്ക് മാർക്ക് കാർണി രൂപം നൽകും.

പ്രധാനമന്ത്രി മാർക്ക് കാർണിയുടെ അടുത്ത വാഷിംഗ്ടൺ സന്ദർശനം ഈ വിഷയം അന്തിമ തീരുമാനത്തിലേക്ക് എത്തിക്കുമെന്നാണ് പ്രത്യാശിക്കുന്നത്. കരാർ യാഥാർത്ഥ്യമാകുന്നതോടെ വിപണിയിലെ തടസ്സങ്ങൾ നീങ്ങുമെന്ന് നിക്ഷേപകർ കരുതുന്നു.

## കാനഡയിൽ ഇന്ത്യൻ വിദ്യാർത്ഥികൾക്ക് വൻ തിരിച്ചടി; വർക്ക് പെർമിറ്റുകൾ റദ്ദാക്കുന്നു, ആയിരക്കണക്കിന് പ്രവാസികൾ പ്രതിസന്ധിയിൽ!




കാനഡയിലെ ഉന്നത വിദ്യാഭ്യാസത്തിന് ശേഷം തൊഴിൽ വിസ സ്വന്തമാക്കാൻ കാത്തിരുന്ന നിരവധി മലയാളി വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള ഭാരതീയർക്ക് കടുത്ത പ്രഹരം. സ്റ്റഡി പെർമിറ്റ് നിബന്ധനകളിൽ വരുത്തിയ പുതിയ വ്യക്തതയെ തുടർന്ന് ആയിരത്തഞ്ഞൂറോളം വിദേശ ബിരുദധാരികൾക്ക് പോസ്റ്റ് ഗ്രാജുവേഷൻ വർക്ക് പെർമിറ്റ് നിഷേധിച്ചതായി റിപ്പോർട്ടുകൾ പുറത്തുവന്നു.

കാനഡയിലെ സ്വകാര്യ കോളേജുകളിൽ ലൈസൻസിംഗ് കരാർ പ്രകാരം പ്രവർത്തിച്ചിരുന്ന ജനപ്രിയ കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികളെയാണ് ഈ പുതിയ തീരുമാനം പ്രധാനമായും ബാധിച്ചിരിക്കുന്നത്. പൊതു കോളേജുകളുമായി ചേർന്ന് സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്ന ഇത്തരത്തിലുള്ള കോഴ്സുകൾക്ക് ഇനി മുതൽ വർക്ക് പെർമിറ്റ് നൽകില്ലെന്ന് കാനഡ ഇമിഗ്രേഷൻ വിഭാഗം അറിയിച്ചു.

നിയമങ്ങളിൽ വരുത്തിയ മാറ്റങ്ങൾ അറിയാതെ പ്രവേശനം നേടിയ ധാരാളം ഇന്ത്യൻ വിദ്യാർത്ഥികൾ നിലവിൽ പഠനം പൂർത്തിയാക്കി വർക്ക് പെർമിറ്റിനായി അപേക്ഷ സമർപ്പിച്ച് കാത്തിരിക്കുകയായിരുന്നു. എന്നാൽ ഇമിഗ്രേഷൻ വകുപ്പ് അപേക്ഷകൾ ഒന്നൊന്നായി നിരസിക്കാൻ തുടങ്ങിയതോടെ വിദ്യാർത്ഥികളുടെ ഭാവി പൂർണ്ണമായും അനിശ്ചിതത്വത്തിലായി.

പഠനത്തിനായി ലക്ഷക്കണക്കിന് രൂപ ബാങ്ക് വായ്പയെടുത്തും സമ്പാദ്യം മുഴുവൻ ചിലവഴിച്ചും കാനഡയിൽ എത്തിയ വിദ്യാർത്ഥികൾക്ക് ഈ തീരുമാനം താങ്ങാനാവാത്ത ആഘാതമാണ് നൽകിയിരിക്കുന്നത്. കാനഡയിൽ സ്ഥിരതാമസമാക്കുക എന്ന സ്വപ്നത്തോടെ എത്തിയ ഭൂരിഭാഗം പേരുടെയും പ്രതീക്ഷകളാണ് ഒറ്റയടിക്ക് ഇല്ലാതായത്.

രാജ്യത്തെ തദ്ദേശീയമായ തൊഴിൽ മേഖല സംരക്ഷിക്കുന്നതിനും ഇമിഗ്രേഷൻ സംവിധാനം കൂടുതൽ സുതാര്യമാക്കുന്നതിനുമാണ് ഈ നടപടിയെന്നാണ് കാനഡ ഭരണകൂടത്തിന്റെ ഔദ്യോഗിക വിശദീകരണം. വിദേശ വിദ്യാർത്ഥികളുടെ അനിയന്ത്രിതമായ ഒഴുക്ക് നിയന്ത്രിക്കാൻ കടുത്ത ഉപാധികളാണ് കാനഡ അടുത്തിടെയായി നടപ്പിലാക്കി വരുന്നത്.

പഠനം പൂർത്തിയാക്കിയ ശേഷം നാട്ടിലേക്ക് മടങ്ങേണ്ടി വരുമോ എന്ന ഭീതിയിലാണ് നിലവിൽ ജോലി ചെയ്യുന്ന പല ബിരുദധാരികളും. നിയമപരമായ മാർഗ്ഗങ്ങളിലൂടെ ഇതിനെതിരെ അപ്പീൽ നൽകാൻ സാധിക്കുമോ എന്ന് വിദ്യാർത്ഥി സംഘടനകൾ പരിശോധിച്ചുവരികയാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ വാഗ്ദാനം ചെയ്ത വ്യാജ ഉറപ്പുകളിൽ വിശ്വസിച്ചാണ് പലരും ഇത്തരം കോഴ്സുകളിൽ ചേർന്നതെന്ന് വിദ്യാർത്ഥികൾ ആരോപിക്കുന്നു. നിബന്ധനകൾ പെട്ടെന്ന് കർശനമാക്കിയത് തങ്ങളുടെ തെറ്റുകൊണ്ടല്ലെന്നും മാനുഷിക പരിഗണന നൽകണമെന്നുമാണ് ഇവരുടെ പ്രധാന ആവശ്യം.

കാനഡയിൽ അന്താരാഷ്ട്ര വിദ്യാർത്ഥികളിൽ പകുതിയിലധികവും ഇന്ത്യയിൽ നിന്നുള്ളവരായതിനാൽ ഈ പുതിയ തീരുമാനം ഇന്ത്യക്കാരെയാണ് ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നത്. പ്രത്യേകിച്ചും കേരളത്തിലും പഞ്ചാബിലും നിന്നുള്ള ആയിരക്കണക്കിന് കുടുംബങ്ങളെ ഇത് നേരിട്ട് ബാധിക്കും.

കാനഡയിലേക്ക് ഉപരിപഠനത്തിനായി ചേരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഇനി മുതൽ കോളേജുകളുടെയും കോഴ്സുകളുടെയും അംഗീകാരം കൃത്യമായി പരിശോധിക്കണമെന്ന് വിദഗ്ദ്ധർ മുന്നറിയിപ്പ് നൽകുന്നു. അംഗീകൃത പൊതു സ്ഥാപനങ്ങൾ തിരഞ്ഞെടുത്തില്ലെങ്കിൽ ഭാവിയിൽ വലിയ സാമ്പത്തിക നഷ്ടവും പ്രയാസങ്ങളും നേരിടേണ്ടി വരും.

വരും ദിവസങ്ങളിൽ കൂടുതൽ വിദ്യാർത്ഥികളുടെ അപേക്ഷകളിൽ തീരുമാനം വരുന്നതോടെ പ്രതിസന്ധിയിലാകുന്നവരുടെ എണ്ണം ഇനിയും ഉയർന്നേക്കാം. പ്രശ്നത്തിൽ അടിയന്തരമായി ഇടപെടാൻ ഇന്ത്യൻ എംബസിയോട് പ്രവാസി സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ട്.

കാനഡ ഇമിഗ്രേഷൻ വകുപ്പ് കൈക്കൊണ്ട കടുത്ത നിലപാടുകൾ കാരണം മറ്റ് വിദേശ രാജ്യങ്ങളിലേക്ക് ഉന്നത പഠനത്തിനായി പോകാൻ വിദ്യാർത്ഥികൾ വഴികൾ തേടാൻ സാധ്യതയുണ്ട്. നിലവിലെ സാഹചര്യം കാനഡയിലെ വിദ്യാഭ്യാസ മേഖലയ്ക്കും തിരിച്ചടിയായേക്കാം.

വിദ്യാർത്ഥികളുടെ ആശങ്കകൾ പരിഹരിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും പ്രത്യേക ഇളവുകൾ ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ് പ്രവാസി സമൂഹം. എങ്കിലും കാനഡയിൽ തുടരാൻ മറ്റ് വിസ മാർഗ്ഗങ്ങൾ തേടുകയാണ് വിദ്യാർത്ഥികൾ.






# ശ്രേഷ്ഠ കാതോലിക്ക ബസ്സേലിയോസ് ജോസഫ് ബാവ അമേരിക്കയിൽ

ന്യൂയോർക്ക്: പരിശുദ്ധ അന്ത്യോഖ്യൻ സിംഹാസനത്തിൻ കീഴിലുള്ള ആകമാനയാക്കോബായസുറിയാനിഓർത്തഡോക്സ് സഭയുടെ അമേരിക്കൻ അതിഭദ്രാസനത്തിന്റെ 37-ാമത് യൂത്ത് ആന്റ് ഫാമിലി കോൺഫറൻസിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്നതിനായി യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തായുമായ ആബൂൺ മോർ ബസ്സേലിയോസ് ജോസഫ് ബാവ അമേരിക്കയിൽ എത്തിച്ചേർന്നു.

സ്ഥാനാരോഹണത്തിനുശേഷം ആദ്യമായി അമേരിക്കയിൽ എത്തിച്ചേർന്ന ശ്രേഷ്ഠബാവയെ അമേരിക്കൻ അതിഭദ്രാസന മെത്രാപ്പോലീത്തായും പാത്രിയർക്കൽ വികാരിയുമായ അഭിവന്ദ്യ യൽദോ മോർ തീത്തോസ് തിരുമേനിയും ക്നാനായ അതിഭദ്രാസന മെത്രാപ്പോലീത്ത ഡോ. അയൂബ് മോർ സിൽവാനിയോസ് തിരുമേനിയും ഭദ്രാസനകൗൺസിൽഅംഗങ്ങളുംവൈദീകരും, വിശ്വാസികളും ചേർന്ന് ജൂലൈ 21ന് ന്യൂയോർക്കിലുള്ള ജെ.എഫ്.കെ എയർപോർട്ടിൽ വച്ച് സ്വീകരിച്ച് ഭദ്രാസന ആസ്ഥാനത്തേക്ക് ആനയിച്ചു. ഭദ്രാസന ആസ്ഥാനത്ത് അതി വിപുലമായ സ്വീകരണമാണ് ശ്രേഷ്ഠ ബാവക്ക് നൽകിയത്.

*വർഗീസ് പാലമലയിൽ*

# പാൻക്രിയാറ്റിക് ക്യാൻസർ തടയാൻ പുതിയ വാക്സിൻ: ആദ്യ മനുഷ്യ പരീക്ഷണം വൻ വിജയം

ന്യൂയോർക്ക്: പാൻക്രിയാറ്റിക് ക്യാൻസർ വരാൻ ഉയർന്ന സാധ്യതയുള്ള വ്യക്തികളിൽ രോഗം ആരംഭത്തിലേ തടയുന്നതിനായി വികസിപ്പിച്ച പുതിയ വാക്സിൻ ആദ്യഘട്ട മനുഷ്യ പരീക്ഷണത്തിൽ മികച്ച ഫലം നൽകുന്നു. അമേരിക്കയിലെ ബൾട്ടിമോറിലുള്ള ജോൺസ് ഹോപ്കിൻസ് സ്കൂൾ ഓഫ് മെഡിസിനിലെ ഗവേഷകരാണ് എം.കെ.ആർ.എ.എസ്വാക്സ് എന്ന പരീക്ഷണാത്മക വാക്സിന് പിന്നിൽ പ്രവർത്തിച്ചത്. അമേരിക്കൻ അസോസിയേഷൻ ഫോർ കാൻസർ റിസർച്ചിന്റെ പ്രശസ്തമായ കാൻസർ ഡിസ്കവറി ജേണലിലാണ് ഈ പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

പാരമ്പര്യമായി പാൻക്രിയാറ്റിക് ക്യാൻസർവരാൻസാധ്യതയുള്ളവരും,സ്കാനിംഗിലൂടെ പാൻക്രിയാറ്റിക് സിസ്റ്റുകൾ കണ്ടെത്തിയതുമായ 20 പേരിലാണ് ഒന്നാം ഘട്ട ക്ലിനിക്കൽ പരീക്ഷണം നടത്തിയത്. എന്നാൽ ഇവർക്ക് മുൻപ് ക്യാൻസർ സ്ഥിരീകരിച്ചിട്ടുണ്ടായിരുന്നില്ല. ഗവേഷണ ഭാഗമായി ഒന്ന്, മൂന്ന്, അഞ്ച് ആഴ്ചകളിൽ തുടർച്ചയായ കുത്തിവെപ്പുകളും, പതിമൂന്നാം ആഴ്ചയിൽ ഒരു ബൂസ്റ്റർ ഡോസുമാണ് പങ്കെടുത്തവർക്ക് നൽകിയത്. പാൻക്രിയാറ്റിക് ക്യാൻസറുകളിൽ 90 ശതമാനത്തിലധികത്തിനും കാരണമാകുന്ന കെ.ആർ.എ.എസ് ജീനിലെ ആറ് പ്രധാന മ്യൂട്ടേഷനുകളെ ലക്ഷ്യമിട്ടാണ് ഈ വാക്സിൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

പരീക്ഷണത്തിൽ പങ്കെടുത്ത 20 പേരിൽ 18 പേരിലും (90%) മികച്ച പ്രതിരോധ ശേഷി സൃഷ്ടിക്കാൻ വാക്സിന് സാധിച്ചു. ഇതിലൂടെ ശരാശരി 18 മടങ്ങ് കൂടുതൽ പ്രതിരോധ പ്രവർത്തന ശേഷി ശരീരത്തിൽ വർദ്ധിച്ചതായി ഗവേഷകർ കണ്ടെത്തി. അസാധാരണ കോശങ്ങളെ നശിപ്പിക്കുന്നവയും ദീർഘകാല പ്രതിരോധ ഓർമ്മ നൽകുന്നവയുമായ രണ്ടുതരം ടിസെല്ലുകളെ ഉൽപ്പാദിപ്പിക്കാൻ ഈ വാക്സിന് കഴിഞ്ഞു. പരീക്ഷണത്തിന് ശേഷം നടത്തിയ 16.5 മാസത്തെ നിരീക്ഷണത്തിൽ പങ്കെടുത്ത ആർക്കും തന്നെ ക്യാൻസർ ബാധയുണ്ടായിട്ടില്ല. മാത്രമല്ല വാക്സിൻ സ്വീകരിച്ച 37.5% ആളുകളിൽ ക്യാൻസറിന് സാധ്യതയുണ്ടാക്കിയിരുന്ന സിസ്റ്റുകൾ ചുരുങ്ങുകയോ പൂർണ്ണമായി ഇല്ലാതാവുകയോ ചെയ്തു.

ഇഞ്ചക്ഷൻ എടുത്ത ഭാഗത്തുണ്ടായ ചെറിയ തടിപ്പും താത്കാലികമായ പനി ലക്ഷണങ്ങളും ഒഴിച്ചാൽ വാക്സിൻ പൂർണ്ണമായും സുരക്ഷിതമാണെന്ന് വിലയിരുത്തപ്പെടുന്നു. ക്യാൻസർ വരുന്നതിന് മുൻപ് തന്നെ അതിനെ പ്രതിരോധിക്കാൻ ദീർഘകാല പ്രതിരോധ ശേഷി നൽകുന്ന ഈ വാക്സിൻ വഴി സാധിക്കുമെന്ന് പഠനത്തിന്റെ സഹരചയിതാവായ ഡോ. നീഹ സൈദി വ്യക്തമാക്കി. ചെറിയ പഠന ഗ്രൂപ്പിലാണ് പരീക്ഷണം നടത്തിയത് എന്നതിനാൽ ഇതിന്റെ പൂർണ്ണമായ വ്യാപ്തി മനസ്സിലാക്കാൻ കൂടുതൽ വലിയ ക്ലിനിക്കൽ ട്രയലുകൾ ആവശ്യമാണെന്ന് ഡോ. മൈക്കൽ ജി. ഗോഗിൻസ് അഭിപ്രായപ്പെട്ടു.

KERALA CULTURAL CENTER
KERALA ASSOCIATION OF CHICAGO
ESTD.1977

# KAC/KCCC പിക്നിക്കും ഭാരത സ്വതന്ത്ര്യ ദിനാഘോഷവും ആഗസ്റ്റ് 15ന്, വുഡ്റിഡ്ജ് സണ്ണിടെയിൽ പാർക്കിൽ

ഷിക്കാഗോ: കേരളാ അസോസിയേഷനും കേരളാ കൾച്ചറൽ സെന്ററും സംയുക്തമായി നടത്തി വരുന്ന ആനുവൽ ഫാമിലി പിക്നിക്കും ഭാരത സ്വതന്ത്ര്യ ദിനാഘോഷവും ഈ വർഷം ആഗസ്റ്റ് 15-ാം തീയതി വുഡ്റിഡ്ജ് സണ്ണിടെയിൽ പാർക്കിൽ (6848 Woodward Ave Woodridge, IL 60517) വർദ്ധിച്ച ഉത്സാഹത്തോടെ നടത്തുന്നു. രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെയാണ് സമയം. പ്രഭാത ഭക്ഷണവും തുടർന്ന് ബാർബെക്യൂവും ഉണ്ടായിരിക്കും.

പ്രായഭേദമന്യേ എല്ലാവർക്കും ഒരുപകൽ പരസ്പരം കാണുന്നതിനും ആശയങ്ങൾ പങ്ക് വെച്ച് ആഘോഷിക്കുന്നതിനും, എല്ലാവിധ കായിക കലാക്രടനങ്ങളും ചെണ്ടമേള പ്രദർശനവും ഗാനസന്ധ്യയും ഉണ്ടായിരിക്കും. ഫോട്ടോ ഷൂട്ട് , കാർഡ് ഗെയിംസ് തുടങ്ങിയവയും ഉണ്ടായിരിക്കും.

എല്ലാവരേയും ഈ ആഘോഷങ്ങളിലേക്ക് കെ.എ.സി/കെ.സി.സി.സി. ഭാരവാഹികൾ ക്ഷണിക്കുന്നു.

ഷിബു വെൺമണി ചെയർമാനായുള്ള കമ്മിറ്റി പ്രവർത്തനം ആരംഭിച്ചു. പരിപാടികളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ഈ വർഷം എല്ലാവർക്കും Evite ഇൻവിറ്റേഷൻ അയക്കുന്നതതാണ്. എല്ലാവരിൽനിന്നും RSVP പ്രതീഷിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് ഷിബു വെൺമണി (224-419-1311), ആന്റോ കവലക്കൽ (630-666-7310) എന്നിവരുമായി ബന്ധപ്പെടാവുന്നതാണ്. കുട്ടികൾക്കും മുതിർന്നവർക്കുമുള്ള സമ്മാനങ്ങൾ സ്പോൺസർ ചെയ്യാൻ താല്പര്യമുള്ളവർ വിളിക്കുക ജോർജ് കുര്യാക്കോസ് (708-642-1630), ത്രേസിയാമ്മ ചെന്നിക്കര (630-862-7867)

For all your Real Estate Needs
George Panicker/REALTOR
Call: 847 401 7771
realtorpanicker@gmail.com
പതിറ്റാണ്ടുകളുടെ സേവന പാരമ്പര്യം
Achieve Real Estate Group Inc.
634 E. Rand Rd #6,
Mount Prospect,
Illinois 60056


A FULL TIME REALTOR
3 DECADES OF EXPERIENCE IN REAL ESTATE
acheiverealtors.com

SUNNY FINANCIAL STRATEGIES, LLC
Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS

Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor
Expert Guidance Through Life's Financial Transitions
Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.
Support for complex financial moments, including:
- Financial Planning & Wealth Management
- 401(k) & IRA Investment Optimization
- Risk Management & Insurance
- Business & Employee Benefits
- Retirement Income Strategy
- Estate Planning & Trusts
- Tax Planning Strategies
- Social Security & Medicare
Complimentary Financial Plan
Retirement & Estate Review
No Cost · Limited Availability
Let's Plan Your Brighter Financial Future
847-414-9116 tom@sunnyfinancial.com
SunnyFinancial.com
SCAN TO LEARN MORE
475 Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com
Financial Advisor with Eagle Strategies LLC (a Registered investment Advisor).
Securities offered through NYLIFE Securities LLC (Member FINRA/SIPC).
Insurance offered through NYLIFE Securities LLC, a Licensed Insurance Agency.
Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.

## ലൂസിയാനയിൽ കരതൊട്ട് ബെർത്ത ചുഴലിക്കാറ്റ്; യുഎസ് കിഴക്കൻ തീരത്ത് പ്രളയ മുന്നറിയിപ്പ്



വാഷിംഗ്ടൺ: ലൂസിയാന തീരത്ത് ബെർത്ത ചുഴലിക്കാറ്റ് കരതൊട്ടതിന് പിന്നാലെ അമേരിക്കയുടെ കിഴക്കൻ തീരപ്രദേശങ്ങളിൽ അതിശക്തമായ പ്രളയ മുന്നറിയിപ്പ് പുറപ്പെടുവിച്ചു. മണിക്കൂറിൽ 45 മൈൽ വേഗതയിൽ ശക്തമായ കാറ്റോടെയാണ് ബെർത്ത ലൂസിയാനയിലെ സെന്റ് ബർണാർഡ് പാരിഷിൽ കരതൊട്ടത്. കാറ്റിന്റെ പ്രധാന ഭാഗം തീരത്തോട് അടുത്തെങ്കിലും ഏറ്റവും ശക്തമായ മഴയും കാറ്റും നിലവിൽ സമുദ്ര ഭാഗത്ത് തന്നെ തുടരുകയാണെന്ന് നാഷണൽ ഹറിക്കെയ്ൻ സെന്റർ വ്യക്തമാക്കി.

ബെർത്ത ചുഴലിക്കാറ്റിൽ നിന്നുള്ള ഈർപ്പമുള്ള ഉഷ്ണമേഖലാ വായു തെക്കുകിഴക്കൻ വിർജീനിയ, കരോലിന, നോർത്തേൺ ജോർജിയ എന്നിവിടങ്ങളിലെ തടസ്സപ്പെട്ടുനിൽക്കുന്ന തണുത്ത കാറ്റുമായി കൂടിച്ചേരുന്നതാണ് കിഴക്കൻ തീരത്ത് വലിയ പ്രളയഭീഷണി സൃഷ്ടിക്കുന്നത്. ചില പ്രദേശങ്ങളിൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ ഒരു മാസത്തെ ശരാശരി മഴ ലഭിക്കാനിടയുണ്ടെന്ന് കാലാവസ്ഥാ നിരീക്ഷകർ മുന്നറിയിപ്പ് നൽകുന്നു. വിർജീനിയനോർത്ത് കരോലിന അതിർത്തി പ്രദേശങ്ങളിൽ ഇതിനകം തന്നെ അതീവ ജാഗ്രത നിർദ്ദേശം നൽകിയിട്ടുണ്ട്.

ലൂസിയാനയിലെയും അലബാമയിലെയും തീര പ്രദേശങ്ങളിൽ കനത്ത ജാഗ്രത തുടരുകയാണ്. ഫ്ലോറിഡ, മിസിസിപ്പി, ലൂസിയാന തീരങ്ങളിൽ കനത്ത കടലാക്രമണത്തിനും ഉയർന്ന തിരമാലകൾക്കും സാധ്യതയുള്ളതിനാൽ കടലിൽ ഇറങ്ങുന്നതിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്. വ്യാഴാഴ്ച വൈകുന്നേരത്തോടെ ചുഴലിക്കാറ്റ് ശക്തി കുറഞ്ഞ് ടെക്സസ് തീരത്തേക്ക് നീങ്ങുമെന്നാണ് പ്രവചനം. നിലവിൽ എൽ നിനോ പ്രഭാവം ശക്തമായതിനെ തുടർന്ന് ഇത്തവണത്തെ അറ്റ്ലാന്റിക് ഹറിക്കെയ്ൻ സീസണിൽ രൂപപ്പെടുന്ന രണ്ടാമത്തെ പ്രധാന കൊടുങ്കാറ്റാണ് ബെർത്ത.

## ഇന്ധനവില കുതിച്ചുയരുന്നു; ട്രംപിനേക്കാൾ ഭേദം കമലയെന്ന് സ്വന്തം വോട്ടർമാർ: സർവേ റിപ്പോർട്ട്





2024ലെ യുഎസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഡൊണാൾഡ് ട്രംപിന് വോട്ട് ചെയ്തവരിൽ ചിലർ, ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയായ കമല ഹാരിസ് വിജയിച്ചിരുന്നെങ്കിൽ രാജ്യത്ത് ഇന്ധനവില കുറയുമായിരുന്നുവെന്ന് കരുതുന്നതായി പുതിയ സർവേ റിപ്പോർട്ട്. 2026ലെ ഇടക്കാല തിരഞ്ഞെടുപ്പ് അടുത്തിരിക്കെ പുറത്തുവന്ന പൊളിറ്റിക്കോ സർവേയിലാണ് ട്രംപ് വോട്ടർമാരുടെ ഈ പ്രതികരണം എന്നത് ഗൗരവം വർധിപ്പിക്കുന്നു.

ഡെമോക്രാറ്റിക് പ്രസിഡന്റിന്റെ ഭരണത്തിൻ കീഴിൽ ഉണ്ടാകുമായിരുന്നതിനേക്കാൾ കൂടുതൽ ഇന്ധനവില ട്രംപിന്റെ ഭരണകാലത്താണ് വർദ്ധിച്ചതെന്ന് സർവേയിൽ പങ്കെടുത്ത ട്രംപ് അനുകൂലികളിൽ ഭൂരിഭാഗവും അഭിപ്രായപ്പെട്ടു. ഇറാനുമായുള്ള യുദ്ധത്തെത്തുടർന്ന് ആഗോളതലത്തിൽ എണ്ണ വിതരണത്തിലുണ്ടായ തടസ്സങ്ങളാണ് പെട്രോൾ, ഡീസൽ വില വർദ്ധിക്കാൻ പ്രധാന കാരണം. ഫെബ്രുവരിയിൽ അമേരിക്കയും ഇസ്രായേലും ഇറാന് നേരെ നടത്തിയ ആക്രമണങ്ങൾക്ക് പിന്നാലെ, സുപ്രധാന എണ്ണ കടത്തുപാതയായ ഹോർമുസ് കടലിടുക്കിലുണ്ടായ തടസ്സങ്ങൾ ഇന്ധനവില കുത്തനെ ഉയരാൻ ഇടയാക്കി.

വെടിനിർത്തൽ സമയത്ത് വിലയിൽ ചെറിയ കുറവുണ്ടായെങ്കിലും പിന്നീടുള്ള ആഴ്ചകളിൽ പോരാട്ടം പുനരാരംഭിച്ചതോടെ വില വീണ്ടും ഉയരുകയായിരുന്നു. വിലക്കയറ്റവും പണപ്പെരുപ്പവും ചൂണ്ടിക്കാട്ടി മുൻ പ്രസിഡന്റ് ജോ ബൈഡനെയും ഡെമോക്രാറ്റുകളെയും വിമർശിച്ചാണ് ട്രംപ് അധികാരത്തിൽ തിരിച്ചെത്തിയത്. എന്നാൽ നിലവിലെ ഇന്ധനവില വർദ്ധനവ് ട്രംപ് ഭരണകൂടത്തിന് വലിയ രാഷ്ട്രീയ തിരിച്ചടിയാണ് സൃഷ്ടിക്കുന്നത്. രാജ്യത്തിന്റെ സാമ്പത്തികാവസ്ഥയിലും ട്രംപിന്റെ സാമ്പത്തിക നയങ്ങളിലും അമേരിക്കൻ ജനത കടുത്ത അതൃപ്തിയിലാണ്.

ഈ വിഷയം വരാനിരിക്കുന്ന ഇടക്കാല തിരഞ്ഞെടുപ്പിൽ ഹൗസ് ഓഫ് റെപ്രസെന്റേറ്റീവ്സിലും സെനറ്റിലും ഭൂരിപക്ഷം തിരിച്ചുപിടിക്കാൻ ഡെമോക്രാറ്റുകൾ പ്രധാന പ്രചാരണ ആയുധമാക്കുകയാണ്. അതേസമയം സംഘർഷം കുറയ്ക്കാനും അമേരിക്കൻ ഊർജ്ജ മേഖലയുടെ ആധിപത്യം ഉറപ്പാക്കാനും ട്രംപ് ഭരണകൂടം പ്രതിജ്ഞാബദ്ധമാണെന്ന് വൈറ്റ് ഹൗസ് വക്താവ് വ്യക്തമാക്കി.

ഹോർമുസ് കടലിടുക്കിലെ തടസ്സങ്ങൾ നീങ്ങുന്നതോടെ എണ്ണവില സംഘർഷത്തിന് മുമ്പുള്ള നിലയിലേക്ക് താഴുമെന്നും ഭരണകൂടം അവകാശപ്പെടുന്നു. എങ്കിലും നിലവിൽ അമേരിക്കയിൽ ഗാലന് ശരാശരി 4.06 ഡോളറായി ഇന്ധനവില ഉയർന്നിട്ടുണ്ട്. വരും ആഴ്ചകളിൽ വില ഇനിയും ഉയർന്നേക്കാമെന്നാണ് വിപണി വിദഗ്ദ്ധരുടെ മുന്നറിയിപ്പ്.






# നിതിൻ രാജ് കേസ്: ഡോ. റാമിന് ജാമ്യത്തിന് പഴുതൊരുക്കിയ പോലീസിനെതിരേ ഹൈക്കോടതി



കൊച്ചി: അഞ്ചരക്കണ്ടി ഡെന്റൽ കോളേജ് വിദ്യാർത്ഥി നിതിൻ രാജിന്റെ മരണത്തിൽ മുഖ്യപ്രതിയായ അദ്ധ്യാപകൻ ഡോ. എം.കെ. റാമിനെ രക്ഷിക്കാൻ പോലീസ് തലപ്പത്ത് ഗൂഢാലോചനയുണ്ടായെന്ന് സംശയം പ്രകടിപ്പിച്ച് ഹൈക്കോടതി.

അറസ്റ്റിന് കാരണം വ്യക്തമാക്കണമെന്ന സുപ്രീംകോടതി മാനദണ്ഡം പാലിക്കാതെ പ്രതിയെ തലശേരി കോടതിയിൽ ഹാജരാക്കിയത് ഇതിന്റെ ഭാഗമായാണ്. പ്രതിയെ ഇത്തരത്തിൽ ജാമ്യത്തിലിറക്കിയതിന് അന്വേഷണ ഉദ്യോഗസ്ഥനായിരുന്ന ഡിവൈ.എസ്.പി പാരിതോഷികം പറ്റിയെന്നും സംശയിക്കണം.

'പണത്തിന് മീതെ പരുന്തും പറക്കില്ലെന്ന' ചൊല്ല് അന്വർത്ഥമായിരിക്കുകയാണെന്നും ജസ്റ്റിസ് എ. ബദറുദ്ദീൻ വിമർശിച്ചു.

ഡോ. റാമിന് എസ്.സി/എസ്.ടി പ്രത്യേക കോടതിയിൽ നിന്ന് ജാമ്യം ലഭിക്കാനുണ്ടായ സാഹചര്യം പോലീസ് വിശദമായി അന്വേഷിക്കണം. അല്ലെങ്കിൽ ഹൈക്കോടതി അതിന് ഉത്തരവിടും. പ്രതിയുമായി ബന്ധപ്പെട്ടവരുടെ കാൾ റെക്കാഡുകളടക്കം പരിശോധിക്കാൻ നിർദ്ദേശിക്കുമെന്നും സിംഗിൾബെഞ്ച് മുന്നറിയിപ്പു നൽകി.

പ്രതിയെ ഹാജരാക്കിയപ്പോൾ കോടതിയിൽ സമർപ്പിച്ച രേഖകളുമായി അന്വേഷണ ഉദ്യോഗസ്ഥൻ വെള്ളിയാഴ്ച ഹാജരാകണം. അറസ്റ്റ് മാനദണ്ഡം പാലിക്കാൻ എന്തുചെയ്തെന്ന് സത്യവാങ്മൂലവും നൽകണം. ഉത്തരവിന്റെ പകർപ്പ് ജാമ്യക്കോടതിയും സമർപ്പിക്കണം.

അറസ്റ്റിന് കാരണം അറിയിക്കാതെ പ്രതിയെ രക്ഷിക്കുന്ന പ്രവണത പതിവാണ്. അതിനാൽ കോടതികൾ ഇത് കൃത്യമായി പരിശോധിക്കണമെന്ന് നേരത്തേ ഉത്തരവിട്ടിട്ടുണ്ട്. ഇത്തരത്തിൽ വെരിഫിക്കേഷൻ നടന്നോയെന്ന് പ്രത്യേക ജഡ്ജി റിപ്പോർട്ട് നൽകണമെന്നും ഹൈക്കോടതി നിർദ്ദേശിച്ചു.

ഡോ. റാം ജാമ്യം നേടിയ സാഹചര്യം ചൂണ്ടിക്കാട്ടി നിതിൻ രാജിന്റെ മാതാപിതാക്കളായ ലത, രാജൻ എന്നിവരാണ് ഹർജി നൽകിയത്. വിഷയം വെള്ളിയാഴ്ച വീണ്ടും പരിഗണിക്കും.

### 'പോലീസ് പ്രതിക്കൊപ്പം ഫുഡ് അടിച്ച് നടന്നു'

റാമിന്റെ ഒളിവിടം കണ്ടെത്താൻ പോലീസ് സർവശ്രമങ്ങളും നടത്തിയിരുന്നെന്ന് വാദത്തിനിടെ സർക്കാർ അറിയിച്ചെങ്കിലും ഹൈക്കോടതി അംഗീകരിച്ചില്ല.പ്രതി പോയിടത്തെല്ലാം പോലീസ് പിന്നാലെ പോയി ആഘോഷമാക്കി. കൂടെ നടന്ന് ഫുഡ് അടിച്ച്, കീഴടങ്ങാൻ വരുമ്പോൾ പിടികൂടി, പുറത്തിറങ്ങാൻ പഴുതുമിട്ടു. ഇത് ഭരണസംവിധാനത്തിന്റെയും പരാജയമാണ്.

കഴിഞ്ഞ 15 വർഷത്തെ ഭരണത്തിൽ ഇത്തരമൊരു സംഭവം ഉണ്ടായിട്ടില്ല. എന്തിനാണ് ഇവിടെ പോലീസ്? പാവപ്പെട്ടവരെ ഉപദ്രവിക്കാനും സ്വാധീനമുള്ളവരെ രക്ഷിക്കാനുമാണോ? ജനം ഇതൊക്കെ കാണുന്നുണ്ട്.

പണമുള്ളവർക്ക് എന്തും ചെയ്യാമെന്നാണോ? ഡിവൈ.എസ്.പിക്കു പദവിയിലിരിക്കാൻ അർഹതയില്ല. അറസ്റ്റിന് കാരണം അറിയിക്കണമെന്ന് അറിയാഞ്ഞിട്ടാണോ? ആദ്യമായാണോ ഒരാളെ അറസ്റ്റ് ചെയ്യുന്നത്?

ഡിവൈ.എസ്.പിയുടെ നടപടി ഉന്നത ഉദ്യോഗസ്ഥരുടെ ഗൂഢാലോചനയുടെ ഫലമാണ്. ലോൺ ആപ്പിലെ വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തതു കൊണ്ട് നിതിൻ ആത്മഹത്യ ചെയ്തെന്ന പോലീസിന്റെ കണ്ടെത്തൽ ആരാണ് വിശ്വസിക്കുന്നത്?

ലോൺ കേസിൽ പ്രതികളെ ഓടിച്ചെന്ന് പിടികൂടി അകത്താക്കി. പോലീസ് ആരുടെ കൂടെയാണെന്ന് എല്ലാവർക്കുമറിയാം. എല്ലാം കഴിഞ്ഞിട്ട് അന്വേഷണ സംഘത്തെ മാറ്റി തലയൂരാനുള്ള ശ്രമമാണെന്നും ഹൈക്കോടതി വിമർശിച്ചു.









# പോരാ 'നമുക്കൊന്ന്'; നിലനിൽപ്പിന് രണ്ടു വേണം

എറണാകുളം ജില്ലയെ പുരോഗതിയിലേക്കു നയിച്ച കളക്ടർമാരുടെ പരമ്പരയിൽ ഏറ്റവും ശ്രദ്ധേയനായിരുന്നയാൾ ആരെന്ന ചോദ്യത്തിന് പഴയ തലമുറ നൽകുന്ന ഉത്തരം 'എസ്. കൃഷ്ണകുമാർ' എന്നായിരിക്കും. അസാധാരണ ക്രാന്തദർശിത്വവും കർമ്മശേഷിയും സമന്വയിച്ച പ്രവർത്തനശൈലിയിലൂടെ തിളങ്ങിയ അദ്ദേഹം പിന്നീട് ഐഎഎസ് വിട്ട് ലീഡർ കരുണാകരന്റെ ഇഷ്ടക്കാരനായി മാറി എംപി യും കേന്ദ്ര മന്ത്രിയും ആയതും ഭാര്യാ സമേതനായി അഴിമതിക്കേസുകളിൽ ഉൾപ്പെട്ടതും ബി.ജെ.പിയിലേക്ക് കാലു മാറിയതും തിരികെ കോൺഗ്രസിലെത്തിയതും കാലത്തിന്റെ തിരശീലയ്ക്കു പിന്നിൽ സ്വയം മറഞ്ഞു നിൽക്കുന്നതും പിൽക്കാല ചരിത്രം.



കളക്ടറെന്ന നിലയിൽ കൃഷ്ണകുമാർ ഏറ്റവും ശ്രദ്ധേയമായ പ്രകടനം കാഴ്ചവച്ചത് കുടുംബാസൂത്രണ പദ്ധതിക്ക് എറണാകുളം ജില്ലയിൽ നൂറുമേനി വിളവെടുക്കാൻ കളമൊരുക്കിയതിലൂടെയാണ്. ഇതിന്റെ പേരിൽ അന്താരാഷ്ട്ര പുരസ്കാരങ്ങളും അദ്ദേഹത്തെ തേടിയെത്തി. ജനസംഖ്യാ വിസ്ഫോടനത്തിൽ രാജ്യം തകർന്നു പോകുമെന്ന അക്കാലത്തെ വിദഗ്ധ സിദ്ധാന്തത്തിൽ ഭരണകൂടം നിമഗ്നമായതിന്റെ അനന്തരഫലമായിരുന്നു ഊർജിത സ്ഥായിയിലുള്ള കുടുംബാസൂത്രണ പദ്ധതികൾ. 'നാമൊന്ന് നമുക്ക് മൂന്നെന്ന്' മുദ്രാവാക്യം പിന്നീട് രണ്ടിലേക്കും ഒന്നിലേക്കും പൂജ്യത്തിലേക്കും ലോപിച്ചപ്പോൾ കൃഷ്ണ കുമാറിന്റെ പേര് ആവർത്തിച്ച് ഓർമ്മിച്ചു പലരും. അര നൂറ്റാണ്ടിനിപ്പുറം മലയാളിസമൂഹത്തിന്റെ നിലനിൽപ് അപകടത്തിലായിരിക്കുന്നുവെന്ന മുന്നറിയിപ്പ് കൃത്യമായ കണക്കുകളുടെ പിൻബലത്തോടെ ദൃഢമാകവേ ഇപ്പോൾ 'കൃഷ്ണകുമാർ ഇഫക്ടിന്റെ ആന്റി ക്ളൈമാക്സ് 'അരങ്ങേറുന്നു.

സാമ്പത്തികസ്ഥിതിവിവരക്കണക്കു വകുപ്പ് പുറത്തുവിട്ട പുതിയ വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് പ്രകാരം കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ജനനനിരക്ക് ഒറ്റയക്കത്തിലേക്ക് (പത്തിൽ താഴെ) കൂപ്പുകുത്തിയിരിക്കുന്നു. ഇത് ഭാവികേരളം സാമൂഹിക, സാമ്പത്തിക, സാംസ്കാരിക മേഖലകളിൽ നേരിടാൻ പോകുന്ന വെല്ലുവിളികളുടെ വ്യക്തമായ സൂചനയാണ്. കേരളത്തിന്റെ ജനനനിരക്ക് (1000 പേർക്ക്) 2023ലെ 11.06ൽ നിന്നും 9.64 ആയി കുത്തനെ കുറഞ്ഞു. ചരിത്രത്തിലാദ്യമായാണ് ഈ നിരക്ക് 10ന് താഴെയെത്തുന്നത്. 1992ൽ ഇത് 17.67 ആയിരുന്നു.

ഒരു വർഷത്തിനിടെ രജിസ്റ്റർ ചെയ്ത ജനനങ്ങളുടെ എണ്ണത്തിൽ 48,000 ത്തിലധികം കുറവുണ്ടായി. 2023ൽ 3,93,231കുട്ടികൾ ജനിച്ച സ്ഥാനത്ത് 2024ൽ അത് 3,44,766 ആയി കുറഞ്ഞു (ഏകദേശം 12% ഇടിവ്). 2025ൽ ആകെ ജനിച്ചത് 3,27,125 കുട്ടികൾ മാത്രം.

ഒരു സ്ത്രീ തന്റെ ജീവിതകാലത്ത് പ്രസവിക്കുന്ന കുട്ടികളുടെ ശരാശരി എണ്ണം വ്യക്തമാക്കുന്ന ടോട്ടൽ ഫെർട്ടിലിറ്റി റേറ്റ് കേരളത്തിൽ 1.19 ആയി ചുരുങ്ങി. ജനസംഖ്യ കുറയാതെ നിലനിർത്താൻ ആവശ്യമായ നിരക്ക് 2.1 ആണ് എന്നതോർക്കണം. ജനനനിരക്ക് കുറയുകയും ആയുർദൈർഘ്യം കൂടുകയും ചെയ്യുമ്പോൾ കുട്ടികളുടെയും യുവാക്കളുടെയും എണ്ണം വൻതോതിൽ കുറയും. 60 വയസ്സിന് മുകളിലുള്ളവരുടെ എണ്ണം കുതിച്ചുയരും. യുവജനങ്ങളുടെ എണ്ണം കുറയുന്നത് ഉത്പാദന സേവന മേഖലകളെ ബാധിക്കും. നികുതി നൽകുന്ന അധ്വാനിക്കുന്ന വിഭാഗം കുറയുകയും, പെൻഷനും മറ്റ് സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങളും ആവശ്യപ്പെടുന്ന പ്രായമായവരുടെ എണ്ണം കൂടുകയും ചെയ്യുന്നത് സംസ്ഥാന സർക്കാരിന്റെ ഖജനാവിന് കനത്ത ബാധ്യതയാകും.

ഉയർന്നസാക്ഷരത,സ്ത്രീശാക്തീകരണം, വർധിച്ച ആരോഗ്യാവബോധം, ആരോഗ്യപരിചരണ സംവിധാനങ്ങളുടെ ലഭ്യത എന്നിങ്ങനെ കേരളം കൈവരിച്ച നേട്ടങ്ങൾ ജനനനിരക്കു കുറയുന്നതിനു പിന്നിലുണ്ടെന്നതു വാസ്തവമാണ്. അതേസമയം, കുട്ടികളെ വളർത്താനും അവർക്ക് അന്തസ്സായ വിദ്യാഭ്യാസം നൽകാനുമുള്ള ചെലവ് കുതിച്ചുയരുന്നതും കൂടുതൽ കുട്ടികളെ സ്വീകരിക്കുന്നതിൽ നിന്നു യുവരക്ഷിതാക്കളെ പിന്തിരിപ്പിക്കുന്നുവെന്ന കാര്യം വ്യക്തം. ഉന്നതവിദ്യാഭ്യാസമുള്ള യുവതീയുവാക്കൾ വിവാഹത്തിനുംപ്രസവത്തിനുംമുമ്പായിവിദേശരാജ്യങ്ങളിലേക്കു വൻതോതിൽ കുടിയേറുന്നതും കേരളത്തിനകത്തെ ജനനനിരക്കു കുറയുന്നതിനിടയാക്കുന്നുണ്ട്.

തൊഴിൽ വൈദഗ്ദ്യം നേടിയ മലയാളികൾ പിന്നീട് യൂറോപ്പ്, വടക്കേ അമേരിക്ക, കാനഡ, ഓസ്ട്രേലിയ തുടങ്ങിയ പ്രദേശങ്ങളിലേക്ക് കുടിയേറാനാരംഭിച്ചിരുന്നു. എന്നാൽ ഇതിൽനിന്നെല്ലാം തീർത്തും വ്യത്യസ്തമാണ് ഇന്ന് കാണുന്ന വിദ്യാർത്ഥി കുടിയേറ്റം. ഉന്നതവിദ്യാഭ്യാസത്തിനായി വിദേശരാജ്യങ്ങളിലേക്കുപോകുന്നവർ കേരളത്തിലേക്ക് ഭാവിയിൽ മടങ്ങി വരാൻ ആഗ്രഹിക്കുന്നില്ല എന്നതാണ് ഇതിലെ പ്രധാന വസ്തുത. താൽക്കാലികമായിരുന്ന മുൻകാല കുടിയേറ്റങ്ങളിൽ നിന്നും വ്യത്യസ്തമായി സ്ഥിരം കുടിയേറ്റം ആണ് പലരും ലക്ഷ്യം വക്കുന്നത്. സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ നിരവധി പ്രത്യാഘാതങ്ങളും മാറ്റങ്ങളും ഉണ്ടാക്കാൻ സാധ്യതയുള്ള ഇത്തരം കുടിയേറ്റത്തിന്റെ കാരണങ്ങളായി അനവധി ഘടകങ്ങൾ ചൂണ്ടികാണിക്കപ്പെടുന്നുണ്ട്.

വികസിത രാജ്യങ്ങളിൽ മെച്ചപ്പെട്ട ജീവിത നിലവാരമുണ്ട് എന്ന ധാരണ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിലെ ഒരു പ്രധാന ഘടകമാണ്. ഇത്തരം രാജ്യങ്ങളിൽ പി.ആർ അല്ലെങ്കിൽ പൗരത്വം ലഭിക്കുന്നതിനുള്ള ഒരു ചവിട്ടുപടിയയോ എളുപ്പമാർഗ്ഗമയോ പലരും വിദ്യാഭ്യാസ കുടിയേറ്റത്തെ കാണക്കാക്കുന്നുണ്ട്. ഇത്തരം രാജ്യങ്ങൾ മുന്നോട്ടുവെക്കുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികളും പ്രധാന ആകർഷണങ്ങളാണ്. ഇതിനെല്ലാം ഉപരിയായി ചൂണ്ടിക്കാണിക്കപ്പെടുന്ന മറ്റു പ്രധാന വിഷയങ്ങൾ ഇവിടങ്ങളിൽ ഏതു തരം തൊഴിലിനും ലഭിക്കുന്ന മാന്യതയും വ്യക്തി സ്വാതന്ത്ര്യവുമാണ്. സമൂഹം, കുടുംബം, മതം മുതലായവയുടെ ഒരു പരിധിയിൽ കവിഞ്ഞ ഇടപെടൽ ആഗ്രഹിക്കാത്ത വലിയൊരു ശതമാനം യുവജനങ്ങൾ ഇന്നുണ്ട് എന്നുള്ളത് ഇതിന് ആക്കം കൂട്ടുന്നു.

കോവിഡ് മഹാമാരിക്കാലത്ത് ഇന്റർനെറ്റിന്റെ ഉപയോഗത്തിലുണ്ടായ വർദ്ധനവ് യുവജനതയുടെ സാംസ്കാരികപരമായ ചിന്തകളിൽ കാതലായ മാറ്റങ്ങൾ വരുത്തി. സാമൂഹ്യ മാധ്യമങ്ങളിലൂടെ മറ്റ് ആഗോള സംസ്കാരങ്ങളെ കൂടുതൽ അടുത്തറിഞ്ഞ ഈ തലമുറ അവയുമായി ആഭിമുഖ്യം പുലർത്തുന്ന തലത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. പരമ്പരാഗത സാമ്പ്രദായിക കാഴ്ചപ്പാടുകളെയും രീതികളെയും മറികടക്കാനുള്ള ഒരു ത്വര ഇത്തരത്തിൽ രൂപപ്പെട്ടു. ഇതും വിദേശകുടിയേറ്റത്തിന്റെ ഒരു കാരണമായി വിലയിരുത്തപ്പെടുന്നു.

## കുടിയേറ്റം ഏറിയാൽ

രക്ഷിതാക്കളുടെ മനോഭാവത്തിലും കാഴ്ച്ചപ്പാടിലും വന്നിട്ടുള്ള മാറ്റങ്ങളും വിദ്യാഭ്യാസ കുടിയേറ്റത്തിന്റെ ഒരു സുപ്രധാന ഘടകമാണ്. സാമ്പത്തികമോ സാമൂഹികമോ രാഷ്ട്രീയമോ ആയി മുൻപന്തിയിൽ നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികളാണ് മുൻകാലങ്ങളിൽ വിദേശപഠനത്തന് കൂടുതലായും പോയിരുന്നത് എങ്കിൽ ഇന്ന് മധ്യവർഗ്ഗ കുടുംബങ്ങളിലെ വിദ്യാർത്ഥികളും വലിയതോതിൽ വിദേശവിദ്യാഭ്യാസത്തിനായി പോകുന്നുണ്ട്. വിദേശവിദ്യാഭ്യാസത്തിനായി പോയി ജോലിനേടിയവരുടെയും അവിടെ സ്ഥിരതാമസമാക്കിയവരുടെയും വിജയകഥകളും പലരെയും പോകാൻപ്രേരിപ്പിക്കുന്നു. സാമൂഹ്യസാമ്പത്തിക ശാസ്ത്രത്തിൽ 'അയൽപ്പക്ക പ്രഭാവം' എന്നറിയപ്പെടുന്ന ഈ പ്രതിഭാസം വിദ്യാഭ്യാസ കുടിയേറ്റക്കാര്യത്തിൽ കൃത്യമായി പ്രവർത്തിക്കുന്നുവെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

യൂറോപ്യൻ രാജ്യങ്ങളും ജപ്പാനും ചൈനയുമൊക്കെ നേരിടുന്ന ജനസംഖ്യാ പ്രതിസന്ധിയിലേക്ക് കേരളവും വഴുതിവീഴുമ്പോൾ, നാം അതിനെ എങ്ങനെയാണു നേരിടേണ്ടതെന്ന ചോദ്യത്തിന് വിദഗ്ധർ നൽകുന്ന ഉത്തരങ്ങൾ ഏകദേശം ഒരേ തരത്തിലുള്ളതാണ്. ഒരു പ്രതിരോധമാർഗം കഴിയുന്നത്ര യുവാക്കളെ നാട്ടിൽ തുടരാൻ പ്രേരിപ്പിക്കുന്ന സാഹചര്യമൊരുക്കുക എന്നതാണ്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ കാലാനുസൃതമായി നവീകരിക്കുകയും, പഠിച്ചിറങ്ങുമ്പോൾ നാട്ടിൽ തന്നെ അന്തസ്സുള്ള വേതനത്തോടെ ജോലി ചെയ്യാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുകയും വേണം. ഇതു കുടിയേറ്റം കുറയ്ക്കുകയും അടുത്ത തലമുറയുടെ ജനനം കേരളത്തിലാകാൻ ഇടയാക്കുകയും ചെയ്യും. പ്രയോഗികതലത്തിൽ ഇതിന്റെ വിജയസാധ്യത പക്ഷേ, സംശയാസ്പദമായി തുടരുന്നു. സാമ്പത്തികത്തിനപ്പുറമുള്ള കാരണങ്ങൾ കുടിയേറ്റത്തിനുണ്ടുതാനും.


ബാബു കദളിക്കാട്

കേരളത്തിൽ കഴിയുന്ന യുവദമ്പതിമാർക്ക് കുട്ടികളെ വളർത്താൻ സഹായകരമാകുന്ന നയങ്ങൾ രൂപീകരിക്കുക എന്നതാണു മറ്റൊരു മാർഗം. സർക്കാർ ഓഫീസുകളിലും സ്വകാര്യ സ്ഥാപനങ്ങളിലും ശിശുപരിപാലനകേന്ദ്രങ്ങൾ നിർബന്ധമാക്കുക, കൂടുതൽ കുട്ടികൾ ജനിക്കുന്നവർക്ക് സാമ്പത്തികവിദ്യാഭ്യാസ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുക തുടങ്ങിയവ ഉദാഹരണമാണ്. ആന്ധ്ര സർക്കാർ, ടിഎഫ് ആർ 1.7 ലേക്ക് താഴ്ന്നതിനെ തുടർന്ന് (കേരളത്തിൽ ഇത് 1.19 മാത്രം) മൂന്നാമത്തെ കുട്ടിക്ക് 30,000 വും നാലാമത്തെ കുട്ടിക്ക് 40,000 വും രൂപ നേരിട്ട് ധനസഹായം പ്രഖ്യാപിച്ചു. മൂന്നാമത്തെ കുട്ടിക്ക് പ്രതിമാസം 1,000 രൂപ 5 വർഷത്തേക്ക് നല്കുന്നതുൾപ്പെടെയുള്ള ക്ഷേമപദ്ധതിയാണ് ആന്ധ്ര നടപ്പാക്കുന്നത്.

വയോധികരുടെ വലിയൊരു ജനസമൂഹത്തെ കേവലം ആശ്രിതരായി കാണാതെ, അവരുടെ പരിചയസമ്പത്തും ആരോഗ്യവും ഉപയോഗപ്പെടുത്താൻ സാധിക്കുന്ന പാർട്ട് ടൈം തൊഴിലുകളും സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുക, വാർദ്ധക്യകാല ആരോഗ്യ പരിപാലന സംവിധാനങ്ങൾ ശക്തിപ്പെടുത്തുക എന്നിവയും ആവശ്യമാണ്. സംസ്ഥാന സർക്കാർ പുതുതായി സ്ഥാപിച്ചിരിക്കുന്ന വയോജനക്ഷേമവകുപ്പ് ഈ ദിശയിലുള്ള നല്ലൊരു തുടക്കമാണ്.

കേരള കത്തോലിക്കാസഭ കൂടുതൽ കുട്ടികളെ സ്വീകരിക്കുന്ന കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കാൻ പല പദ്ധതികളും ആവിഷ്കരിച്ചിരുന്നു. പൊതുസമൂഹത്തിന്റെ ഭാഗമായ പലരും അതിനെ പുച്ഛത്തോടെയും പ്രതിഷേധത്തോടെയുമാണു വീക്ഷിച്ചത്. എന്നാൽ, സഭയുടെ നയസമീപനത്തിന്റെ പ്രസക്തി നാളുകൾ പോകെ അധികരിച്ചുവരികയാണ്. സഭ ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും പൊതുസമൂഹമാകെ സഭയെ മാതൃകയാക്കുകയുമാണു വേണ്ടതെന്നു പുതിയ സ്ഥിതിവിവരകണക്കുകൾ വ്യക്തമാക്കുന്നു.



# ഓർമ്മയില്ലേ, നേതാവേ ആ നീലപ്പതാക?

സമര പുളകങ്ങളുടെ സിന്ദൂരമാലകൾ ഇടതുപക്ഷ വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങളെ എത്രത്തോളം കോൾമയിർ കൊള്ളിക്കുന്നുണ്ടോ, അത്രത്തോളം ആവേശഭരിതമായ സമര ഓർമ്മകൾ നെഞ്ചിലേറ്റുന്നവരാണ് കെ.എസ്.യു എന്ന കേരള സ്റ്റുഡൻസ് യൂണിയനും.

എത്രയെത്ര സമരകഥകൾ ഓർമ്മിച്ചെടുക്കാനുള്ള ഒരു വിദ്യാർത്ഥി പ്രസ്ഥാനം. കേന്ദ്രമന്ത്രി പദവിയോളം എത്തിച്ചേർന്ന കേരളത്തിന്റെ സമുന്നത നേതാക്കൾ പലരും ആ ബാലപാഠശാലയിൽ കളിച്ചും പഠിച്ചും വളർന്നവരാണ്.

കേരളത്തിലെ കോൺഗ്രസ് പ്രസ്ഥാനത്തിന്റെ നട്ടെല്ലായി മാറിയ കെ.എസ്.യുവിന്റെ പുഷ്കലകാലം 1970കളുടെ തുടക്കമാണ്. വയലാർ രവി, എ.കെ. ആന്റണി, വി.എം. സുധീരൻ തുടങ്ങിയ നേതാക്കളുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടത്തിയ ഐതിഹാസികമായ വിദ്യാർത്ഥി പ്രക്ഷോഭങ്ങളാണ് ഈ കാലഘട്ടത്തെ അടയാളപ്പെടുത്തുന്നത്. അതിനുമുൻപ്, 1958 ൽ കേരളത്തിൽ ബോട്ട് യാത്രാനിരക്ക് വർദ്ധനവിനെതിരെ കെ.എസ്.യു. ആലപ്പുഴയിലും കുട്ടനാട്ടിലും നടത്തിയ ചരിത്രപ്രസിദ്ധമായ വിദ്യാർത്ഥി പ്രക്ഷോഭമാണ് ഒരണ സമരം.

1970കളുടെ തുടക്കത്തിൽ സ്വകാര്യ വിദ്യാഭ്യാസ മേഖലയിലെ ചൂഷണങ്ങൾക്കെതിരെ കെ.എസ്.യു നടത്തിയ സമരങ്ങൾ കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് വലിയ അഴിച്ചുപണികൾക്ക് കാരണമായി. കെ.എസ്.യു ആഹ്വാനം ചെയ്ത 'വിദ്യാഭ്യാസ ബന്ദുകൾ' അക്കാലത്ത് വലിയ ജനശ്രദ്ധ നേടി. കേരള സർവ്വകലാശാല സെനറ്റിലേക്കും യൂണിയനുകളിലേക്കും നടന്ന തെരഞ്ഞെടുപ്പുകളിൽ കെ.എസ്.യു വൻവിജയം നേടി.

ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന പ്രസ്ഥാനത്തെ വാർത്തെടുക്കുന്നതിൽ നിർണായക പങ്കുവഹിച്ചത് കെ.എസ്.യുവിന്റെ പോരാട്ടവീര്യമാണെന്ന് എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ ഈയിടെ പ്രകീർത്തിച്ചത് വെറുതെയല്ല.

**1970കളുടെ തുടക്കത്തിൽ സ്വകാര്യ വിദ്യാഭ്യാസ മേഖലയിലെ ചൂഷണങ്ങൾക്കെതിരെ കെ.എസ്.യു നടത്തിയ സമരങ്ങൾ കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് വലിയ അഴിച്ചുപണികൾക്ക് കാരണമായി. കെ.എസ്.യു ആഹ്വാനം ചെയ്ത 'വിദ്യാഭ്യാസ ബന്ദുകൾ' അക്കാലത്ത് വലിയ ജനശ്രദ്ധ നേടി. ഈ ചരിത്രമൊക്കെ മുഖ്യമന്ത്രി ഓർമിക്കണം.**

### ഓർമ്മകൾ വേണം

ഒരണ സമരം നടക്കുന്ന കാലത്ത് ജനിച്ചിട്ടില്ലാത്ത വി.ഡി. സതീശൻ എന്ന കോൺഗ്രസ് മുഖ്യമന്ത്രിക്ക് ചരിത്രം അറിയാത്തതല്ല. പുസ്തകം വായിക്കുന്ന അപൂർവ്വം കോൺഗ്രസ് നേതാക്കളിൽ ഒരാൾ എന്ന ഖ്യാതിയുള്ള നേതാവാണ് അദ്ദേഹം. ഇപ്പോൾ, സർക്കാർ പ്ലീഡർ നിയമനത്തെ ചൊല്ലി മുഖ്യമന്ത്രിയും കെ.എസ്.യു സംസ്ഥാന അധ്യക്ഷനും തമ്മിലെ ഭിന്നത സമവായത്തിലേക്ക് നീങ്ങുമ്പോൾ ആദ്യം കുട്ടികളോട് പുറം തിരിഞ്ഞു നിന്ന സതീശൻ കേരള സമൂഹത്തിന് കാട്ടിക്കൊടുത്തത് അദ്ദേഹത്തിന്റെ ഇനിയും കാണാത്ത ഒരു മുഖമാണ്. ചേർത്തുപിടിക്കലിന്റെ രാഷ്ട്രീയം പറഞ്ഞുകൊണ്ടാണ് പിണറായിസത്തെ തിരുത്താൻ സതീശൻ സംസ്ഥാന രാഷ്ട്രീയത്തിൽ അവതരിച്ചത്. എന്നാൽ, സഹപ്രവർത്തകരുടെ പേഴ്സണൽ സ്റ്റാഫ് നിയമനങ്ങളിൽ പോലും മുഖ്യമന്ത്രി കടുംപിടുത്തങ്ങൾ നടത്തുന്നു എന്നറിയുമ്പോൾ, കാര്യങ്ങൾ മാറുന്നില്ല എന്ന പ്രതീതിയാണ് പരക്കുന്നത്.

എല്ലാം തന്റെ വഴിക്ക് കൊണ്ടുവരാനുള്ള സതീശന്റെ ബോധപൂർവ്വമായ ശ്രമങ്ങളെ ചെറുതായി കാണുന്നില്ല. എന്നാൽ,പരിഗണന അർഹിക്കുന്ന ഇടങ്ങളിൽ മുഖ്യമന്ത്രിയുടെ കണ്ണും കാതും കരങ്ങളും എത്തണമെന്ന് ചുരുങ്ങിയപക്ഷം സ്വന്തം പാർട്ടിയിലെ കുട്ടികളെങ്കിലും ആഗ്രഹിക്കുന്നത് തെറ്റണോ? അകന്ന് മാറുന്ന ഒരു മുഖ്യമന്ത്രിയാണ് ഈ ദിവസങ്ങളിൽ കേരളം കണ്ടത്. സണ്ണി ജോസഫ് അടക്കമുള്ള മുതിർന്ന നേതാക്കൾ സതീശനുമായും കെ.എസ്.യു അധ്യക്ഷൻ അലോഷ്യസ് സേവ്യറുമായും സംസാരിച്ചു. തേവര കോളേജിൽ അലോഷ്യസ് സേവ്യറെ അവഗണിച്ച് കടന്നുപോയത് മനപ്പൂർവമല്ലെന്ന് നേതാക്കൾക്ക് സതീശൻ വിശദീകരണം നൽകുന്നിടം വരെ കാര്യങ്ങൾ എത്തി.

കെ.എസ്.യു പ്രവർത്തകരുടെ ചോരയും നീരുമാണ് യു.ഡി.എഫ് സർക്കാരെന്ന് പറഞ്ഞ അലോഷ്യസ് സേവ്യർ, സർക്കാരിന്റെ പോരായ്മ ചൂണ്ടിക്കാട്ടുന്നത് തെറ്റാണെങ്കിൽ ആ തെറ്റ് ആവർത്തിക്കുമെന്നും പറഞ്ഞിരുന്നു. പിന്നാലെയാണ് ഭിന്നത രൂക്ഷമായത്.




ഇതേ ചൊല്ലി കെ.എസ്.യുവിലും ഇരുചേരികൾ രൂപപ്പെട്ടു.

കെ.പി.സി.സി പുനഃസംഘടനയിലും മുഖ്യമന്ത്രി വി.ഡി. സതീശന്റെ ഭരണശൈലിയിലും കോൺഗ്രസിനുള്ളിൽ പുകയുന്ന കനത്ത അസംതൃപ്തി ഒടുവിൽ വിദ്യാർത്ഥി സംഘടനയിലേക്കും ഒഴുകിയെത്തി എന്നതാണ് വാസ്തവം. ഏതായാലും വിവാദം ആ സംഘടനയെ ഒന്ന് ഉണർത്തിയെന്ന് പറയാം.

### കൺമുന്നിൽ ജെൻ സി

യുവതയെ കണക്കിലെടുക്കാതെ മുന്നോട്ടുപോകുന്ന വൃദ്ധ രാഷ്ട്രീയം പുതിയകാലത്ത് വിലപ്പോവില്ല. പ്രധാനമന്ത്രിയുടെ വസതിക്കു മുന്നിൽ തിളക്കുന്ന യുവരോഷം ഏത് സൈനിക ശക്തിയെയും നേരിടാൻ കരുത്തുള്ളതാണ്.

ദക്ഷിണേഷ്യയിലെ രണ്ട് രാജ്യങ്ങളിൽ, രണ്ട് വ്യത്യസ്ത സാഹചര്യങ്ങളിൽ ഉയർന്നുവന്ന പ്രക്ഷോഭങ്ങൾ ഇന്ന് ഒരേ രാഷ്ട്രീയ സന്ദേശമാണ് നൽകുന്നത്. 2025ൽ നേപ്പാളിനെ പിടിച്ചുകുലുക്കിയ ജെൻ സി പ്രക്ഷോഭവും ഇക്കൊല്ലം ഇന്ത്യയിൽ ശക്തിപ്രാപിച്ച കോക്റോച്ച് ജനതാ പാർട്ടിയുടെ (സി.ജെ.പി) നേതൃത്വത്തിലുള്ള യുവജന പ്രക്ഷോഭവും.

രണ്ടിനും വ്യത്യസ്ത കാരണങ്ങളുണ്ടെങ്കിലും അവയുടെ അടിത്തറ യുവതലമുറയുടെ നിരാശയും ഭരണകൂടത്തോടുള്ള അവിശ്വാസവുമാണ്.

ഇന്ത്യയിലെ സിജെപി പ്രസ്ഥാനവും അതിർത്തികൾക്കപ്പുറമുള്ള യുവജന സമരവും ഒരേ യാഥാർഥ്യമാണ് വെളിപ്പെടുത്തുന്നത്. ഇന്റർനെറ്റിലൂടെ ബന്ധിപ്പിക്കപ്പെട്ട ഒരു പുതിയ തലമുറ ഭരണകൂടങ്ങളോട് ചോദ്യം ചോദിക്കാൻ തയാറാവുന്നു.

രാജ്യങ്ങൾ വ്യത്യസ്തമായാലും പ്രശ്നങ്ങൾ വ്യത്യസ്തമായാലും, സന്ദേശം ഒന്നു മാത്രം,യുവാക്കളെ അവഗണിക്കുന്ന രാഷ്ട്രീയം ഇനി മുന്നോട്ട് പോകില്ല എന്ന സന്ദേശം.

സോഷ്യൽമീഡിയയുടെ കാലത്ത് വളർന്നവർക്ക് ഒത്തുകൂടാനും അറിവും അനുഭവങ്ങളും പങ്കുവെക്കാനും ഇടങ്ങൾ ഏറെയാണ്. അതിനാൽ, ഡിജിറ്റൽ ഹൈപ്പർകണക്റ്റിവിറ്റിയുടെ കാലത്തുവളർന്ന ഈ തലമുറയെ ഒട്ടും ചെറുതായി കണേണ്ടതില്ല എന്നതാണ് പുതിയ പാഠം.

ഏതെങ്കിലും പ്രസ്ഥാനത്തിന്റെ പതാകയുമേന്തി തെരുവിൽ ഇറങ്ങിയില്ലെങ്കിലും അവരുടെ രാഷ്ട്രീയ ബോധവും അവർ ഉന്നയിക്കുന്ന ജനകീയ വിഷയങ്ങളും പുതുകാലത്ത് ഒരു ഭരണകൂടത്തിനും കണ്ടില്ലെന്ന് നടിക്കാൻ കഴിയില്ല.

നമുക്ക് ഈ പ്രതിഭാസത്തെ കേരളത്തിൽ ഒരു കണ്ണാടിയിൽ എന്നപോലെ കാണാൻ കഴിയും, അലോഷ്യസ് സേവ്യർ എന്ന വിദ്യാർത്ഥി നേതാവിന്റെ തിളങ്ങുന്ന കണ്ണുകളിൽ !

◗ *പ്രിജിത്ത് രാജ്*






## അധ്യായം 42

# അഗ്നിയിൽ സ്ഫുടം ചെയ്തെടുത്ത മനുഷ്യൻ

കാറിൽ നിന്നിറങ്ങിയ മനുഷ്യന്റെ രൂപം ഇരുളിൽ, മഴത്തുള്ളികൾക്കൊപ്പം ഒരു ഇരുണ്ട നിഴലായി നിന്നു. ബീനയുടെ കാഴ്ചയിൽ ആ ഇരുൾ ജീവിതത്തിൽ എന്നോ കെട്ടു പോയെന്ന് സങ്കടപ്പെട്ട ഒരു പ്രാണന്റെ പുനർജന്മമായിരുന്നു.

ഒരു നിമിഷം പ്രപഞ്ചം നിശ്ചലമായതുപോലെയാണ് അവൾക്കനുഭവപ്പെട്ടത്. ഇരുളിൽ, നിശ്ശബ്ദതയിൽ, അവൾക്ക് ഒരു ജീവിതത്തിന്റെ ഉയിർത്തെഴുന്നേൽപ്പ് പോലെയായിരുന്നു ആ നിമിഷം. അവളുടെ മിഴികൾ നിറഞ്ഞൊഴുകി. അധരങ്ങൾ വിറകൊണ്ടു. വാക്കുകൾ ഉള്ളിൽ വിതുമ്പി നിന്നു. ബീനയ്ക്ക് പിന്നെ സ്വയം നിയന്ത്രിക്കാനായില്ല. അവൾ പെട്ടെന്നു തന്നെ മുന്നോട്ടാഞ്ഞു. കാറ്റ് ആഞ്ഞുവീശുന്നതുപോലെ പോലെ, ഇരുളിലെ ആ നിഴലിന്റെ നെഞ്ചിൽ അവളുടെ മുഖവും ശരീരവും അലിഞ്ഞു.

''റോബിൻസ്... ഇത് നീയാണോ...?''

ഏതാണ്ട് പിറുപിറുക്കും മട്ടിൽ ആ വാക്കുകൾ അവളുടെ ചുണ്ടുകളിൽ നിന്ന് പുറത്തേക്കുവന്നു. ബീനയ്ക്ക് പിന്നെ സ്വയം നിയന്ത്രിക്കാനായില്ല. വർഷങ്ങളായി അടക്കിപ്പിടിച്ചിരുന്ന എല്ലാ വികാരങ്ങളും ഒരുമിച്ച് പൊട്ടിത്തെറിക്കുന്നതുപോലെ അവൾക്കു തോന്നി. മഴനനഞ്ഞ മുറ്റത്ത്, അവളുടെ കണ്ണുനീർ റോബിൻസിന്റെ തൂവെള്ള ജുബ്ബയിൽ അലിഞ്ഞുചേർന്നു.

അവനിലും ചില മാറ്റങ്ങൾ കാണാനായി..! വെള്ള ജുബ്ബ, അയഞ്ഞ പാന്റ്. താടി അല്പം കൂടിയിട്ടുണ്ട്. മൗനം കണ്ണുകളിൽ നിറഞ്ഞു നിന്നു. ഒരിക്കൽ അവൾ അറിഞ്ഞിരുന്ന നഗരജീവിതത്തിന്റെ വർണ്ണപ്പൊലിമ അവനിൽ ഇല്ലായിരുന്നു. പകരം, ജീവിതത്തിന്റെ അഗ്നിയിൽ സ്ഫുടം ചെയ്തെടുത്ത ഒരു മനുഷ്യന്റെ നിശ്ശബ്ദതയായിരുന്നു.

ഇനി എന്തുചെയ്യണമെന്നറിയാതെ ബീന ഒരുനിമിഷംകൂടി അങ്ങിനെതന്നെ നിന്നുപോയി.

''റോബിൻസ്...'' അവളുടെ ചുണ്ടുകളിൽ നിന്ന് ആ പേര് അറിയാതെ പുറത്തുവന്നു.

''ബീന...''

ആ ഒരു വാക്ക് മാത്രം അവനിൽ നിന്നും പുറപ്പെട്ടു. അവളുടെ സ്പർശനത്തിൽ സ്നേഹമുണ്ടായിരുന്നു.

പരാതിയുണ്ടായിരുന്നു. അവൾ വിങ്ങിപ്പൊട്ടിക്കൊണ്ട് ചോദിച്ചു:

''നീ എവിടെയായിരുന്നു റോബിൻസ്?'' അവളുടെ ശബ്ദം വിറച്ചു. കണ്ണുകൾ നിറഞ്ഞൊഴുകി. റോബിൻസ് തല താഴ്ത്തി.

''തികച്ചും അനിവാര്യമായൊരു യാത്ര വേണ്ടിവന്നു, ബീന...''

അവളുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകി.

പുനർജ്ജനിയുടെ മുറ്റത്ത് മഴ വീണ്ടും മന്ദമായി പെയ്യാൻ തുടങ്ങി. ബീനയും റോബിൻസും തമ്മിലുള്ള കൂടിക്കാഴ്ചയ്ക്ക് സാക്ഷിയായി കൂടെവന്ന മനുഷ്യൻ അല്പം അകലെയായി നിന്നു. അദ്ദേഹത്തിന്റെ കണ്ണുകളിൽ ഒരു പഴയ ഓർമ്മ തെളിഞ്ഞു.

ഒരിക്കൽ ആന്ധ്രാപ്രദേശ് മുഖ്യമന്ത്രിയായിരുന്ന ചെന്നറെഡ്ഡിയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്നു. ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസിലെ ഉന്നത സ്ഥാനത്ത്, അധികാരത്തിന്റെ എല്ലാ ഇടനാഴികളും പരിചിതമായ ഒരു ജീവിതം. എന്നാൽ അധികാരത്തിന്റെ തിളക്കം തന്റെ ആത്മാവിനെ നിറച്ചിരുന്നില്ല.

വർഷങ്ങൾക്കുശേഷം സ്വമേധയാ വിരമിച്ചു. പുട്ടപർത്തിയിലെ സത്യസായിബാബയുടെ സേവനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു. അനാഥരും ദരിദ്രരുമായ കുട്ടികളുടെ വിദ്യാഭ്യാസത്തിനും ഭക്ഷണത്തിനും ആരോഗ്യത്തിനുമായി തന്റെ ശേഷിക്കുന്ന ജീവിതം സമർപ്പിച്ചു.

**കഥ ഇതുവരെ**

റിപ്പോർട്ടർ റോബിൻസ് ഒരു വിമാന അപകടത്തെക്കുറിച്ച് അറിയാൻ അമേരിക്കയിൽ നിന്നും കെനിയായിൽ എത്തി. അവിടത്തെ ദാരിദ്ര്യം ഭയാനകമായിരുന്നു. രക്ഷപെടാൻ ചിലർ കപ്പലിലും വിമാനത്തിലും ഒളിച്ചുകയറുന്നതായി അറിയുന്നു. ആ അനുഭവം നേരിട്ടറിയാൻ അയാൾ ഒരു ചരക്കുകപ്പലിൽ രഹസ്യമായി കയറി. ആ യാത്രക്കിടെ അയാൾക്ക് നടുക്കടലിലേക്ക് ചാടേണ്ടിവന്നു. ഒടുവിൽ ഒരു ദ്വീപിലെത്തി. അവിടെ അലൂമ എന്ന സ്ത്രീയോട് തന്റെ പൂർവ്വകാല കഥ പറയുന്നു.

അതിനു ശേഷം അലൂമയുടെയും ആ ദ്വീപിന്റേയും കഥ എഴുതാൻ തുനിയുന്നു റോബിൻസ്. ആ സമയം ആരെയോ തിരക്കി ഒരു കപ്പൽ ആ ദ്വീപിനെ ലക്ഷ്യമാക്കി യാത്രതിരിക്കുന്നു. റോബിൻസ് വീണ്ടും അമേരിക്കയിലെത്തി. ദ്വീപിനെക്കുറിച്ചുള്ള ഫീച്ചർ തയ്യാറാക്കിയതിനു ശേഷം കേരളത്തിൽ എത്തി. റോബിൻസ് ബീനയെ കണ്ടുമുട്ടുന്നു. തുടർന്ന യാൾ അപ്രത്യക്ഷനാകുന്നു. ഈ അവസരത്തിൽ റോബിൻസിന് പുലിറ്റ്സർ അവാർഡ് ലഭിക്കുന്നു. അപ്പോഴേക്കും റോബിൻസ് പ്രത്യക്ഷനായിക്കഴിഞ്ഞിരുന്നു. തുടർന്നു വായിക്കുക

അങ്ങനെയൊരു സേവനജീവിതത്തിനിടയിലാണ് ഹിമാലയ യാത്രയ്ക്ക് പോയത്. അവിടെ, മഞ്ഞ് മൂടിയ പർവതനിരകൾക്കിടയിലെ ഒരു ചെറിയ ആശ്രമത്തിൽ, സ്വാമി രാമയുടെ ഒരു ശിഷ്യനാണ് റോബിൻസുമായി പരിചയപ്പെടുത്തിയത്.

മറ്റൊരു തരത്തിലുള്ള ആധ്യാത്മീകതയിലേക്ക് തിരിയുന്നതിന്റെ മുന്നോടിയായുള്ള യാത്രയിലായിരുന്നു റോബിൻസ്. അലൂമയോടൊപ്പം ആ ദ്വീപിൽ ലോകത്തിന് മാതൃകയാകുന്നതരത്തിലുള്ള ജീവിതം കെട്ടിപ്പടുക്കാനുള്ള ഒരുക്കത്തിന്റെ ഭാഗമായുള്ള യാത്ര..!

പത്രപ്രവർത്തന ജീവിതത്തിന്റെ ചാരത്തിൽ നിന്ന് പുതുതായി ഉയർന്നുവരാൻ ആഗ്രഹിക്കുന്ന റോബിൻസിനെ പ്രപഞ്ചം ഏറ്റെടുക്കുകയായിരുന്നു. പൗലോ കൊയ്‌ലൊ പറയുന്നതുപോലെ റോബിൻസിന്റെ മാറ്റത്തിനായി പ്രപഞ്ചത്തിന്റെ ഗൂഢാലോചന തുടങ്ങിക്കഴിഞ്ഞിരുന്നു..!

അല്ല ക്ഷമിക്കണം, ഞാൻ നിനക്ക് സ്വാമി പരമഹംസയെ പരിചയപ്പെടുത്തിയില്ലല്ലോ. ഇദ്ദേഹം ഇപ്പോൾ എന്റെ ഗൈഡും മെന്ററുമക്കെയാണ്. റോബിൻസ് ബീനയോട് പറഞ്ഞു.

സോറി, ഞാൻ വല്ലാത്തൊരവസ്ഥയിലായിപ്പോയി. ബീന പരമഹംസയുടെ അടുത്തേക്കല്പം നീങ്ങി നിന്നു.

എനിക്കെല്ലാം മനസിലാകും സഹോദരി. നിങ്ങൾക്ക് നല്ലതു വരട്ടെ. പരമഹംസ കൈകൂപ്പി. ബീനവലതുകൈ നെഞ്ചിൽ വച്ച് തലകുനിച്ചുനിന്നു.




സ്വാമി രാമയുടെ ശിഷ്യൻ പരമഹംസയോട് പറഞ്ഞതിങ്ങനെയായിരുന്നു.

''ഈ മനുഷ്യന് വേണ്ടതെല്ലാം ഒരുക്കിക്കൊടുക്കാൻ ഈശ്വരൻ അങ്ങയെയാണ് നിയോഗിച്ചിരിക്കുന്നത്.'' പരമഹംസ ആ വാക്കുകൾ മറന്നില്ല.

അന്നുമുതൽ റോബിൻസിന് ആവശ്യമായ എല്ലാ കാര്യങ്ങളും അദ്ദേഹം നിശ്ശബ്ദമായി ക്രമീകരിച്ചു. താമസസ്ഥലം, യാത്ര, പുതിയ ജീവിതത്തിലേക്കുള്ള വഴികൾ എല്ലാം..!

അത് ഒരു മനുഷ്യനെ ദൈവീകതയിലേക്ക് നയിക്കുന്നതിനുള്ള ഉത്തരവാദിത്തമായി പരമഹംസ കണ്ടു.

ഇപ്പോൾ, പുനർജനിയുടെ മുറ്റത്ത് ബീനയുടെ മുന്നിൽ നിന്നിരുന്ന റോബിൻസിനെ നോക്കുമ്പോൾ, പരമഹംസയുടെ മനസ്സിൽ ഒരു പ്രാർത്ഥന മാത്രം ഉയർന്നു:

''ഈ സ്നേഹം ഇനി നഷ്ടപ്പെടാതിരിക്കട്ടെ.''

ഇരുവരേയും ബീന അകത്തെ മുറിയിലേക്ക് ആനയിച്ചു.

അപ്പോഴേക്കും ബീനയുടെ സഹോദരനും ഭാര്യയും അവിടെക്കുവന്നു. ആ സമാഗമനത്തിൽ അവരും ഏറെ സന്തുഷ്ടരായി.

ജനലിന് പുറത്ത് നനഞ്ഞ ഇലകളിൽ നിന്ന് വെള്ളത്തുള്ളികൾ നിലത്തേക്ക് വീണുകൊണ്ടിരുന്നു.

പരമഹംസ കൂപ്പുകൈകളോടെ പറഞ്ഞു:

''ഞാൻ റോബിൻസിനൊപ്പം വന്നതാണ്''.

ബിനോയിയും ഭാര്യയും കൈകൂപ്പിക്കൊണ്ടുതന്നെ അദ്ദേഹത്തെ സ്വാഗതം ചെയ്തു. അപ്പോഴാണ് ബീന മേശപ്പുറത്തിരുന്ന ഒരു പത്രം എടുത്തത്.

അവളുടെ കൈകൾ ചെറുതായി വിറയ്ക്കുന്നുണ്ടായിരുന്നു.

''റോബിൻസ്...''

അവൾ അവന്റെമുന്നിലേക്ക് പത്രം നീട്ടി.

റോബിൻസ്പതുക്കെതലഉയർത്തിനോക്കി. പത്രത്തിന്റെ ഒന്നാം പേജിൽ അവന്റെ ചിത്രം ഉണ്ടായിരുന്നു. കണ്ണുകളിൽ ആത്മവിശ്വാസവും മുഖത്ത് യുവത്വത്തിന്റെ തെളിച്ചവും നിറഞ്ഞിരുന്ന ചിത്രം.

അതിന്റെ താഴെ വലിയ അക്ഷരങ്ങളിൽ എഴുതിയിരുന്നു:

''അപ്രത്യക്ഷനായ മാധ്യമപ്രവർത്തകൻ റോബിൻസിന് പുലിറ്റ്സർ പുരസ്കാരം.''

പരമഹംസയുടെ കണ്ണുകൾ അത്ഭുതത്തോടെ വികസിച്ചു.

''പുലിറ്റ്സർ...?''

മാധ്യമലോകത്തെ ഏറ്റവും വലിയ ബഹുമതികളിലൊന്നായ ആ പുരസ്കാരം, ഒരു ഇന്ത്യക്കാരന്, മലയാളിക്ക് ലഭിച്ചിരിക്കുന്നു..!

ബീനയുടെ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞു.

''നിന്റെ അന്വേഷണ റിപ്പോർട്ടുകൾക്കാണ്, റോബിൻസ്. അവർ നിന്നെ മറന്നില്ല. ലോകം നിന്നെ തിരഞ്ഞു. നിന്റെ സത്യം അവർ അംഗീകരിച്ചു.''

അവളുടെ ശബ്ദത്തിൽ അഭിമാനവും വേദനയും ഒരുമിച്ചു കലർന്നിരുന്നു. റോബിൻസ് പത്രത്തിലേക്ക് ഒരു നിമിഷം നോക്കി നിന്നു. പിന്നെ അത് പതുക്കെ മേശപ്പുറത്ത് വച്ചു.

അവന്റെ മുഖത്ത് സന്തോഷത്തിന്റെ വലിയ ചലനമൊന്നും ഉണ്ടായില്ല.

''പ്രതീക്ഷിച്ചിരുന്നു?''

അവൻ ശാന്തമായി പറഞ്ഞു. ബീന അമ്പരന്നു.

''റോബിൻസ്... ഇത് ഒരു സാധാരണ പുരസ്കാരമല്ല. ഇത് ലോകത്തിലെ ഏറ്റവും വലിയ അംഗീകാരങ്ങളിലൊന്നാണ്. അത് വാങ്ങാൻ പോലും കൂട്ടാക്കിയില്ല.''

റോബിൻസ് ചെറുതായി പുഞ്ചിരിച്ചു.

''ബീന, ഒരിക്കൽ ഞാൻ അതിനുവേണ്ടി ജീവിച്ചിരുന്നു. വാർത്തകൾക്കുവേണ്ടി. സത്യങ്ങൾ പുറത്തുകൊണ്ടുവരുന്നതിനുവേണ്ടി. അംഗീകാരങ്ങൾക്കുവേണ്ടി.''

അവൻ ജനലിന് പുറത്തേക്ക് നോക്കി.

''പക്ഷേ ആ കൊച്ചു ദ്വീപിൽ നിന്നും ഞാൻ മനസ്സിലാക്കി... മനുഷ്യൻ നേടുന്ന ഏറ്റവും വലിയ പുരസ്കാരം മറ്റുള്ളവർ നൽകുന്നതല്ല. സ്വന്തം മനസ്സിന്റെ സമാധാനമാണ്. അത് ഉറപ്പിക്കാനാണ് ഞാൻ തനിയെ ഹിമാലയ യാത്ര നടത്തിയത്. ''

പരമഹംസ നിശ്ശബ്ദനായി നിന്നു. പുലിറ്റലർ അവാർഡ് ജേതാവാണ് തന്റെ കൂടെ ഉണ്ടായിരുന്നതെന്ന് അദ്ദേഹത്തിന് വിശ്വസിക്കാൻ കഴിഞ്ഞിരുന്നില്ല.

ഒരിക്കൽ അധികാരത്തിന്റെ ഉയരങ്ങളിൽ ജീവിച്ചിരുന്ന അദ്ദേഹം, ലോകം നൽകുന്ന ബഹുമതികളുടെ വില അറിയുന്നവനായിരുന്നു. പുലിറ്റ്സർ പോലൊരു പുരസ്കാരം ലഭിച്ച വാർത്ത കേട്ടാൽ സാധാരണ മനുഷ്യൻ ആഹ്ലാദത്തിൽ മുങ്ങിപ്പോകും.

പക്ഷേ റോബിൻസ് അതിനെ ഒരു പഴയ ഓർമ്മപോലെ മാത്രം സ്വീകരിച്ചു. പരമഹംസയുടെ മനസ്സിൽ ഒരു ചിന്ത ഉയർന്നു:

''ഈ മനുഷ്യൻ എത്ര വലിയ വലിയവനാണ്..!''

ബീന റോബിൻസിന്റെ അടുത്തേക്ക് വന്നു.

''എങ്കിലും ഞാൻ സന്തോഷിക്കുന്നു,'' അവൾ പതുക്കെ പറഞ്ഞു.

''കാരണം ലോകം നിന്നെ മറന്നില്ലെന്ന് തെളിഞ്ഞു.''

റോബിൻസ് അവളുടെ കണ്ണുകളിലേക്ക് നോക്കി.

''ലോകം എന്നെ മറന്നാലും എനിക്ക് പ്രശ്നമില്ല, ബീന. പക്ഷേ നീ മറന്നിരുന്നുവെങ്കിൽ... അതാണ് എനിക്ക് സഹിക്കാനാകാത്തത്.''

ബീനയുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകി. പരമഹംസ ആ ദൃശ്യം നോക്കി നിൽക്കുമ്പോൾ, പുറത്തുള്ള മഴ പൂർണമായി നിലച്ചിരുന്നു.

ആകാശത്തിന്റെ ഒരു കോണിൽ മേഘങ്ങൾക്കിടയിൽ നിന്ന് ചെറുതായി ചന്ദ്രപ്രകാശം പുറത്തേക്ക് വരാൻ തുടങ്ങി. അപ്പോഴേക്കും ബിനോയിയുടെ ഭാര്യ എല്ലാവർക്കും ചൂടുള്ള ചായയുമായി എത്തി.

(തുടരും)

# ചൊവ്വയിലെ ജീവന്റെ തുടിപ്പ്: അരനൂറ്റാണ്ട് പിന്നിടുന്ന വൈക്കിങ് ദൗത്യവും ശാസ്ത്ര ലോകത്തെ തീരാതർക്കങ്ങളും

ബഹിരാകാശ പര്യവേക്ഷണ ചരിത്രത്തിൽ നാസ കുറിച്ച ഏറ്റവും മഹത്തായ അധ്യായങ്ങളിലൊന്നായ വൈക്കിങ് ദൗത്യത്തിന് അൻപതാണ്ട് തികയുമ്പോഴും ശാസ്ത്രലോകത്ത് ചൊവ്വയിലെ ജീവന്റെ സാന്നിധ്യത്തെക്കുറിച്ചുള്ള ചർച്ചകൾ സജീവമായി നിലനിൽക്കുകയാണ്.

1976 ജൂലൈ 20 നാണ് വൈക്കിങ് 1 ലാൻഡർ ചൊവ്വയുടെ ഉപരിതലമായ ക്രിസെ പ്ലാനിറ്റിയയിൽ ചരിത്രം കുറിച്ചുകൊണ്ട് ഇറങ്ങിയത്. തൊട്ടുപിന്നാലെ, അതേ വർഷം സെപ്തംബർ മൂന്നിന് വൈക്കിങ് 2 ദൗത്യം ഉട്ടോപ്പിയ പ്ലാനിറ്റിയയിലും ലാൻഡ് ചെയ്തു. ഓരോദൗത്യത്തിലുംഓർബിറ്ററുംലാൻഡറും ഉൾപ്പെടുത്തിക്കൊണ്ട് നാസ രൂപകൽപ്പന ചെയ്ത ഈ ഇരട്ട ദൗത്യത്തിന്റെപ്രധാനലക്ഷ്യംചൊവ്വാമണ്ണിൽസൂക്ഷ്മ ജീവികളുടെ സാന്നിധ്യമുണ്ടോ എന്ന് ശാസ്ത്രീയമായി പരിശോധിച്ച് ഉറപ്പുവരുത്തുക എന്നതായിരുന്നു.



ചൊവ്വയിലെ ജൈവസാന്നിധ്യം കണ്ടെത്തുന്നതിനായി പ്രധാനമായും മൂന്ന് തരത്തിലുള്ള പരീക്ഷണങ്ങളാണ് വൈക്കിങ് ലാൻഡറുകൾ നടത്തിയത്. മണ്ണിലേക്ക് ജീവന് അനുകൂലമായ പോഷകങ്ങൾ നൽകി ജൈവ പ്രവർത്തനങ്ങൾ ഉത്തേജിപ്പിക്കാൻ സാധിക്കുമോ എന്നായിരുന്നു അന്നത്തെ സയൻസ് ടീം അംഗമായിരുന്ന ബെൻ ക്ലാർക്കിന്റെ നേതൃത്വത്തിൽ പരിശോധിച്ചത്. ഈ പരീക്ഷണങ്ങളിൽ രണ്ടെണ്ണം പൂർണമായും നിഷേധാത്മകമായ ഫലമാണ് നൽകിയതെങ്കിലും, ലേബൽഡ് റിലീസ് എന്ന മൂന്നാമത്തെ പരീക്ഷണം അപ്രതീക്ഷിതവും ശക്തവുമായ ജൈവ പ്രതികരണം രേഖപ്പെടുത്തി. ഈ ഉപകരണത്തിന്റെ സ്രഷ്ടാവായ അസ്ട്രോബയോളജിസ്റ്റ് ഗിൽബെർട്ട് ലെവിൻ, താൻ രൂപകൽപ്പന ചെയ്ത പരീക്ഷണം ചൊവ്വയിൽ ജീവന്റെ സാന്നിധ്യം വിജയകരമായി കണ്ടെത്തി എന്ന നിലപാടിൽ തന്റെ ജീവിതവസാനം വരെ ഉറച്ചുനിൽക്കുകയുണ്ടായി.

എങ്കിലും ഈ കണ്ടെത്തലിനെ ഭൂരിഭാഗം ശാസ്ത്രജ്ഞരും അന്ന് സംശയത്തോടെയാണ് വീക്ഷിച്ചത്. ചൊവ്വാമണ്ണിലെ ചില പ്രത്യേക ധാതുക്കൾ പോഷകങ്ങളുമായി രാസ പ്രവർത്തനത്തിൽ ഏർപ്പെടുമ്പോൾ ഇത്തരത്തിലുള്ള ഫലം ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് ജിയോകെമിസ്റ്റുകൾ ചൂണ്ടിക്കാട്ടി. കൂടാതെ രണ്ടാമതും പോഷകങ്ങൾ നൽകിയപ്പോൾ മണ്ണിൽ നിന്ന് ജൈവപരമായ പ്രതികരണങ്ങളൊന്നും ഉണ്ടാകാതിരുന്നതും ശാസ്ത്രജ്ഞരിൽ സംശയം വർദ്ധിപ്പിച്ചു.

ഇതിനെല്ലാം പുറമേ, മണ്ണിലെ ജൈവതന്മാത്രകളെ കണ്ടെത്താൻ നിയോഗിക്കപ്പെട്ട ഗ്യാസ് ക്രോമാറ്റോഗ്രാഫ് മാസ് സ്പെക്ട്രോമീറ്റർ (ജിസിഎംഎസ്) പരീക്ഷണത്തിൽ ജൈവതന്മാത്രകളുടെ സാന്നിധ്യം തെളിയിക്കാൻ സാധിക്കാതെ വന്നതോടെ, ചൊവ്വയിൽ ജീവനില്ലെന്ന നിഗമനത്തിലേക്ക് അന്നത്തെ പ്രമുഖ ശാസ്ത്രലോകം വേഗത്തിൽ എത്തിച്ചേരുകയായിരുന്നു.

എന്നാൽ വൈക്കിങ്ങിന്റെ ഈ നിഗമനം ഒരു തെറ്റായ വ്യാഖ്യാനമായിരുന്നു എന്ന് വാദിക്കുന്ന ഗവേഷകർ ഇന്നും കുറവല്ല. ചൊവ്വയിലെ ചില സൂക്ഷ്മജീവികൾ സൾഫേറ്റോ ഹൈഡ്രജനോ ഉപയോഗിച്ച് ജീവിക്കുന്നവയാകാം എന്ന സാധ്യതയാണ് ഇവർ മുന്നോട്ടുവെക്കുന്നത്. നിർഭാഗ്യവശാൽ, വൈക്കിങ്ങിന്റെ പരീക്ഷണ ചേമ്പറുകളിൽ ഹൈഡ്രജൻ വാതകം ഉൾപ്പെടുത്തിയിരുന്നില്ല. ജിസിഎംഎസ് ഉപകരണത്തിനായി കൊണ്ടുപോയ ഹൈഡ്രജൻ സിലിണ്ടർ തൊട്ടടുത്ത് ലഭ്യമായിരുന്നിട്ടും അത് ഈ ജീവികണ്ടെത്തൽ പരീക്ഷണങ്ങളുമായി ബന്ധിപ്പിച്ചിരുന്നില്ല എന്നത് ഒരു വിരോധാഭാസമായി ഇന്നും അവശേഷിക്കുന്നു.

ഈ വിഷയത്തിൽ തികച്ചും വിപ്ലവാത്മകമായ മറ്റൊരു കാഴ്ചപ്പാടാണ് അസ്ട്രോബയോ കെമിസ്റ്റും ഫൗണ്ടേഷൻ ഫോർ അപ്ലൈഡ് മോളിക്യുലാർ ഇവല്യൂഷന്റെ ഡയറക്ടറുമായ സ്റ്റീവൻ ബെന്നർ മുന്നോട്ടുവെക്കുന്നത്. 'മീറ്റ് ദി നെയ്ഗ്ബോർസ്: ലൈഫ് ഓൺ മാർസ് ആൻഡ് ഹൌ ടു ഫൈൻഡ് ഇറ്റ്' എന്ന തന്റെ പുതിയ പുസ്തകത്തിൽ അദ്ദേഹം വൈക്കിങ് ദൗത്യത്തിന്റെ കണ്ടെത്തലുകളെ രൂക്ഷമായി വിശകലനം ചെയ്യുന്നുണ്ട്. വൈക്കിങ് ലാൻഡറുകൾ ഒരു ഗ്രാം ചൊവ്വാ മണ്ണിൽ ഏകദേശം 1000 ഓട്ടോട്രോഫിക് സൂക്ഷ്മജീവികളെ കണ്ടെത്തിയിരിക്കാൻ വലിയ സാധ്യതയുണ്ടെന്നാണ് അദ്ദേഹത്തിന്റെ പ്രധാന വാദം.

പഴയ വൈക്കിങ് ദൗത്യങ്ങളുടെ ഡേറ്റ കൃത്യമായി സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും ബഹിരാകാശ വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നുണ്ട്. ഇത്തരത്തിലുള്ള ചരിത്രപരമായ ശാസ്ത്ര ഡേറ്റ സൂക്ഷിക്കുന്നത് ഭാവിയിലെ ബഹിരാകാശ ദൗത്യങ്ങളുടെ ചെലവ് ഗണ്യമായി കുറയ്ക്കാനും പുതിയ തലമുറയിലെ ഗവേഷകർക്ക് വഴികാട്ടിയാകാനും സഹായിക്കും. ബക്കിംഗ്ഹാം സെന്റർ ഫോർ അസ്ട്രോബയോളജിയിലെ ബാരി ഡിഗ്രിഗോറിയോ ചൂണ്ടിക്കാണിക്കുന്ന മറ്റൊരു പ്രധാന പ്രശ്നം ഭൂമിയിൽ നിന്നുള്ള സൂക്ഷ്മ ജീവികളുടെ മലിനീകരണമാണ്.

കഴിഞ്ഞ കുറേ വർഷങ്ങളായി ഭൂമിയിൽ നിന്ന് ചൊവ്വയിലേക്ക് അയച്ച അത്യാധുനിക റോവറുകളിൽ ഭൂമിയിലെ അതിജീവന ശേഷിയുള്ള സൂക്ഷ്മ ജീവികൾ കടന്നുകൂടിയിട്ടുണ്ടാകാം എന്ന് അദ്ദേഹം ഭയപ്പെടുന്നു. ഭാവി ദൗത്യങ്ങളിൽ ചൊവ്വയിൽ ജീവന്റെ സാന്നിധ്യം കണ്ടെത്തിയാൽ, അത് ചൊവ്വയിലെ തദ്ദേശീയ ജീവനാണോ അതോ ഭൂമിയിൽ നിന്ന് റോവറുകൾ വഴി കടന്നുപോയതാണോ എന്ന് തിരിച്ചറിയാൻ വൈക്കിങ്ങിന്റെ പഴയ ഡേറ്റ അത്യന്താപേക്ഷിതമായി മാറും.

വൈക്കിങ് ലാൻഡറുകൾ ചൊവ്വയിൽ പ്രവർത്തനം നിർത്തിയിട്ട് നാല് പതിറ്റാണ്ടിലേറെയായെങ്കിലും, ചൊവ്വയിൽ ജീവന്റെ തുടിപ്പുണ്ടോ എന്ന പ്രപഞ്ചത്തിലെ ഏറ്റവും വലിയ ചോദ്യത്തിന് ഉത്തരം നൽകാൻ ആ ദൗത്യം ശേഖരിച്ച വിവരങ്ങൾ ഇന്നും ശാസ്ത്ര ലോകത്തെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

# ഐസിഇ കസ്റ്റഡി മരണങ്ങൾ: അമേരിക്കയ്ക്കെതിരെ 20 ക്രിമിനൽ പരാതികളുമായി മെക്സിക്കോ; ഐക്യരാഷ്ട്രസഭയുടെ ഇടപെടൽ തേടി

മെക്സിക്കോ സിറ്റി: അമേരിക്കയിലെ ഇമിഗ്രേഷൻ ആൻഡ് കസ്റ്റംസ് എൻഫോഴ്സ്മെന്റ് കസ്റ്റഡിയിലും റെയ്ഡുകളിലും മെക്സിക്കൻ പൗരന്മാർ കൊല്ലപ്പെട്ട സംഭവത്തിൽ അമേരിക്കൻ ഭരണകൂടത്തിനെതിരെ മെക്സിക്കോ നിയമ നടപടികൾ ശക്തമാക്കി. സംഭവത്തിൽ യു.എസ് ജസ്റ്റിസ് ഡിപ്പാർട്ട്മെന്റിനും വിവിധ പ്രാദേശിക പ്രോസിക്യൂട്ടർമാർക്കും മുൻപാകെ മെക്സിക്കോ 20 ക്രിമിനൽ പരാതികൾ സമർപ്പിച്ചു. ഇതിനുപുറമേ വിഷയത്തിൽ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ വിഭാഗം മേധാവിക്കും മെക്സിക്കോ ഔദ്യോഗികമായി അപേക്ഷ നൽകിയിട്ടുണ്ട്.

2025 മെയ് മാസത്തിന് ശേഷം ഐസിഇ നടപടികളിലും കസ്റ്റഡിയിലും 17 മെക്സിക്കൻ പൗരന്മാർ മരണപ്പെട്ട സംഭവത്തിൽ മെക്സിക്കൻ പ്രസിഡന്റ് ക്ലോഡിയ ഷെയ്ൻബോം പ്രഖ്യാപിച്ച ശക്തമായ നിലപാടുകളുടെ തുടർച്ചയായാണ് ഈ നീക്കങ്ങൾ. യു.എസിലെ മെക്സിക്കൻ സ്ഥാനപതി റോബർട്ടോ ലസേരിയാണ് എട്ട് സ്റ്റേറ്റ് പ്രോസിക്യൂട്ടർമാർക്കും 12 കൗണ്ടി പ്രോസിക്യൂട്ടർമാർക്കുമായി 20 പരാതികൾ നൽകിയത്. അരിസോണ, കാലിഫോർണിയ, ഫ്ലോറിഡ,ജോർജിയ,ഇല്ലിനോയി,ലൂസിയാന,മിസോറി, ടെക്സസ് എന്നീ സംസ്ഥാനങ്ങളിലാണ് പരാതി നൽകിയിരിക്കുന്നത്.

തൊട്ടടുത്തദിവസംമെക്സിക്കൻഎംബസി വഴി യു.എസ് ജസ്റ്റിസ് ഡിപ്പാർട്ട്മെന്റിലേക്കും ഔദ്യോഗിക പരാതി കൈമാറി. 17 മരണങ്ങളിലും സമഗ്രമായ അന്വേഷണംനടത്തണമെന്നുംഅന്വേഷണ പുരോഗതി നിരന്തരം അറിയിക്കണമെന്നും മെക്സിക്കോ ആവശ്യപ്പെട്ടിട്ടുണ്ട്. സ്വകാര്യ കരാറുകാർ നടത്തുന്ന തടങ്കൽ കേന്ദ്രങ്ങളിലെ അപര്യാപ്തമായ സാഹചര്യങ്ങളിൽ കനത്ത ആശങ്ക രേഖപ്പെടുത്തിയ മെക്സിക്കൻ പ്രതിനിധികൾ, ഓരോ മരണവും വേഗത്തിൽ അന്വേഷിക്കണമെന്ന് ഡിപ്പാർട്ട്മെന്റ് ഓഫ് ഹോംലാന്റ് സെക്യൂരിറ്റിയോട് ആവശ്യപ്പെട്ടു.

വിഷയത്തിൽ അന്താരാഷ്ട്ര തലത്തിലുള്ള ഇടപെടൽ ലക്ഷ്യമിട്ട് മെക്സിക്കൻ ഡെപ്യൂട്ടി ഫോറിൻ മിനിസ്റ്റർ റോബർട്ടോ വെലാസ്കോ അൽവാരസ് യു.എൻ മനുഷ്യാവകാശ ഹൈക്കമ്മീഷണർ ഫോൾക്കർ തുർക്കിന് കത്തയച്ചു. അന്താരാഷ്ട്ര മനുഷ്യാവകാശ മാനദണ്ഡങ്ങളുടെ ലംഘനം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കാനും, ഭാവിയിൽ സമാന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനും യു.എന്നിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഹൂസ്റ്റണിൽ ഐസിഇ ഏജന്റുമാരുടെ വെടിയേറ്റ് കൊല്ലപ്പെട്ട ലൊറെൻസോ സൽഗാഡോ അരാവുജോ എന്ന മെക്സിക്കൻ പൗരന്റെ മരണം വിഷയം കൂടുതൽ വഷളാക്കി. ഗ്വാട്ടിമാലൻ പൗരനാണെന്ന് തെറ്റിദ്ധരിച്ചാണ് ഏജന്റുമാർ ഇയാൾക്ക് നേരെ വെടിയുതിർത്തത്. മരണപ്പെട്ടവരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിനും കുടുംബങ്ങൾക്ക് ആവശ്യമായ നിയമസഹായം ഉറപ്പാക്കുന്നതിനും മെക്സിക്കൻ കോൺസുലേറ്റ് രംഗത്തുണ്ട്.






## ഡി.ജി.പി റിപ്പോർട്ട് കൈമാറി, എ.ഡി.ജി.പി അജിത്തിനെതിരായ നടപടി ഇനി സർക്കാരിന് തീരുമാനിക്കാം



തിരുവനന്തപുരം: ആലപ്പുഴയിലെ 'രക്ഷാപ്രവർത്തന' കേസ് അട്ടിമറിയിൽ എ.ഡി.ജി.പി എം.ആർ അജിത്കുമാറിന്റെ പങ്ക് സംബന്ധിച്ച എസ്.ഐ.ടി റിപ്പോർട്ട് ഡി.ജി.പി റവാഡ ചന്ദ്രശേഖർ ആഭ്യന്തര സെക്രട്ടറി മിൻഹാജ് അലത്തിന് കൈമാറി. അജിത്കുമാറിന്റെയും, ഡി.ജി.പിയുടെയും വിശദീകരണം സഹിതമാണ് റിപ്പോർട്ട്.

കേസ് അട്ടിമറിയിൽ തനിക്ക് പങ്കില്ലെന്നും, കേസ് ഡയറിയടക്കം തിരുത്താൻ ആരോടും നിർദ്ദേശിച്ചിട്ടില്ലെന്നും അജിത് വിശദീകരിച്ചിട്ടുണ്ട്. അജിത്തിനെതിരായ നടപടി സർക്കാരിന് തീരുമാനിക്കാമെന്നാണ് റിപ്പോർട്ടിൽ ഡി.ജി.പിയുടെ ശുപാർശ. ആഭ്യന്തര സെക്രട്ടറി റിപ്പോർട്ട് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയ്ക്ക് കൈമാറും. സർക്കാരാണ് ഇനി തുടർ നടപടികൾ തീരുമാനിക്കുക.

ക്രമസമാധാന ചുമതലയുണ്ടായിരുന്ന എ.ഡി.ജി.പി അജിത്കുമാർ രക്ഷാപ്രവർത്തന കേസ് ആദ്യം അന്വേഷിച്ച സംഘത്തെ വിളിച്ചു വരുത്തി കണ്ടതിന്റെ തെളിവുകൾ എസ്.ഐ.ടി ഹാജരാക്കിയിട്ടുണ്ട്. എന്നാൽ അന്വേഷണം അട്ടിമറിച്ചതിന്റെ തെളിവുകളുള്ളതായി സൂചനയില്ല. ഇവരോട് കേസ് ഡയറി തിരുത്താനോ. തെളിവുകൾ ഒഴിവാക്കാനോ നിർദ്ദേശിച്ചതിനും തെളിവുകളില്ലെന്നാണ് സൂചന. കേസ് അട്ടിമറിയിൽ അജിത്തിലേക്ക് നീളുന്ന വ്യക്തമായ തെളിവുകളില്ലാത്ത സാഹചര്യത്തിൽ സസ്പെൻഷനിലേക്ക് പോവുമോയെന്നത് കണ്ടറിയണം.

ഡി.ജി.പി തലത്തിൽ വിശദാന്വേഷണത്തിന് നിർദ്ദേശിക്കാനും ഇടയുണ്ട്. തൃശൂർ പൂരം അട്ടിമറിയിൽ അജിത്തിനെതിരേ ത്രിതല അന്വേഷണത്തിന് തീരുമാനിച്ചിരുന്നു.

എസ്.ഐ.ടി റിപ്പോർട്ടിൽ വിശദമായ മറുപടി നൽകാൻ ഒരാഴ്ച കൂടി അജിത് ഡി.ജി.പിയോട് ആവശ്യപ്പെട്ടെങ്കിലും അനുവദിച്ചില്ല. അതോടെയാണ് ലഘു വിശദീകരണം നൽകിയത്. കേസിൽ ആദ്യ അന്വേഷണ സംഘം കോടതിയിൽ റിപ്പോർട്ട് നൽകുമ്പോൾ താൻ വയനാട്ടിലായിരുന്നുവെന്നും, അന്വേഷണ സംഘത്തെ വിളിച്ചു വരുത്തിയതല്ല, പല അന്വേഷണ ഉദ്യോഗസ്ഥരും ഓഫീസിൽ വരുമ്പോൾ കാണുക പതിവാണെന്നും അജിത് മറുപടി നൽകി. യാത്രാ വിവരങ്ങളുടെ പകർപ്പും തെളിവായി നൽകിയിട്ടുണ്ട്.

# പ്രക്ഷോഭത്തിൽ പിന്നോട്ടില്ല, ധർമേന്ദ്ര പ്രധാന്റെ രാജി കൂടിയേതീരൂ

ന്യൂഡൽഹി: കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ രാജിവയ്ക്കണമെന്നതിൽ പ്രതിപക്ഷവും കോക്രോച്ച് ജനത പാർട്ടിയും ഉറച്ചുനിൽക്കുന്ന സാഹചര്യത്തിൽ ഡൽഹിയിൽ രാഷ്ട്രീയക്രമസമാധാന പ്രതിസന്ധി കടുത്തു. പാർലമെന്റിലടക്കം ചർച്ചയ്ക്ക് തയ്യാറാണെന്ന് കേന്ദ്രസർക്കാർ. ആരോഗ്യമന്ത്രി ജെ.പി. നദ്ദയുടെ വസതിയിൽ ചർച്ച നടത്താനില്ലെന്ന് സി.ജെ.പി. പിന്നാലെ വ്യവസായി വരുൺ സേത്തിന്റെ ജന്തർ മന്ദർ റോഡിലുള്ള വസതിയിൽ മന്ത്രിമാരായ നദ്ദയും ജിതേന്ദ്ര സിംഗും എത്തി പാറ്റകളുമായി ചർച്ച നടത്തി.



ധർമേന്ദ്ര പ്രധാന്റെ രാജിയിൽ കുറഞ്ഞുള്ള ഒരു ഒത്തുതീർപ്പിനും തയ്യാറല്ലെന്ന് പാറ്റകൾ വ്യക്തമാക്കി. രാജി ഒഴിവാക്കിയുള്ള അനുനയത്തിനാണ് കേന്ദ്ര ശ്രമം. ജന്തർ മന്ദറിലേക്ക് രാത്രി വൈകിയും ആയിരക്കണക്കിന് വിദ്യാർത്ഥികൾ വന്നുകൊണ്ടിരിക്കയാണ്. സർക്കാർ കൂടുതൽ കേന്ദ്രസേനയെ വിന്യസിച്ചു. രാത്രി ഒൻപതിനുശേഷം സർസദ് മാർഗിൽ പ്രക്ഷോഭകരുമായി സംഘർഷമുണ്ടായി. പൊലീസ് ടിയർ ഗ്യാസ് പ്രയോഗിച്ചു.

പതിനാറിലേറെ മെട്രോ സ്റ്റേഷനുകൾ അടച്ചിട്ടത് ജനജീവിതത്തെ വലച്ചു. സ്റ്റേഷനുകൾക്കു മുന്നിൽ ജനങ്ങൾ രോഷാകുലരായി. വൈകിട്ടോടെ നിയന്ത്രണം നീക്കി. ഇന്നലെയും പാർലമെന്റ് സ്തംഭിച്ചു. കറുത്ത വസ്ത്രം ധരിച്ചെത്തിയ കോൺഗ്രസ്, ഇടത്, സമാജ്‌വാദി പാർട്ടി എം.പിമാർ സഭയ്ക്കകത്തും പുറത്തും പ്രതിഷേധിച്ചു. ചർച്ചയ്ക്ക് തയ്യാറെന്ന് പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു ഇരുസഭയെയും അറിയിച്ചു.

ചർച്ചയ്ക്കു മുൻപ് പ്രധാൻ രാജി വയ്ക്കണമെന്ന് രാജ്യസഭ പ്രതിപക്ഷ നേതാവ് മല്ലികാർജ്ജുൻ ഖാർഗെ ആവശ്യപ്പെട്ടു. മറ്റെല്ലാം മാറ്റിവച്ച് ചർച്ച ചെയ്യണമെന്ന് കെ.സി. വേണുഗോപാലും ആവശ്യപ്പെട്ടു. പലതവണ സഭ ചേർന്നെങ്കിലും ബഹളം തുടർന്നതോടെ ഇന്നത്തേക്ക് പിരിഞ്ഞു.

### കോടതിയുടെ സമയം പാഴാക്കരുത്

തിങ്കളാഴ്ച കോക്രോച്ച് ജനത പാർട്ടിയുടെ പാർലമെന്റ് മാർച്ചിനു നേർക്കുണ്ടായ പൊലീസ് വേട്ടയ്ക്കെതിരെ സമർപ്പിച്ച പൊതുതാത്പര്യഹർജിയിൽ അടിയന്തര വാദം കേൾക്കാൻ സുപ്രീം കോടതി വിസമ്മതിച്ചു. കോടതിയുടെ സമയം പാഴാക്കരുതെന്ന് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് പറഞ്ഞത് സി.ജെ.പിയെ പ്രകോപിപ്പിച്ചു. ഇത്ര അഹങ്കാരം നല്ലതല്ലെന്ന് കേന്ദ്ര സർക്കാർ ഉപദേശിക്കണമെന്നായിരുന്നു അവരുടെ പ്രതികരണം. അതേസമയം ഡൽഹി ഹൈക്കോടതി കേന്ദ്രസർക്കാരിനും ഡൽഹി പൊലീസിനും നോട്ടീസയച്ചു.

"ഇടി വാങ്ങി ശീലമുണ്ട്. ഇനിയും കൊള്ളാൻ സന്തോഷമേയുള്ളൂ. വിദ്യാർത്ഥികളെ ക്രൂരമായി കൈകാര്യം ചെയ്തവർക്കെതിരെ നടപടിയുണ്ടാകണം, മോദി അവരോട് മാപ്പു പറയണം പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു.

### ഉറപ്പുകിട്ടിയാൽ നിരാഹാരം നിറുത്താം: വാങ്ചുക്

1. സമരക്കാർക്കെതിരെയുള്ള കേസുകൾ പിൻവലിക്കണം
2. പ്രതികാര നിയമനടപടികൾ പാടില്ല
3. തത്കാലം സമരം നിറുത്താൻ സമരക്കാരോട് പറയാം
4. സർക്കാരുമായി ചർച്ച നടത്തണമെന്നും അഭ്യർത്ഥിക്കാം










# ഭൂമിക്കടിയിലെ അണുബോംബുകൾ ഇനി ആകാശക്കണ്ണുകൾ കാണും! ബഹിരാകാശം അടുത്ത യുദ്ധക്കളമാകുമ്പോൾ

ഭൂമിയിലെ ഉപരിതല യുദ്ധങ്ങളും ആഴക്കടലിലെ നിഴൽ പോരാട്ടങ്ങളും അതിരുകൾ കടന്ന് ഇപ്പോൾ ഭൂമിയുടെ ഉപരിതലത്തിന് മുകളിലുള്ള താഴ്ന്ന ഭ്രമണപഥങ്ങളിലേക്ക് വേഗതയിൽ പടരുകയാണ്. ബഹിരാകാശ സാങ്കേതികവിദ്യ കേവലം ആശയവിനിമയങ്ങൾക്കും കാലാവസ്ഥാ നിരീക്ഷണങ്ങൾക്കും അപ്പുറം ലോകത്തിലെ അണുശക്തി രാജ്യങ്ങളുടെ കടുത്ത പോരാട്ടക്കളമായി മാറുന്നതിന്റെ പുതിയ ഞെട്ടിക്കുന്ന വിഭാവനങ്ങൾ ഇപ്പോൾ പുറത്തുവന്നിരിക്കുന്നു.

ഭൂമിക്കടിയിലെ അതീവ രഹസ്യ കേന്ദ്രങ്ങളിലും ഭൂഗർഭ തുരങ്കങ്ങളിലും ഒളിപ്പിച്ചിരിക്കുന്ന വൻകിട ആണവായുധങ്ങളെയും ആണവ സാമഗ്രികളെയും ഉപഗ്രഹങ്ങൾ ഉപയോഗിച്ച് കൃത്യമായി കണ്ടെത്താൻ കഴിയുന്ന പുതിയ സാങ്കേതിക പഠനങ്ങൾ പ്രമുഖ അന്താരാഷ്ട്ര ശാസ്ത്രപ്രതിരോധ മാധ്യമങ്ങൾ പുറത്തുവിട്ടു.



വളരെ വേഗത്തിൽ സൈനികവൽക്കരിക്കപ്പെടുന്ന ബഹിരാകാശ വൻകരയെക്കുറിച്ചും, ലോകത്തെ വൻശക്തികൾ ഭ്രമണപഥങ്ങളിൽ സ്ഥാപിക്കുന്ന അത്യാധുനിക ചാര ഉപഗ്രഹങ്ങളുടെ തന്ത്രപരമായ മുൻഗണനകളെക്കുറിച്ചുമുള്ള സമഗ്രമായ റിപ്പോർട്ട് താഴെ നൽകുന്നു:

പ്രമുഖ ശാസ്ത്രജ്ഞരും സുരക്ഷാ ഗവേഷകരും ചേർന്ന് വികസിപ്പിച്ചെടുത്ത പുതിയ പഠനങ്ങൾ പ്രകാരം, അത്യന്തം കൃത്യതയുള്ള ഗാമാ റേ ഡെറ്റക്ടറുകളും ഹൈപ്പർസ്പെക്ട്രൽ ഇമേജിങ് സംവിധാനങ്ങളും ഘടിപ്പിച്ച പുതിയ തരം ഉപഗ്രഹങ്ങൾക്ക് ഭൂമിയിലെ പാറക്കൂട്ടങ്ങൾക്കും കോൺക്രീറ്റ് കവചങ്ങൾക്കും ഉള്ളിൽ ഒളിപ്പിച്ചിരിക്കുന്ന അണുബോംബുകളുടെ സാന്നിധ്യം കണ്ടെത്താൻ സാധിക്കും. വാഷിംഗ്ടൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഡിഫൻസ് ഇന്റലിജൻസ് ഏജൻസിയും പ്രമുഖ സർവ്വകലാശാലകളും സംയുക്തമായിനടത്തിയഈശാസ്ത്രപരീക്ഷണങ്ങൾ ബഹിരാകാശത്തെ ആയുധവൽക്കരണത്തിന്റെ വേഗത ഇരട്ടിയാക്കിയിരിക്കുകയാണ്. വരും വർഷങ്ങളിൽ ശത്രുരാജ്യങ്ങളുടെ രഹസ്യ ആണവ സമുച്ചയങ്ങൾ കണ്ടുപിടിക്കാനും അവയെ നിർജീവമാക്കാനും ഈ ആകാശക്കണ്ണുകൾക്ക് സാധിക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

### 1. ഭൂഗർഭ ആണവായുധങ്ങളെ കണ്ടെത്തുന്ന പുതിയ ഉപഗ്രഹ സാങ്കേതികവിദ്യ

പരമ്പരാഗത സാറ്റലൈറ്റ് ക്യാമറകൾക്ക് കാണാൻ കഴിയാത്ത കടുത്ത കോൺക്രീറ്റ് കവചങ്ങളെ മറികടക്കാൻ ഈ പുതിയ സംവിധാനത്തിന് സാധിക്കും.

**ന്യൂട്രോൺ ഗാമാ കിരണങ്ങളുടെ സൂക്ഷ്മ നിരീക്ഷണം:** ഭൂമിക്കടിയിൽ സൂക്ഷിച്ചിരിക്കുന്ന പ്ലൂട്ടോണിയം, യുറേനിയം എന്നിവയിൽ നിന്ന് പുറത്തുവരുന്ന അത്യന്തം സൂക്ഷ്മമായ സ്വാഭാവിക റേഡിയോ ആക്ടീവ് വികിരണങ്ങളെ ഭ്രമണപഥത്തിൽ നിന്ന് തിരിച്ചറിയാൻ ഈ ഉപഗ്രഹങ്ങൾക്ക് കഴിയും. ഇത് കടുത്ത പർവ്വതനിരകൾക്കുള്ളിലെ തുരങ്കങ്ങളിൽ നടക്കുന്ന ആണവ പ്രവർത്തനങ്ങൾ പോലും തത്സമയം വെളിപ്പെടുത്തും.

**താപവ്യതിയാനങ്ങളും ഭൂഗർഭ ചലനങ്ങളും:** അണുബോംബുകൾ വികസിപ്പിക്കുന്ന ഭൂഗർഭ ലാബുകളിൽ നിന്നുണ്ടാകുന്ന ചെറിയ താപ വ്യതിയാനങ്ങളും ഇൻഫ്രാറെഡ് ക്യാമറകൾ വഴി ഉപഗ്രഹങ്ങൾ കൃത്യമായി രേഖപ്പെടുത്തും. ഇത് കേവലം അണുബോംബുകൾ എവിടെയുണ്ടെന്ന് മാത്രമല്ല, അവയുടെ ഉൽപ്പാദന ശേഷി എത്രയാണെന്നും കാണിച്ചുതരും.

**സാങ്കേതികവിദ്യയുടെ സുരക്ഷാ മുന്നേറ്റം:** രഹസ്യമായി അണുബോംബുകൾ നിർമ്മിച്ച് ലോകത്തെ ഭീഷണിപ്പെടുത്തുന്ന ഇസ്ലാമിക് രാജ്യങ്ങൾക്കും തീവ്ര വിഭാഗങ്ങൾക്കും ഇനി സ്വന്തം മണ്ണിൽപോലും ഇത് രഹസ്യമായി വെക്കാൻ കഴിയില്ലെന്നത് വലിയൊരു സുരക്ഷാ നേട്ടമായി കണക്കാക്കപ്പെടുന്നു.

### 2. ബഹിരാകാശത്തിലെ മാരകമായ ആയുധ പന്തയവും അസിമെട്രിക് ഭീഷണികളും

വൻശക്തികൾ തങ്ങളുടെ ഉപഗ്രഹങ്ങളെ സംരക്ഷിക്കാനും ശത്രുക്കളുടെ സന്ദേശങ്ങൾ തടയാനും അത്യാധുനിക പരീക്ഷണങ്ങൾ നടത്തുകയാണ്.

**കില്ലർ സാറ്റലൈറ്റുകളുടെ ഭീഷണി:** അന്താരാഷ്ട്ര ഉപഗ്രഹ ശൃംഖലകളെ നേരിട്ട് തകർക്കാൻ ശേഷിയുള്ള സാറ്റലൈറ്റ് വിരുദ്ധ മിസൈലുകളും (ASAT) കില്ലർ ഉപഗ്രഹങ്ങളും അമേരിക്ക, റഷ്യ, ചൈന തുടങ്ങിയ രാജ്യങ്ങൾ തങ്ങളുടെ ഭ്രമണപഥങ്ങളിൽ ഇതിനകം വിന്യസിച്ചു കഴിഞ്ഞു. ശത്രുക്കളുടെ ചാര ഉപഗ്രഹങ്ങളെ ലേസർ രശ്മികൾ ഉപയോഗിച്ച് അന്ധമാക്കുകയോ ബഹിരാകാശത്ത് വെച്ച് തകർക്കുകയോ ചെയ്യുന്ന സാങ്കേതികവിദ്യകൾ നിലവിലുണ്ട്.

**ഭൂമിയെ നിശ്ചലമാക്കുന്ന ഇഎംപി ഭീഷണി:** ബഹിരാകാശത്ത് വെച്ച് ഒരു ചെറിയ ആണവ വിസ്ഫോടനം നടത്തിയാൽ ഉണ്ടാകുന്ന ഇലക്ട്രോമാഗ്നെറ്റിക് പൾസ് ഭൂമിയിലെയും ഭ്രമണപഥത്തിലെയും മുഴുവൻ സാങ്കേതിക വിദ്യകളെയും മിനിറ്റുകൾക്കകം നിർജ്ജീവമാക്കാൻ പോന്നതാണ്. ഇത് ആഗോള ബാങ്കിംഗ്, ആശയവിനിമയ ശൃംഖലകളെ പൂർണ്ണമായി തകർക്കും.

**ഭൂഗർഭ താവളങ്ങളുടെ പരാജയം:** മുൻപ് വലിയ പർവ്വതങ്ങൾക്കുള്ളിൽ നിർമ്മിക്കുന്ന താവളങ്ങൾ സുരക്ഷിതമാണെന്ന് കരുതിയിരുന്നെങ്കിൽ, ഇത്തരം സാറ്റലൈറ്റ് വിദ്യകൾ നിലവിൽ വരുന്നതോടെ ശത്രുക്കൾക്ക് വളരെ എളുപ്പത്തിൽ ഈ താവളങ്ങളുടെ സ്ഥാനങ്ങൾ കണ്ടെത്താൻ സാധിക്കും.

### 3. ഇന്ത്യൻ നാവികസൈനിക മുൻഗണനകളും വിണ്ണിലെ പുതിയ കാവലും

ഇന്ത്യൻ മഹാസമുദ്രത്തിലെയും അതിർത്തികളിലെയും സെൻസിറ്റീവ് മേഖലകൾ സംരക്ഷിക്കാൻ ഇന്ത്യ തങ്ങളുടെ ഉപഗ്രഹ കവചങ്ങൾ ശക്തമാക്കുകയാണ്

**ഐ.എസ്.ആർ.ഒയുടെ പുതിയ ഡിഫൻസ് ഉപഗ്രഹങ്ങൾ:** അതിർത്തി കടന്നുള്ള ശത്രുക്കളുടെ സൈനിക നീക്കങ്ങളും അയൽരാജ്യങ്ങളിലെ രഹസ്യ മിസൈൽ താവളങ്ങളും തത്സമയം വീക്ഷിക്കാൻ തദ്ദേശീയമായി നിർമ്മിച്ച ജിസാറ്റ്, റിസാറ്റ് പരമ്പരയിലുള്ള അത്യാധുനിക പ്രതിരോധ ഉപഗ്രഹങ്ങൾ ഇന്ത്യ വിന്യസിച്ചിട്ടുണ്ട്.

**ബഹിരാകാശ പ്രതിരോധ ഏജൻസിയുടെ കുതിപ്പ്:** മൂന്ന് സേനകളുടെയും സംയുക്ത ആകാശ സുരക്ഷ ഉറപ്പാക്കാൻ ഇന്ത്യ രൂപീകരിച്ച ഡിഫൻസ് സ്പേസ് ഏജൻസി പുതിയ ഉപഗ്രഹ വിവരങ്ങൾ വിശകലനം ചെയ്യാനും ബഹിരാകാശ യുദ്ധ തന്ത്രങ്ങൾ രൂപീകരിക്കാനും അത്യാധുനിക സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നുണ്ട്.

**മഹാസമുദ്രങ്ങളിലെ സുരക്ഷ:** അറബിക്കടലിലും ഇന്തോപസഫിക്കിലും സഞ്ചരിക്കുന്ന ഇന്ത്യൻ ചരക്കുകപ്പലുകൾക്ക് ആവശ്യമായ നാവിക വിവരങ്ങളും റഡാർ സന്ദേശങ്ങളും തത്സമയം നൽകാൻ ഈ പുതിയ ആകാശ ശൃംഖലകൾ സഹായിക്കുന്നുണ്ട്.

**ഔട്ടർ സ്പേസ് ട്രീറ്റിയുടെ പരിമിതികൾ:** 1967ൽ ഒപ്പുവെച്ച ഔട്ടർ സ്പേസ് ട്രീറ്റി ബഹിരാകാശത്ത് കൂറ്റൻ ആണവായുധങ്ങൾ സ്ഥാപിക്കുന്നത് നിരോധിക്കുന്നുണ്ടെങ്കിലും, ചാര ഉപഗ്രഹങ്ങളോ ലേസർ ആയുധങ്ങളോ വിന്യസിക്കുന്നത് തടയാൻ അതിന് കൃത്യമായ വകുപ്പുകളില്ല. ഇത് വൻശക്തികൾ നിയമപരമായ വിടവുകളായി ഉപയോഗിക്കുന്നു.

ബഹിരാകാശത്തിന്റെ ശാന്തി നിലനിർത്താൻ കടുത്ത അന്താരാഷ്ട്ര നിയമനിർമ്മാണങ്ങൾ അനിവാര്യമാണെന്ന് വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു.

സാങ്കേതികവിദ്യയുടെ വളർച്ച ഭൂമിയിലെ യുദ്ധങ്ങളെ വിണ്ണിലെ ഭ്രമണപഥങ്ങളിലേക്ക് എത്തിച്ചിരിക്കുകയാണ്. ഭൂമിക്കടിയിലെ രഹസ്യ ആണവ കേന്ദ്രങ്ങളെ ഉപഗ്രഹങ്ങൾ വഴി കണ്ടെത്താൻ കഴിയുന്നത് സുരക്ഷയ്ക്ക് വലിയൊരു നാഴികക്കല്ലാണെങ്കിലും, ബഹിരാകാശം ഒരു യുദ്ധക്കളമായി മാറിയാൽ ഉണ്ടാകുന്ന വിനാശം വാക്കുകൾക്ക് അപ്പുറമായിരിക്കും.

# യുറേനിയം സമ്പുഷ്ടീകരണത്തിന് യു.എസുമായി കരാർ: സൗദി ആണവശക്തിയാകുമോ?

സൗദി അറേബ്യയുടെ ദീർഘകാല സ്വപ്നമായ സ്വതന്ത്ര യറേനിയം സമ്പുഷ്ടീകരണത്തിന് വഴിയൊരുക്കുന്ന സുപ്രധാന കരാറിന് യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അംഗീകാരം നൽകിയതായിരിക്കുകയാണ്. സൗദിയുടെ സിവിലിയൻ ആണവ പദ്ധതിയുടെ വികസനത്തിനായി 30 വർഷത്തെ കാലാവധിയിലാണ് ഈ കരാർ രൂപകൽപ്പന ചെയ്തിരിക്കുന്നത്. കരാറിന്റെ ഭാഗമായി ഇരുരാജ്യങ്ങളും ചേർന്ന് നടത്തുന്ന പഠനത്തിന് ശേഷം സൗദി മണ്ണിൽ ആദ്യമായി യറേനിയം സമ്പുഷ്ടീകരണ കേന്ദ്രം സ്ഥാപിക്കും.



അമേരിക്കൻ കമ്പനികളുടെ പങ്കാളിത്തത്തോടെയായിരിക്കും പദ്ധതി മുന്നോട്ട് കൊണ്ടുപോകുന്നത്. എന്നാൽ അമേരിക്കൻ കോൺഗ്രസിനുള്ളിൽ നിന്ന് തന്നെ ഈ നീക്കത്തിനെതിരെ ശക്തമായ എതിർപ്പുകൾ ഉയരാൻ സാധ്യതയുണ്ട്. സൗദിക്ക് സ്വന്തമായി യുറേനിയം സമ്പുഷ്ടീകരിക്കാൻ അനുമതി നൽകുന്നത് പശ്ചിമേഷ്യയിൽ പുതിയൊരു ആണവായുധ മത്സരത്തിന് വഴിവെക്കുമെന്നാണ് യു.എസ് പ്രതിനിധികളിൽ ഒരു വിഭാഗവും ആണവ വിരുദ്ധ വിദഗ്ധരും ഭയപ്പെടുന്നത്.

വിയന്ന ആസ്ഥാനമായുള്ള ഇന്റർനാഷണൽ അറ്റോമിക് എനർജി ഏജൻസിയിൽഅംഗമായസൗദി,സമാധാനപരമായ ആവശ്യങ്ങൾക്ക് മാത്രമാണ് ആണവോർജ്ജം ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കുന്നുണ്ടെങ്കിലും കൂടുതൽ കർശന പരിശോധനകൾക്ക് അനുമതി നൽകുന്ന അഡീഷണൽ പ്രോട്ടോക്കോൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് ആശങ്ക വർദ്ധിപ്പിക്കുന്നു.

സൗദിയിൽ സെൻട്രിഫ്യൂജുകൾ പ്രവർത്തിപ്പിക്കാൻ തുടങ്ങുന്നത് ഭാവിയിൽ ആണവായുധങ്ങൾ നിർമ്മിക്കാനുള്ള സാങ്കേതിക ശേഷി രാജ്യത്തിന് നൽകുമെന്നാണ് വിദഗ്ധരുടെ മുന്നറിയിപ്പ്. ഇറാൻ ആണവ ബോംബ് വികസിപ്പിച്ചാൽ തങ്ങളും അതേ വഴി തിരഞ്ഞെടുക്കുമെന്ന് സൗദി കിരീടാവകാശി മുഹമ്മദ് ബിൻ സൽമാൻ മുൻപ് തന്നെ തുറന്ന് പറഞ്ഞിരുന്നു. ഖത്തറിലെ ഹമാസ് കേന്ദ്രങ്ങൾക്ക് നേരെ ഇസ്രായേൽ ആക്രമണം നടത്തിയ പശ്ചാത്തലത്തിൽ, ആണവ ശക്തിയായ പാകിസ്ഥാനുമായി സൗദി അടുത്തിടെ പരസ്പര പ്രതിരോധ കരാറിൽ ഒപ്പുവെച്ചിരുന്നു.

ആവശ്യമാണെങ്കിൽ സൗദിക്ക് ആവശ്യമായ ആണവ സഹായങ്ങൾ നൽകുമെന്ന് പാകിസ്ഥാൻ പ്രതിരോധ മന്ത്രി വ്യക്തമാക്കിയത് ഇസ്രായേലിനുള്ള നേരിട്ടുള്ള മുന്നറിയിപ്പായാണ് വിലയിരുത്തപ്പെട്ടത്.

യുറേനിയം സമ്പുഷ്ടീകരണം എന്നത് നേരിട്ട് ഒരു ആണവബോംബ് ഉണ്ടാക്കൽ അല്ലെങ്കിലും, ആയുധ നിർമ്മാണത്തിലേക്കുള്ള ഏറ്റവും പ്രധാനപ്പെട്ടതും കഠിനവുമായ ഘട്ടമാണ്. ഇതേ സമ്പുഷ്ടീകരണ പരിപാടിയുടെ പേരിലാണ് അയൽ രാജ്യമായ ഇറാനുമായി പാശ്ചാത്യ രാജ്യങ്ങൾ വർഷങ്ങളായി തർക്കത്തിൽ ഏർപ്പെട്ടിരിക്കുന്നത്.

നിലവിൽ ഇറാന്റെ ആണവ നിലയങ്ങൾക്ക് നേരെ അമേരിക്കയും ഇസ്രായേലും സംയുക്ത ആക്രമണങ്ങൾക്ക് മുതിരുന്ന പശ്ചാത്തലത്തിലാണ് സൗദിയുമായുള്ള ഈ കരാർ പുറത്തുവരുന്നത് എന്നത് മേഖലയിലെ രാഷ്ട്രീയ അന്തരീക്ഷം കൂടുതൽ സങ്കീർണ്ണമാക്കുന്നു.

അതേസമയം, സൗദിയുടെ അയൽ രാജ്യമായ യു.എ.ഇ മുൻപ് അമേരിക്കയുമായി 123 കരാർ ഒപ്പുവെച്ച് ദക്ഷിണ കൊറിയയുടെ സഹായത്തോടെ ബറാക്ക ആണവനിലയം സ്ഥാപിച്ചിരുന്നു. സ്വന്തമായി യുറേനിയം സമ്പുഷ്ടീകരിക്കാൻ ശ്രമിക്കാതെ വിദേശത്ത് നിന്ന് ഇന്ധനം വാങ്ങിയാണ് യു.എ.ഇ ആണവോർജ്ജം ഉൽപ്പാദിപ്പിക്കുന്നത്.

ആണവായുധ വ്യാപനം തടയുന്നതിൽ മറ്റ് രാജ്യങ്ങൾക്ക് പിന്തുടരാവുന്ന ഏറ്റവും മികച്ച മാതൃകയായി വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത് യു.എ.ഇയുടെ ഈ രീതിയെയാണ്. ഇതിൽ നിന്നും വ്യത്യസ്തമായി സ്വന്തമായി സമ്പുഷ്ടീകരണ ശേഷി കൈവരിക്കാനുള്ള സൗദിയുടെ നീക്കം പശ്ചിമേഷ്യയിലെ ശക്തി സമവാക്യങ്ങളിൽ വലിയ മാറ്റങ്ങൾ വരുത്തിയേക്കും.



# അച്ഛന്റെ പേര് വേണ്ട; ബ്രാഡ് പിറ്റിന് വീണ്ടും തിരിച്ചടി നൽകി മകൾ കോടതിയിലേക്ക്!



ഹോളിവുഡ് താരദമ്പതികളായിരുന്ന ബ്രാഡ് പിറ്റിന്റെയും ആഞ്ചലീന ജോളിയുടെയും മകൾ വിവിയൻ പിറ്റ് എന്ന സർനെയിം ഉപേക്ഷിക്കാൻ ഔദ്യോഗികമായി നിയമനടപടി തുടങ്ങി. പതിനെട്ട് വയസ്സ് തികഞ്ഞതിന് പിന്നാലെയാണ് അച്ഛന്റെ പേര് ഉപേക്ഷിക്കാൻ മകൾ ലോസ് ആഞ്ചലസ് കൗണ്ടി സുപ്പീരിയർ കോടതിയെ സമീപിച്ചത്.തന്റെ പേരിൽ നിന്നും പിറ്റ് എന്നത് ഒഴിവാക്കി വിവിയൻ മാർഷെലിൻ ജോളി എന്ന് മാറ്റണമെന്നാണ് കോടതിയിൽ സമർപ്പിച്ച ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്. പേര് മാറ്റുന്നതിനുള്ള കാരണമായി വ്യക്തിപരമായ കാര്യങ്ങൾ എന്നാണ് ഹർജിയിൽ വ്യക്തമാക്കിയിട്ടുള്ളത്.ഈ വിഷയത്തിൽ വരാനിരിക്കുന്ന നവംബർ രണ്ടിന് കോടതി വാദം കേൾക്കുമെന്നാണ് വിവരം. ഇതോടെ അച്ഛന്റെ പേര് ഒഴിവാക്കുന്ന ബ്രാഡ് പിറ്റിന്റെ അഞ്ചാമത്തെ മകളായി വിവിയൻ മാറിയിരിക്കുകയാണ്.മുമ്പ് ബ്രാഡ് പിറ്റുമായി അകന്നുനിൽക്കുന്ന മക്കളായ ഷൈലോ, സഹാറ, മഡോക്സ് എന്നിവരും അച്ഛന്റെ പേര് ഒഴിവാക്കാൻ നിയമനടപടികൾ സ്വീകരിച്ചിരുന്നു. ഷൈലോയുടെ ഹർജി കോടതി അംഗീകരിക്കുകയും ചെയ്തിരുന്നു.അമ്മ ആഞ്ചലീന ജോളിക്കൊപ്പം നിർമ്മിച്ച ദി ഔട്ട്സൈഡേഴ്സ് എന്ന ബ്രാഡ്‌വേ മ്യൂസിക്കലിന്റെ പേജുകളിലും വിവിയൻ ജോളി എന്ന് മാത്രമാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ ഇപ്പോൾ നിയമപരമായി തന്നെ പേര് മാറ്റാനാണ് താരം തീരുമാനിച്ചിരിക്കുന്നത്.ബ്രാഡ് പിറ്റും ആഞ്ചലീന ജോളിയും തമ്മിലുള്ള വിവാഹബന്ധം വേർപിരിഞ്ഞതിന് ശേഷം മക്കളിൽ ഭൂരിഭാഗവും പിറ്റുമായി അകൽച്ചയിലാണ്. 2016 ലാണ് ഇരുതാരങ്ങളും വേർപിരിയുന്നതായി പ്രഖ്യാപിച്ചത്.മക്കളോട് ബ്രാഡ് പിറ്റ് മോശമായി പെരുമാറിയതാണ് ഈ അകൽച്ചയ്ക്ക് കാരണമെന്ന് റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. കുട്ടികൾ മുതിർന്നവരായതോടെ സ്വന്തം തീരുമാനങ്ങൾ എടുക്കുകയാണെന്നാണ് ഇതേക്കുറിച്ച് കുടുംബവുമായി അടുത്ത കേന്ദ്രങ്ങൾ വ്യക്തമാക്കുന്നത്.ആഞ്ചലീന ജോളിയുടെ അമ്മയായ മാർഷെലിൻ ബെർട്രാൻഡിന്റെ പേരിൽ നിന്നാണ് വിവിയന് മാർഷെലിൻ എന്ന ഇടത്തരം പേര് നൽകിയിരുന്നത്. അമ്മയുടെ കുടുംബത്തോടാണ് മക്കൾ കൂടുതൽ അടുപ്പം കാണിക്കുന്നത്.മറ്റ് മക്കളായ മഡോക്സ്, സഹാറ, നോക്സ് എന്നിവരും കോളേജ് ബിരുദദാന ചടങ്ങുകളിലും പൊതുവേദികളിലും പിറ്റ് എന്ന പേര് ഒഴിവാക്കിയിരുന്നു. നോക്സ് ഹൈസ്കൂൾ ഡിപ്ലോമയിലും ജോളി എന്ന് മാത്രമാണ് ഉപയോഗിച്ചത്.നീണ്ട എട്ടുവർഷത്തെ നിയമപോരാട്ടങ്ങൾക്ക് ശേഷമാണ് ബ്രാഡ് പിറ്റും ആഞ്ചലീന ജോളിയും തമ്മിലുള്ള വിവാഹമോചനം പൂർണ്ണമായത്. ഹോളിവുഡിലെ ഏറ്റവും ജനപ്രിയ ദമ്പതികളായിരുന്ന ബ്രാഞ്ചലീനയുടെ തകർച്ചയും തുടർന്നുള്ള കുടുംബതർക്കങ്ങളും എന്നും മാധ്യമങ്ങളിൽ വലിയ ചർച്ച വിഷയമായിരുന്നു. മക്കളുടെ ഈ പുതിയ തീരുമാനം വീണ്ടും വാർത്തകളിൽ നിറയുകയാണ്.തങ്ങൾക്കിടയിലുള്ള പ്രശ്നങ്ങൾ മക്കളുടെ ജീവിതത്തെ ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ടെന്ന് ഇരുതാരങ്ങളും വ്യക്തമാക്കാറുണ്ടെങ്കിലും മക്കളുടെ തീരുമാനങ്ങൾ പിറ്റിന് തിരിച്ചടിയാവുകയാണ്.

# ഹോളിവുഡിനെ ഞെട്ടിച്ച് പാരാമൗണ്ട് –വാർണർ ലയനം കോടതി തടഞ്ഞു!




ഹോളിവുഡ് സിനിമാ വ്യവസായത്തെയും ആഗോള വിനോദരംഗത്തെയും ആകെ അമ്പരപ്പിച്ചുകൊണ്ട് വൻകിട നിർമ്മാണ കമ്പനികളായ പാരാമൗണ്ട് സ്കൈഡാൻസും വാർണർ ബ്രദേഴ്സ് ഡിസ്കവറിയും തമ്മിലുള്ള ലയനം കോടതി തടഞ്ഞു. 110 ബില്യൺ ഡോളറിന്റെ ബ്രഹ്മാണ്ഡ കരാറിനാണ് യുഎസ് ഫെഡറൽ കോടതി താൽക്കാലികമായി സ്റ്റേ ഏർപ്പെടുത്തിയത്.ചെറുകിട കമ്പനികളുടെ നിലനിൽപ്പിനെ ബാധിക്കുന്ന രീതിയിലുള്ള കുത്തകവൽക്കരണ വിരുദ്ധ നിയമങ്ങളുടെ ലംഘനം ചൂണ്ടിക്കാട്ടിയാണ് കോടതിയുടെ ഈ കടുത്ത നടപടി. അമേരിക്കയിലെ 12 സംസ്ഥാനങ്ങൾ നൽകിയ ഹർജി പരിഗണിച്ചാണ് ലയന നടപടികൾ രണ്ടാഴ്ചത്തേക്ക് മരവിപ്പിച്ചത്.ആഗസ്റ്റ് ആദ്യവാരം നടക്കുന്ന വിശദമായ വാദത്തിന് ശേഷമായിരിക്കും വിഷയം വിചാരണയിലേക്ക് കടക്കണമോ എന്ന കാര്യത്തിൽ അന്തിമ തീരുമാനം ഉണ്ടാകുക. വിചാരണ നീളുകയാണെങ്കിൽ അത് അടുത്ത വർഷം ഏപ്രിൽ വരെ നീളാൻ സാധ്യതയുണ്ടെന്നാണ് വിദഗ്ധർ വിലയിരുത്തുന്നത്.

# സർജറിയും ഐസിയുവും; പ്രചരിച്ച വാർത്തകളിൽ സത്യമെന്ത്? ഒടുവിൽ തുറന്നുപറഞ്ഞ് അമിതാഭ് ബച്ചൻ!



ബോളിവുഡ് മെഗാസ്റ്റാർ അമിതാഭ് ബച്ചന്റെ ആരോഗ്യസ്ഥിതിയെക്കുറിച്ച് പ്രചരിച്ച വാ വാർത്തകളിൽ പ്രതികരണവുമായി താരം തന്നെ രംഗത്തെത്തി. തനിക്ക് സർജറിയോ മറ്റ് ആരോഗ്യപ്രശ്നങ്ങളോ ഇല്ലെന്നും തന്റെ വാക്കുകൾ ആളുകൾ തെറ്റായി ധരിക്കുകയായിരുന്നു എന്നും അദ്ദേഹം വ്യക്തമാക്കി.കഴിഞ്ഞ ദിവസം ബച്ചൻ തന്റെ ബ്ലോഗിൽ പങ്കുവെച്ച ഒരു കുറപ്പാണ് ആരാധകർക്കിടയിൽ വലിയ ആശങ്കയ്ക്ക് വഴിതെളിച്ചത്. സർജറി, ഐസിയു പ്രവേശനം, അതിജീവനത്തിന്റെ കഠിനമായ ഘട്ടങ്ങൾ എന്നിവയെക്കുറിച്ചായിരുന്നു അദ്ദേഹം ബ്ലോഗിൽ കുറിച്ചിരുന്നത്. ഇതോടെ 83 കാരനായ താരത്തിന് എന്തോ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സംഭവിച്ചു എന്ന് തരത്തിൽ വാർത്തകൾ പരന്നു. എന്നാൽ തനിക്ക് യാതൊരുവിധ ആരോഗ്യപ്രശ്നങ്ങളും ഇല്ലെന്ന് അദ്ദേഹം മാധ്യമങ്ങളോട് വ്യക്തമാക്കി.താൻ തികച്ചും ആരോഗ്യവാനാണെന്നും തന്റെ കുറിപ്പ് ഫുട്ബോൾ ലോകകപ്പിലെ അർജന്റീനയുടെ തോൽവിയെക്കുറിച്ചായിരുന്നു എന്നും അദ്ദേഹം പറഞ്ഞു. തന്റെ പ്രിയപ്പെട്ട കായിക ഇനങ്ങളെയും താരങ്ങളെയും കുറിച്ച് നിരന്തരം ബ്ലോഗിലൂടെയും സോഷ്യൽ മീഡിയയിലൂടെയും സംസാരിക്കുന്ന വ്യക്തിയാണ് അമിതാഭ് ബച്ചൻ. എന്നാൽ ഇത്തവണ എഴുതിയ വരികൾ ആളുകൾ തെറ്റായി വ്യാഖ്യാനിച്ചതാണ് ഇത്രയും വലിയ ചർച്ചകൾക്ക് വഴിവെച്ചത്.



## അവഞ്ചേഴ്സിനെതോൽപ്പിച്ച് രാമായണം; കളി കണ്ട് ട്രോളി ഇന്ത്യൻ ആരാധകർ!

മാർവൽ സിനിമാറ്റിക് യൂണിവേഴ്സിന്റെ ഏറ്റവും പുതിയ സൂപ്പർഹീറോ ചിത്രമായ അവഞ്ചേഴ്സ് ഡൂംസ്ഡേയുടെ ആദ്യ ട്രെയിലർ പുറത്തുവന്നതിന് പിന്നാലെ സോഷ്യൽ മീഡിയയിൽ വലിയ ചർച്ചകൾക്കാണ് വഴിതുറന്നിരിക്കുന്നത്. റോബർട്ട് ഡൗണി ജൂനിയർ ഡോക്ടർ ഡൂം ആയി എത്തുന്ന ഈ മൾട്ടിവേഴ്സ് ചിത്രത്തിത്തിന്റെ ട്രെയിലർ പുറത്തുവന്നതോടെ സിനിമയിലെ വിഷ്വൽ ഇഫക്ട്സ് അഥവാ വിഎഫ്എക്സ് നിലവാരത്തെച്ചൊല്ലി രൂക്ഷവിമർശനമാണ് ഉയരുന്നത്. ട്രെയിലറിലെ പല ഭാഗങ്ങളിലെയും കമ്പ്യൂട്ടർ ഗ്രാഫിക്സ് പൂർണ്ണതയില്ലാത്തതും വളരെ മോശവുമാണെന്ന് വലിയൊരു വിഭാഗം പ്രേക്ഷകർ അഭിപ്രായപ്പെടുന്നു.പ്രത്യേകിച്ച് ഇന്ത്യൻ സിനിമ ആരാധകരാണ് മാർവൽ ചിത്രത്തിന്റെ വിഎഫ്എക്സിനെ ട്രോളി രംഗത്തെത്തിയിരിക്കുന്നത്. ഇന്ത്യയിൽ പുറത്തിറങ്ങാനിരിക്കുന്ന നിതീഷ് തിവാരിയുടെ ബ്രഹ്മാണ്ഡ ചിത്രം രാമായണത്തിന്റെ ട്രെയിലറുമായയാണ് ആരാധകർ അവഞ്ചേഴ്സിനെ താരതമ്യം ചെയ്യുന്നത്.ബിഗ് ബജറ്റിൽ ഒരുങ്ങുന്ന അവഞ്ചേഴ്സ് ചിത്രത്തേക്കാൾ എത്രയോ മുകളിലാണ് രാമായണത്തിലെ ഗ്രാഫിക്സ് രംഗങ്ങളെന്നാണ് പ്രേക്ഷകരുടെ വാദം.



# സ്പൈഡർമാൻ ചിത്രത്തിലെ തന്റെ വേഷത്തെക്കുറിച്ച് വെളിപ്പെടുത്തി സാഡി; ആരാധകരെ അമ്പരപ്പിച്ച് പുതിയ ക്ലൂ!



മാർവൽ സിനിമാറ്റിക് യൂണിവേഴ്സിന്റെ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന പുതിയ സ്പൈഡർമാൻ ചിത്രത്തിൽ പ്രശസ്ത ഹോളിവുഡ് നടി സാഡി സിങ്ക് പ്രധാന വേഷത്തിൽ എത്തുന്നു. സ്പൈഡർമാൻ ബ്രാൻഡ് ന്യൂ ഡേ എന്ന് പേരിട്ടിരിക്കുന്ന ഈ ചിത്രത്തിൽ തന്റെ വേഷം എന്താണെന്ന് സാഡി സിങ്ക് ഒടുവിൽ തുറന്നു പറഞ്ഞിരിക്കുകയാണ്.സിനിമയുടെ ട്രെയിലർ പുറത്തുവന്നതുമുതൽ നടി ഏത് കഥാപാത്രത്തെയാണ് അവതരിപ്പിക്കുന്നത് എന്നതിനെക്കുറിച്ച് സോഷ്യൽ മീഡിയയിൽ നിരവധി ഊഹാപോഹങ്ങൾ പ്രചരിച്ചിരുന്നു. എന്നാൽ ഈ ചർച്ചകൾക്കെല്ലാം വിരാമമിട്ടുകൊണ്ട് സാഡി സിങ്ക് മൂന്ന് രസകരമായ സൂചനകൾ പങ്കുവെച്ചു.താൻ സിനിമയിൽ സ്പൈഡർമാനായിട്ടല്ല അഭിനയിക്കുന്നതെന്ന് നടി തമാശരൂപേണ വ്യക്തമാക്കി. മുൻ ചിത്രങ്ങളിൽ കൊല്ലപ്പെട്ട ആന്റ് മെയ് എന്ന കഥാപാത്രമായിട്ടല്ല താൻ എത്തുന്നതെന്നും സാഡി സിങ്ക് കൂട്ടിച്ചേർത്തു. അതോടൊപ്പം ചിത്രത്തിൽ താൻ ഉറപ്പായും ഒരു പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നുണ്ടെന്നും താരം സ്ഥിരീകരിച്ചു.താൻ യഥാർത്ഥത്തിൽ ആരായാണെന്ന് അറിയാൻ ആരാധകർ തിയേറ്ററുകളിൽ തന്നെ എത്തുവാൻ സാഡി സിങ്ക് ആവശ്യപ്പെട്ടു. സാഡിയുടെ ഈ രസകരമായ പ്രതികരണം ആരാധകരുടെ ആകാംക്ഷ വർദ്ധിപ്പിച്ചിട്ടുണ്ട്.സിനിമ റിലീസ് ചെയ്യാൻ വളരെ കുറച്ചു ദിവസങ്ങൾ മാത്രം ബാക്കിനിൽക്കെ നടിയുടെ കഥാപാത്രത്തെക്കുറിച്ചുള്ള വിവരങ്ങൾ അതീവ രഹസ്യമായി സൂക്ഷിക്കുകയാണ് അണിയറപ്രവർത്തകർ. വലിയ കഥാപാത്രങ്ങളുടെ വിവരങ്ങൾ അവസാന നിമിഷം വരെ മറച്ചുവെക്കുന്ന രീതിയാണ് മാർവൽ ഇതിലൂടെ വീണ്ടും തുടരുന്നത്. ടോം ഹോളണ്ട് പ്രധാന വേഷത്തിൽ എത്തുന്ന ഈ ചിത്രത്തിൽ വൻ താരനിരയാണ് അണിനിരക്കുന്നത്.സെൻഡായ, ജോൺ ബെർന്താൾ, ലിസ കോളൻ സയാസ്, മാർക്ക് റഫാലോ തുടങ്ങിയ പ്രമുഖ താരങ്ങളും ഈ സിനിമയിൽ പ്രധാന വേഷങ്ങളിൽ എത്തുന്നുണ്ട്.



## ആവഞ്ചേഴ്സ്: ബുക്കിംഗ് തുറന്ന് വെറും 12 മണിക്കൂറിൽ കുറിച്ചത് വൻ ചരിത്രം

മാർവൽ സിനിമാറ്റിക് യൂണിവേഴ്സിന്റെ ഏറ്റവും പുതിയ അത്ഭുതം ആവഞ്ചേഴ്സ് ഡൂംസ്ഡേ റിലീസിന് മുൻപ് തന്നെ വൻ റെക്കോർഡുകൾ തകർത്ത് മുന്നേറുന്നു. ടിക്കറ്റ് ബുക്കിംഗ് ആരംഭിച്ച് വെറും പന്ത്രണ്ട് മണിക്കൂറിനുള്ളിൽ തന്നെ ചിത്രം കോടികളുടെ കളക്ഷൻ സ്വന്തമാക്കി മുന്നേറ്റം കുറിച്ചു.വടക്കേ അമേരിക്കൻ ബോക്സ് ഓഫീസിൽ മുൻകൂട്ടിയുള്ള ബുക്കിംഗിലൂടെ മാത്രം ചിത്രം കോടികൾ വാരിക്കൂട്ടി ചരിത്രം സൃഷ്ടിച്ചിരിക്കുകയാണ്. സിനിമാ ലോകത്ത് ഏറ്റവും വേഗത്തിൽ ടിക്കറ്റുകൾ വിറ്റഴിഞ്ഞ അപൂർവ്വ ചിത്രങ്ങളിൽ ഒന്നായി ഇത് മാറി.റോബർട്ട് ഡൗണി ജൂനിയർ വില്ലൻ കഥാപാത്രമായ ഡോക്ടർ ഡൂം ആയി വീണ്ടും മാർവൽ സിനിമാ ലോകത്തേക്ക് തിരിച്ചെത്തുന്നു എന്ന പ്രഖ്യാപനമാണ് ചിത്രത്തിന് ഇത്രയേറെ ആവേശം നൽകിയത്. അയൺ മാനായി കോടിക്കണക്കിന് ആരാധകരെ നേടിയ താരം പുതിയ വേഷത്തിൽ എത്തുമ്പോൾ ആരാധകരുടെ പ്രതീക്ഷ വാനോളമാണ്.മാർവൽ ആരാധകർ ഏറെ ആകാംക്ഷയോടെ കാത്തിരുന്ന ഈ സിനിമ ബോക്സ് ഓഫീസിലെ മുൻകാല റെക്കോർഡുകളെല്ലാം കാറ്റിൽ പറത്തുമെന്നാണ് വിലയിരുത്തൽ.

## ഹൾക്കിനെ നേരിടാൻ സ്പൈഡർമാൻ; ആവേശം വാനോളമുയർത്തി ബ്രാൻഡ് ന്യൂ ഡേ ഫൈനൽ ട്രെയിലർ!



മാർവൽ സിനിമാറ്റിക് യൂണിവേഴ്സിന്റെ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന പുതിയ സ്പൈഡർമാൻ ചിത്രത്തിന്റെ അവസാന ട്രെയിലർ പുറത്തുവന്നു. ടോം ഹോളണ്ട് അവതരിപ്പിക്കുന്ന പീറ്റർ പാർക്കറിന്റെ കഥാപാത്രവും അതിജീവനവുമാണ് പുതിയ ട്രെയിലറിലെ പ്രധാന ആകർഷണം. മുൻഭാഗങ്ങളിലെ സംഭവ വികാസങ്ങൾക്ക് ശേഷം തികച്ചും ഒറ്റപ്പെട്ട ജീവിതം നയിക്കുന്ന പീറ്റർ പാർക്കറെയാണ് ട്രെയിലറിൽ കാണാൻ സാധിക്കുന്നത്.തന്റെ പ്രിയപ്പെട്ടവരും സുഹൃത്തുക്കളും തന്നെ മറന്നുപോയതിന്റെ വേദനയിലാണ് പീറ്റർ പാർക്കർ ജീവിക്കുന്നത്. കാമുകിയായ എംജിയോട് സത്യം പറയാൻ അവൻ പലതവണ ശ്രമിക്കുന്നുണ്ടെങ്കിലും പിന്നീട് അതിൽ നിന്നും പിന്മാറുകയാണ് ചെയ്യുന്നത്.അവളെ സ്വന്തം ജീവനിലേക്ക് വീണ്ടും കൊണ്ടുവരുന്നത് അപകടമാണെന്ന് തിരിച്ചറിഞ്ഞാണ് പീറ്റർ ഈ കടുത്ത തീരുമാനമെടുക്കുന്നത്. എന്നാൽ നഗരത്തെ കാത്തിരിക്കുന്ന വലിയൊരു ഭീഷണി പീറ്ററുടെ ജീവിതത്തെ വീണ്ടും മാറ്റിമറിക്കുകയാണ്.ട്രെയിലറിൽ പ്രേക്ഷകരെ ഏറ്റവും കൂടുതൽ അമ്പരപ്പിച്ചത് ഹൾക്കിന്റെ അപ്രതീക്ഷിത വരവാണ്. ഹൾക്കിനെ കണ്ട് അത്ഭുതപ്പെടുന്ന പീറ്റർ പാർക്കർ ഡോക്ടർ ബാനർ എന്ന് വിളിക്കുമ്പോൾ അതിന് ലഭിക്കുന്ന മറുപടി ആരാധകരെ ആവേശത്തിലാക്കുന്നുണ്ട്.

# ഡെഡ്പൂൾ വീണ്ടും തീയേറ്ററുകളിലേക്ക്! ആവേശം വാനോളമുയർത്തി റയാൻ റെയ്നോൾഡ്സിന്റെ പുതിയ പ്രഖ്യാപനം

മാർവൽ സിനിമാറ്റിക് യൂണിവേഴ്സിലെ സൂപ്പർഹിറ്റ് വില്ലൻ-ഹീറോ കഥാപാത്രമായ ഡെഡ്പൂൾ വീണ്ടും വെള്ളിത്തിരയിലേക്ക് എത്തുന്നതായി റിപ്പോർട്ട്. ഡെഡ്പൂളായി ജനപ്രിയ നടൻ റയാൻ റെയ്നോൾഡ്സ് തന്നെ വീണ്ടും പ്രേക്ഷകർക്ക് മുന്നിലെത്തും.അടുത്തിടെ നടന്ന ഒരു ചടങ്ങിലാണ് റെയ്നോൾഡ്സ് ഈ നിർണായക വിവരം ആരാധകരുമായി പങ്കുവെച്ചത്. പുതിയ ഡെഡ്പൂൾ ചിത്രം അണിയറയിൽ ഒരുങ്ങുന്നുണ്ടെന്ന് അദ്ദേഹം സൂചന നൽകി.കോമിക് പുസ്തകങ്ങളിലെ ഇനിയും സിനിമയാക്കാത്ത രസകരമായ കഥകൾ പുതിയ ചിത്രത്തിൽ ഉൾപ്പെടുത്താനാണ് പ്ലാൻ. ഫാബിയൻ നിസീസ, ഗെറി ഡഗ്ഗൻ തുടങ്ങിയ പ്രമുഖ കോമിക് എഴുത്തുകാരുടെ സൃഷ്ടികളാണ് ഇതിനായി തിരഞ്ഞെടുക്കുന്നത്.സിനിമകളിൽ ഇതുവരെ കാണാത്ത നിരവധി കഥാസന്ദർഭങ്ങൾ ഡെഡ്പൂൾ കോമിക്സിൽ ലഭ്യമാണെന്ന് താരം ചൂണ്ടിക്കാട്ടി. അത്തരം ആവേശകരമായ സംഭവങ്ങൾ തീയേറ്ററുകളിൽ എത്തിക്കാനാണ് നിർമ്മാതാക്കൾ ശ്രമിക്കുന്നത്.



# യു.എസ് ബോണ്ടുകളെ മറികടന്ന് സ്വർണം: കറൻസി വിപണിയിൽ തന്ത്രം മാറ്റി കേന്ദ്ര ബാങ്കുകൾ



ലോക സമ്പദ്‌വ്യവസ്ഥയിലെ പ്രധാന ശക്തിയായി യുഎസ് ഡോളർ ഇപ്പോഴും തുടരുന്നുണ്ടെങ്കിലും, ആഗോളതലത്തിൽ സാമ്പത്തിക രംഗത്ത് വലിയൊരു നിശബ്ദ വിപ്ലവം നടക്കുകയാണ്. അന്താരാഷ്ട്ര വ്യാപാരത്തിലും ധനകാര്യ ഇടപാടുകളിലും ഡോളറിന് തന്നെയാണ് ഇന്നും ആധിപത്യമുള്ളത്. വിപണിയിലെ സാധാരണ ഏറ്റക്കുറച്ചിലുകൾ കാരണം യെൻ, യൂറോ, പൗണ്ട് തുടങ്ങിയ കറൻസികൾക്കെതിരെ ഡോളറിന്റെ മൂല്യത്തിൽ മാറ്റങ്ങൾ സംഭവിക്കാറുണ്ട്. എന്നാൽ ഇത്തരം ഹ്രസ്വകാല മാറ്റങ്ങൾക്കപ്പുറം, ലോകത്തെ വിവിധ കേന്ദ്ര ബാങ്കുകൾ തങ്ങളുടെ കരുതൽ ശേഖരത്തിന്റെ ഘടനയിൽ വരുത്തുന്ന ദീർഘകാല മാറ്റങ്ങളാണ് ഇപ്പോൾ സാമ്പത്തിക വിദഗ്ധരുടെ ശ്രദ്ധ ആകർഷിക്കുന്നത്.

പരമ്പരാഗതമായി ലോകത്തെ കേന്ദ്ര ബാങ്കുകൾ തങ്ങളുടെ വിദേശനാണ്യ കരുതൽ ശേഖരത്തിൽ ഏറ്റവും സുരക്ഷിതമായി കരുതി പോന്നിരുന്നത് യു.എസ് ട്രഷറി സെക്യൂരിറ്റികളെ ആയിരുന്നു. പലിശ വരുമാനം ഉറപ്പ് നൽകുന്നതും ആവശ്യമുള്ളപ്പോൾ എളുപ്പത്തിൽ വിൽക്കാൻ കഴിയുന്നതുമായ ബോണ്ടുകളാണിത്.

എന്നാൽ യൂറോപ്യൻ സെൻട്രൽ ബാങ്കിന്റെ പുതിയ റിപ്പോർട്ടുകൾ പ്രകാരം, കേന്ദ്ര ബാങ്കുകൾ കൈവശം വെച്ചിരിക്കുന്ന പ്രധാന റിസർവ് ആസ്തി എന്ന നിലയിൽ യുഎസ് ട്രഷറി സെക്യൂരിറ്റികളെ സ്വർണം മറികടന്നിരിക്കുകയാണ്.

റഷ്യ-ഉക്രെയ്ൻ യുദ്ധത്തിന് ശേഷം യുഎസ് ചുമത്തിയ ഉപരോധങ്ങളും ആഗോള സാമ്പത്തിക അനിശ്ചിതത്വങ്ങളുമാണ് ഈ മാറ്റത്തിന് വേഗം കൂട്ടിയത്. കേന്ദ്രബാങ്കുകൾ സാധാരണയായി വിദേശ കറൻസികൾ, സർക്കാർ ബോണ്ടുകൾ, സ്വർണം എന്നിവയാണ് കരുതൽ ശേഖരത്തിൽ സൂക്ഷിക്കുന്നത്.

സ്വന്തം കറൻസിയുടെ മൂല്യം സുസ്ഥിരമായി നിർത്തുന്നതിനും, ഇറക്കുമതി ചെലവുകൾ നികത്തുന്നതിനും, വിദേശ കടങ്ങൾ വീട്ടുന്നതിനുമാണ് ഇവ ഉപയോഗിക്കുന്നത്. യൂറോപ്യൻ സെൻട്രൽ ബാങ്കിന്റെ കണക്കനുസരിച്ച് ആഗോള കരുതൽ ആസ്തികളിൽ സ്വർണത്തിന്റെ വിഹിതം 27 ശതമാനമായി ഉയർന്നു.

അതേസമയം യുഎസ് ട്രഷറി സെക്യൂരിറ്റികളുടെ വിഹിതം കുറയുകയും ചെയ്തു. അന്താരാഷ്ട്ര വിപണിയിൽ സ്വർണവിലയിലുണ്ടായ വൻ വർധനവും കേന്ദ്രബാങ്കുകളുടെ കൈവശമുള്ള സ്വർണത്തിന്റെ വിപണി മൂല്യം ഉയർത്താൻ കാരണമായി. ഇതിനർത്ഥം കേന്ദ്രബാങ്കുകൾ ഡോളറിനെ പൂർണ്ണമായും ഉപേക്ഷിച്ചു എന്നല്ല.

അന്താരാഷ്ട്ര നാണയ നിധിയുടെ കണക്കുകൾ പ്രകാരം ലോകത്തിലെ ആഗോള വിദേശനാണ്യ കരുതൽ ശേഖരത്തിന്റെ പകുതിയിലധികവും ഇപ്പോഴും ഡോളർ അധിഷ്ഠിത ആസ്തികളിൽ തന്നെയാണ്. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇതിൽ നേരിയ കുറവുണ്ടായിട്ടുണ്ടെങ്കിലും പ്രധാന കരുതൽ കറൻസി ഡോളർ തന്നെയാണ്. റിസ്കുകൾ കുറയ്ക്കുന്നതിനായി തങ്ങളുടെ നിക്ഷേപങ്ങൾ വൈവിധ്യവത്കരിക്കാനാണ് ബാങ്കുകൾ ശ്രമിക്കുന്നത്.

എന്നാൽ ചൈനയെപ്പോലുള്ള ചില രാജ്യങ്ങൾ യുഎസ് ട്രഷറി ബോണ്ടുകളിലുള്ള തങ്ങളുടെ നിക്ഷേപം സമീപകാലത്തായി കാര്യമായി കുറച്ചിട്ടുമുണ്ട്. ചുരുക്കത്തിൽ, ഡോളറിന്റെ ആധിപത്യം പെട്ടെന്ന് അവസാനിക്കില്ലെങ്കിലും, സ്വർണത്തെ ഒരു സുരക്ഷിത താവളമായി കണ്ട് ആഗോള സാമ്പത്തിക ശക്തികൾ തങ്ങളുടെ തന്ത്രങ്ങൾ മാറ്റിയെഴുതുകയാണ്.

### എന്തുകൊണ്ടാണ് കേന്ദ്രബാങ്കുകൾ സ്വർണത്തിലേക്ക് തിരിയുന്നത്?

**ആഗോള ഉപരോധങ്ങളും ഉപരോധ ഭീതിയും:** റഷ്യ-ഉക്രെയ്ൻ യുദ്ധത്തെ തുടർന്ന് യുഎസ് റഷ്യയുടെ ഡോളർ ആസ്തികൾ മരവിപ്പിച്ചത് മറ്റ് രാജ്യങ്ങൾക്കും മുന്നറിയിപ്പായി. രാഷ്ട്രീയ വ്യത്യാസങ്ങൾ ഉണ്ടാകുമ്പോൾ സ്വന്തം ഡോളർ നിക്ഷേപങ്ങൾ മരവിപ്പിക്കപ്പെടാം എന്ന ഭയം, ഏതെങ്കിലും ഒരു രാജ്യത്തിന്റെ നിയന്ത്രണത്തിലല്ലാത്ത സ്വർണം സുരക്ഷിതമായി സൂക്ഷിക്കാൻ രാജ്യങ്ങളെ പ്രേരിപ്പിച്ചു.

**നിക്ഷേപ വൈവിധ്യവൽക്കരണം:** ഒരു കറൻസിയെ മാത്രം ആശ്രയിക്കുന്നത് സാമ്പത്തിക അപകടസാധ്യത വർധിപ്പിക്കുന്നു. അതിനാൽ അപകടസാധ്യതകൾ കുറയ്ക്കാൻ കരുതൽ ശേഖരത്തിൽ സ്വർണത്തിന്റെ വിഹിതം കൂട്ടുകയാണ് റിസർവ് ബാങ്കുകൾ ചെയ്യുന്നത്.

**വിലക്കയറ്റവും നാണയപ്പെരുപ്പവും:** ആഗോളതലത്തിൽ പണപ്പെരുപ്പം ശക്തമായി തുടരുമ്പോൾ, കടലാസ് കറൻസികളുടെ മൂല്യം ഇടിയാനുള്ള സാധ്യത കൂടുതലാണ്. എന്നാൽ കാലങ്ങളായി മൂല്യം നിലനിർത്തുന്ന സുരക്ഷിത താവളമായി സ്വർണം പരിഗണിക്കപ്പെടുന്നു.

**യുഎസ് കടബാധ്യതയിലെ ആശങ്കകൾ:** യു.എസ് സർക്കാരിന്റെ വർധിച്ചു വരുന്ന സാമ്പത്തിക കടങ്ങളും ബോണ്ട് വിപണിയിലെ അസ്ഥിരതയും ട്രഷറി ബോണ്ടുകളിലുള്ള ബാങ്കുകളുടെ ആത്മവിശ്വാസത്തെ ബാധിച്ചിട്ടുണ്ട്.

### മുൻപന്തിയിൽ ഇന്ത്യയും ചൈനയും

യൂറോപ്യൻ സെൻട്രൽ ബാങ്കിന്റെ കണക്ക് അനുസരിച്ച് ആഗോള കരുതൽ ആസ്തികളിൽ സ്വർണത്തിന്റെ വിഹിതം ഉയർന്നപ്പോൾ യുഎസ് ട്രഷറി ബോണ്ടുകളുടെ വിഹിതം ഇടിഞ്ഞു. അന്താരാഷ്ട്ര വിപണിയിൽ സ്വർണവിലയിലുണ്ടായ റെക്കോർഡ് വർധനവും സ്വർണ ശേഖരത്തിന്റെ മൂല്യം കൂട്ടാൻ സഹായിച്ചു.

ചൈനയുടെ കേന്ദ്രബാങ്ക് കഴിഞ്ഞ കുറച്ചു വർഷങ്ങളായി തങ്ങളുടെ യുഎസ് ട്രഷറി നിക്ഷേപങ്ങൾ കാര്യമായി കുറയ്ക്കുകയും പകരം വലിയ അളവിൽ സ്വർണം വാങ്ങിക്കൂട്ടുകയും ചെയ്യുന്നുണ്ട്. ഭാരതീയ റിസർവ് ബാങ്കും ഇതേ പാത പിന്തുടർന്ന് യുഎസ് ബോണ്ടുകളിലുള്ള വിഹിതം കുറച്ച് സ്വർണ ശേഖരം ഏകദേശം 880 ടണ്ണിലധികമായി ഉയർത്തിയിട്ടുണ്ട്.

### ഡോളറിന്റെ ഭാവി എന്ത്?

ലോകത്തിലെ ആഗോള വിദേശനാണ്യ കരുതൽ ശേഖരത്തിന്റെ പകുതിയിലധികവും ഇന്നും ഡോളർ അധിഷ്ഠിത ആസ്തികളിൽ തന്നെയാണ്. ലോക വ്യാപാരത്തിൽ ഡോളറിന് പകരമായി പെട്ടെന്ന് മാറ്റിവെക്കാൻ പ്രാപ്തിയുള്ള മറ്റൊരു ഒറ്റ കറൻസി നിലവിൽ ലഭ്യമല്ല.

എങ്കിലും, റിസ്കുകൾ ഒഴിവാക്കാൻ ലോക രാജ്യങ്ങൾ തങ്ങളുടെ തന്ത്രങ്ങൾ മാറ്റി സ്വർണത്തെ കൂടുതൽ വിശ്വസ്ത ആസ്തിയായി പുനപ്രതിഷ്ഠിക്കുകയാണ്.

# സമാധാന ദൂതോ, ഡോളർ ഭിക്ഷാടനമോ? പശ്ചിമേഷ്യൻ നയതന്ത്രത്തിലെ പാക് ലക്ഷ്യം ചോദ്യം ചെയ്യപ്പെടുമ്പോൾ



പശ്ചിമേഷ്യയിൽ നിലനിൽക്കുന്ന അമേരിക്ക-ഇറാൻ തർക്കങ്ങളിൽ മധ്യസ്ഥത വഹിക്കാനും സമാധാനം പുനസ്ഥാപിക്കാനും പാകിസ്ഥാൻ നടത്തുന്ന ശ്രമങ്ങൾക്ക് പിന്നിൽ ആഗോള സമാധാനത്തോടുള്ള പ്രതിബദ്ധതയല്ല, മറിച്ച് കടുത്ത സാമ്പത്തിക പ്രതിസന്ധി മറികടക്കാനുള്ള ഡോളർ ഭിക്ഷാടനമാണെന്ന വിമർശനം ശക്തമാകുന്നു. ലോക സമാധാനത്തിനായോ മേഖലയിലെ സുരക്ഷയ്ക്കായോ നിലകൊള്ളുന്നതിന് പകരം, സ്വന്തം സാമ്പത്തിക നേട്ടത്തിനായി സമാധാന ചർച്ചകളെപ്പോലും കച്ചവടച്ചരക്കാക്കുന്ന നിലപാടാണ് പാകിസ്ഥാൻ സ്വീകരിക്കുന്നത്.

ആഗോളതലത്തിൽ തങ്ങൾക്ക് ലഭിക്കാവുന്ന സാമ്പത്തിക സഹായങ്ങൾ ഉറപ്പാക്കുക മാത്രമാണ് ഈ നയതന്ത്ര നാടകങ്ങൾക്ക് പിന്നിലെ പ്രധാന ലക്ഷ്യം. അമേരിക്കൻ ട്രഷറിയിൽ നിന്ന് 10 ബില്യൺ ഡോളറിന്റെ ബൈലാറ്ററൽ എക്സ്ചേഞ്ച് സ്റ്റെബിലൈസേഷൻ സപ്പോർട്ട് ഫെസിലിറ്റിക്കായി പാകിസ്ഥാൻ നീക്കം നടത്തുന്നുവെന്ന വിവരങ്ങൾ പുറത്തുവന്നതോടെയാണ് അവരുടെ യഥാർത്ഥ ലക്ഷ്യം വെളിവാക്കപ്പെട്ടത്. അന്താരാഷ്ട്ര നാണയ നിധിയിൽ നിന്ന് ലഭിച്ച ഭീമമായ ധനസഹായങ്ങളും കാലാവസ്ഥാ ഫണ്ടുകളും കൈപ്പറ്റിയിട്ടും സാമ്പത്തികമായി കരകയറാൻ പാകിസ്ഥാന് സാധിച്ചിട്ടില്ല.

വിദേശനാണ്യ കരുതൽ ശേഖരത്തിനായി ചൈന, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളെ പൂർണ്ണമായി ആശ്രയിക്കുന്ന പാകിസ്ഥാൻ, ഇപ്പോൾ അമേരിക്കയ്ക്ക് മുന്നിലും സാമ്പത്തിക സഹായത്തിനായി മുട്ടുകുത്തുകയാണ്. സ്വന്തം രാജ്യത്തെ ജനങ്ങളുടെ മേൽ കടുത്ത നികുതി ഭാരവും വിലക്കയറ്റവും അടിച്ചേൽപ്പിച്ചിട്ടും സമ്പദ്‌വ്യവസ്ഥയെ നേരെയാക്കാൻ കെൽപ്പില്ലാത്ത ഭരണകൂടം ആഗോള സമാധാനത്തിന് മധ്യസ്ഥത വഹിക്കാൻ ഇറങ്ങുന്നത് തീർത്തും വിരോധാഭാസമാണ്.

അമേരിക്കയുടെ ഉപരോധങ്ങളെയും ഭീഷണികളെയും നേരിട്ട് സ്വന്തം പരമാധികാരം സംരക്ഷിക്കുന്ന ഇറാനെ സമ്മർദ്ദത്തിലാക്കാനുള്ള ഉപകരണമായി പാകിസ്ഥാൻ സ്വയം അധപതിക്കുകയാണെന്ന വിലയിരുത്തലുമുണ്ട്. അമേരിക്കയുടെ സാമ്രാജ്യത്വ അജണ്ടകൾ നടപ്പിലാക്കാൻ സാമ്പത്തികമായി തകർന്ന രാജ്യങ്ങളെ ഇടനിലക്കാരാക്കി ഉപയോഗിക്കുന്ന പഴയ തന്ത്രത്തിന്റെ ഭാഗമാണിതെന്ന വിമർശനവും ഒരു ഭാഗത്തുണ്ട്. പാകിസ്ഥാന് നൽകുന്ന ഭീമമായ വാഗ്ദാനങ്ങൾ പശ്ചിമേഷ്യയിൽ ഇറാന്റെ സ്വാധീനം കുറയ്ക്കാനുള്ള അമേരിക്കയുടെ നീക്കമായി കാണാം. സ്വന്തം സാമ്പത്തിക ലാഭത്തിനായി അയൽ രാജ്യമായ ഇറാന്റെ സുരക്ഷാ രഹസ്യങ്ങളും നയതന്ത്ര വിവരങ്ങളും ചോർത്തി നൽകാൻ പോലും പാകിസ്ഥാൻ മടിക്കില്ലെന്ന ഭയം മേഖലയിലെ രാഷ്ട്രീയ നിരീക്ഷകർ പങ്കുവെക്കുന്നുണ്ട്.

അമേരിക്കയിൽ നിന്നുള്ള സാമ്പത്തിക സഹായത്തിന് പകരമായി സ്വന്തം പ്രകൃതി വിഭവങ്ങളും ദേശീയ സ്വത്തുക്കളും അടിയറവ് വെക്കുന്ന നയമാണ് പാകിസ്ഥാൻ സ്വീകരിക്കുന്നത്. റെക്കോ ഡിക് ചെമ്പ്സ്വർണ്ണ ഖനന പദ്ധതിയിലേക്കുള്ള വിദേശ നിക്ഷേപങ്ങളും, ന്യൂയോർക്കിലെ റൂസ്‌വെൽറ്റ് ഹോട്ടൽ വിൽക്കാനുള്ള ശ്രമങ്ങളും, അമേരിക്കൻ സ്ഥാപനങ്ങളുമായുള്ള സാമ്പത്തിക കരാറുകളും പാകിസ്ഥാന്റെ സാമ്പത്തിക പരാജയത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഈ രീതിയിൽ ലഭിക്കുന്ന ആശ്വാസധനം ജനക്ഷേമത്തിനല്ല, മറിച്ച് അഴിമതിക്കാരായ ഭരണാധികാരികളുടെയും സൈനിക തലവന്മാരുടെയും സ്വാർത്ഥ താൽപ്പര്യങ്ങൾക്കാണ് ഉപയോഗിക്കപ്പെടുന്നതെന്നും വിമർശകർ വിലയിരുത്തുന്നു.

സ്വന്തം മണ്ണിലെ ഭീകരതയും ദാരിദ്ര്യവും ഇല്ലാതാക്കാൻ കഴിവില്ലാത്ത ഒരു രാഷ്ട്രം ആഗോള മധ്യസ്ഥതയ്ക്ക് ശ്രമിക്കുന്നത് വിശ്വസനീയമല്ല. പാകിസ്ഥാന്റെ ഇത്തരം തന്ത്രപരമായ നീക്കങ്ങളെയും അമേരിക്കയുടെ കൂട്ടുകെട്ടിനെയും ജാഗ്രതയോടെയാണ് ലോക രാജ്യങ്ങൾ നോക്കി കാണുന്നത്. തങ്ങളുടെ പ്രതിരോധ ശേഷിയും ആണവ പദ്ധതികളും തകർക്കാനുള്ള നീക്കങ്ങളെ അതിജീവിച്ച് ഇറാൻ മുന്നോട്ട് പോകും. ചുരുക്കത്തിൽ പശ്ചിമേഷ്യൻ വിഷയങ്ങളിൽ പാകിസ്ഥാൻ വഹിക്കുന്ന പങ്ക് സമാധാനത്തിനായുള്ളതല്ല, മറിച്ച് സാമ്പത്തിക ലാഭത്തിന് വേണ്ടിയുള്ള സമാധാന നാടകം മാത്രമാണെന്നാണ് വിലയിരുത്തൽ.

# പാർട്ടികളിലെ ഗ്രൂപ്പുകളുടെ തുരങ്കപ്പാതകളിൽ നിന്ന് ഒളിപ്പോരിന്റെ ദുർഗന്ധം

കേരളാ വിൻഡോ



ആന്റണി ചടയംമുറി

രാഷ്ട്രീയപാർട്ടികൾ തീർത്ത സ്വന്തം ഗ്രൂപ്പുകളുടെ തുരങ്കപ്പാതകളിൽ സംഘർഷം നുരയുകയാണ്. യു.ഡി.എഫ്. നയിക്കുന്ന കോൺഗ്രസിലെ ചിലർ ഇപ്പോഴും സതീശന്റെ സർക്കാർ പ്രതിപക്ഷത്തിന്റേതാണെന്ന് ചിന്തിക്കുന്നുണ്ട്. കാത്തുകാത്തിരുന്ന് കേരളത്തിൽ ഭരണം കിട്ടിയിട്ട് രണ്ടു മാസം കഴിയുന്നതിനുമുമ്പേ സതീശനെതിരേ 'ഒളിപ്പോര്' തുടങ്ങിയത് രാഷ്ട്രീയത്തിലെ ഹീനമായ നടപടിയായേ കരുതാനാവൂ. അത് കെ.എസ്.യു.എന്ന സംഘടനയുടെ തലപ്പത്തുനിന്നുള്ള കുന്തമേറാകുമ്പോൾ, തീർച്ചയായും ആർക്കായാലും കുരു പൊട്ടും.

വിവാദങ്ങൾക്ക്നടുവിൽപുതിയസർക്കാർ പെട്ടെന്ന് അഭിമുഖീകരിക്കേണ്ട ചില പ്രശ്നങ്ങളുണ്ട്, വീട്ടിൽ ഉറങ്ങിക്കിടന്ന ചോരക്കുഞ്ഞിനെ പോലും കടിച്ചുകുടയുന്ന പേപ്പട്ടികളുടെ ശല്യമാണ് ഈ പട്ടികയിൽ ആദ്യത്തേത്. രണ്ടാമത്തേത്, കെ.എസ്.ആർ.ടി.സി. നടപ്പാക്കിയ 'സൗജന്യയാത്ര' മൂലം ജീവിതം കട്ടപ്പുറത്തായ സ്വകാര്യ ബസ്സുടമകളുടെ പ്രശ്നം. മൂന്നാമത്തേത്, പെട്രോൾ-ഡീസൽ വില കൂടിയിട്ടും ചാർജ് കൂട്ടാൻ കഴിയാത്ത ഓട്ടോടാക്സികളുടെ പ്രശ്നം. ചില വകുപ്പുകളിൽ അഞ്ചും ആറും മാസമായി ശമ്പളം ലഭിക്കാതെ ജോലി ചെയ്യുന്ന സർക്കാർ, അർദ്ധസർക്കാർ ജീവനക്കാരുണ്ട്. അടിയന്തിരമായി പരിഗണിക്കേണ്ട പല വിഷയങ്ങളിൽ ചിലത് കൂട്ടിക്കാണിച്ചതായി കരുതിയാൽ മതി കേട്ടോ.

### 'യുടേൺ' പാർട്ടി പത്രത്തിലും

യു.ഡി.എഫ്. സർക്കാർ 'യുടേൺ' സർക്കാരാണെന്ന് മുൻ മന്ത്രി വാസവൻ കഴിഞ്ഞ ദിവസം പറയുന്നത് കേട്ടു. അച്ചടിച്ചുവച്ച പാർട്ടി പത്രത്തിന്റെ വാരാന്തപ്പതിപ്പ് പോലും യുടേൺ പരുവത്തിലായതിനെക്കുറിച്ച് മന്ത്രിക്ക് എന്തു പറയാനുണ്ട്? എല്ലാ ഏകാധിപതികളും സംശയരോഗികളാണെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നുണ്ട്. ഏതെങ്കിലും ഒരു തലവാചകം സഖാവിനെ ഉദ്ദേശിച്ചാണോയെന്ന സംശയം ആദ്യം ഏകാധിപതിക്കു ചുറ്റും നിൽക്കുന്ന കൈമണിക്കാരാണ് കുത്തിപ്പൊക്കാറുള്ളത്.

പാർട്ടിപത്രം ജൂലൈ 19ന് പ്രസിദ്ധീകരിക്കേണ്ടിയിരുന്ന സഖാവ് വി.എസിനെക്കുറിച്ച്, അദ്ദേഹത്തിന്റെ മുൻ പ്രസ് സെക്രട്ടറി കെ.വി.സുധാകരൻ എഴുതിയ ലേഖനത്തിന്റെ തലക്കെട്ടിൽ തന്നെ പിണറായിക്ക് ഒരു കൊട്ടുണ്ടായിരുന്നു. ശംഖുമുഖം കടത്തീരത്തുവച്ച് പാർട്ടി സമ്മേളനത്തിൽ നിന്ന് വി.എസ്. ഇറങ്ങിപ്പോയപ്പോൾ പിണറായി ആർത്തിരമ്പുന്ന കടലിരസത്തെക്കുറിച്ച് വാചാലനായത് നമ്മുടെ ഓർമ്മയിലുണ്ട്.

ഒരു ബക്കറ്റിൽ കടൽ ജലം ശേഖരിച്ച കുട്ടിക്ക്, ആ ഇത്തിരിവെള്ളത്തിൽ ഇരമ്പം കേൾക്കാനായില്ല. കുട്ടിയുടെ ആ പരാതിക്ക് പിണറായി മറുപടി പറഞ്ഞത്, കടലിന്റെ മാർത്തട്ടിലാണെങ്കിലേ കടൽ ജലത്തിന് ഇരമ്പിയാർക്കാനാവൂ എന്നാണ്. വി.എസ്. എന്ന നേതാവ് പാർട്ടിയിൽ നിൽക്കുമ്പോഴാണ് കടലിരമ്പമുണ്ടാകുന്നതെന്നും ഒറ്റപ്പെട്ടുപോയാൽ, ആ ഗർജ്ജനമെല്ലാം ദീനവിലാപമാകുമെന്ന ധ്വനി പിണറായി പിണറായിയുടെ വാക്കുകളിൽ ഉണ്ടായിരുന്നു.

വി.എസിന് പുന്നപ്രവയലാർ സ്മാരകത്തിനടുത്തുംതിരുവനന്തപുരത്തും സ്മാരകങ്ങൾ നിർമ്മിക്കാൻ സി.പി.എം. ആലോചിച്ചിരുന്നു. എന്നാൽ രണ്ടാം പിണറായി സർക്കാർ ഇക്കാര്യത്തിൽ ഉഴപ്പി. പകരം മുൻമന്ത്രി കെ.എം.മാണിക്ക് സ്മാരകം പണിയാൻ ജോസ്. കെ.മാണിക്ക് സൗജന്യമായി സ്ഥലം പതിച്ചു നൽകി. ഇന്നലെ (ചൊവ്വ) വി.എസിന്റെ അമ്പലപ്പുഴയിലെ വീട്ടുവളപ്പിൽ കുടുംബത്തിന്റെ ചെലവിൽ കാനായി ഉണ്ണി എന്ന ശിൽപ്പി നിർമ്മിച്ച അർധകായ പ്രതിമയാണ് അനാവരണം ചെയ്യപ്പെട്ടതെന്നറിയുമ്പോൾ, വി.എസ് മരിച്ചിട്ട് ഒരു വർഷം കഴിഞ്ഞിട്ടും ചില നേതാക്കളിൽ അണയാതെ കിടക്കുന്ന പകയുടെ കനലുകൾ നമുക്ക് കാണാൻ കഴിയുന്നു.



TC Rajesh Sindhu
13h ·

കള്ളന് വിജയന്, ധന്യ നാടകഗ്രാമം, മുത്തിപ്പാറ പി.ഒ.

കേരളത്തില് കാലവര്ഷത്തിന്റെ മഴകിലുക്കം തുടങ്ങിയ[illegible] ഇല്ലെങ്കിലും, ഓരോ വര്ഷവും ജൂണ് മാസത്തില് തിരുവന[illegible] ജില്ലയിലെ മലയോര ഗ്രാമമായ മുത്തിപ്പാറയില് നിന്ന് നാട[illegible] മണികിലുങ്ങിത്തുടങ്ങും. ഇടവേളകളില്ലാതെ അഞ്ചെട്ടുമാസക്കാലത്തേക്ക് അതു തുടര്ന്നുകൊണ്ടേയിര[illegible] പിന്നെ, അവയോരോന്നായി പതിയെ മലയിറങ്ങി കേരളത്തിലെമ്പാടുമായി പടരും.

ആ മണികിലുക്കം കേരളം കേള്ക്കാന് തുടങ്ങുന്നത് 'കള്ള[illegible] വിജയ'ന്റെ വീട്ടുമുറ്റത്തുനിന്നുമാണ്. അവയുടെ തുടര്ച്ചകളുണ്ടാകുന്നത് കേരളത്തിലെ സാംസ്കാരിക സംഘടനക[illegible] വേദികളിലും പള്ളിപ്പെരുന്നാളുകളിലും ഉല്സവപ്പറമ്പുകളിലുമൊക്കെയാണ്. അതിങ്ങനെ കേരളത്തി[illegible] സീസണ് അവസാനിക്കുംവരെ നീളും. പിന്നെ, അടുത്ത മഴക്കാലത്തിനു മുന്പ് മുത്തിപ്പാറയില് പിന്നെയും മണിക[illegible] തുടങ്ങും. ആ മണിയൊച്ചകള്ക്കുവേണ്ടി കാതുകൂര്പ്പിച്ച് [illegible] വിജയനും കുടുംബത്തിനുമൊപ്പം ഒരു ഗ്രാമം മുഴുവനും കാത്തിരിക്കും.




### കള്ളനല്ലാത്ത 'കള്ളൻ വിജയൻ'

പാർട്ടി പത്രത്തിന്റെ അതേ വാരാന്തപ്പതിപ്പിന്റെ നാലാം പേജിൽ, വി.എസിനെക്കുറിച്ചുള്ള ലേഖനത്തിന്റെ തുടർച്ചയുണ്ട്. അതോടൊപ്പം തിരുവനന്തപുരം ജില്ലയിലെ വെഞ്ഞാറമൂടുകാരനായ 'കള്ളൻ വിജയനെ'ക്കുറിച്ച് ടി.സി. രാജേഷ് സിന്ധു എഴുതിയ ഒരു കൊച്ചു ലേഖനമുണ്ടായിരുന്നു. വാരാന്തപ്പതിപ്പിന്റെ 'സോഫ്റ്റ് കോപ്പി' കണ്ടപ്പോൾ ദേശാഭിമാനിയുടെ റസിഡന്റ് എഡിറ്റർ 'കള്ളൻ വിജയൻ ധന്യ നാടകം ഗ്രാമം മുത്തിപ്പാറ' എന്ന തലവാചകം മാറ്റണമെന്ന് ആവശ്യപ്പെടുകയുണ്ടായി. വാരാന്തപ്പതിപ്പിന്റെ എഡിറ്റർ കെ.ആർ. അജയനാകട്ടെ, അതിനു വഴങ്ങിയില്ല. അതോടെ 'കള്ളൻ വിജയ'ന്റെ ഫീച്ചർ ഉൾപ്പെടുത്തിയ വാരാന്തപ്പതിപ്പ് വിതരണം ചെയ്യേണ്ടതില്ലെന്ന് ദേശാഭിമാനി മാനേജ്മെന്റ് തീരുമാനിക്കുകയായിരുന്നു. ഈ വിവാദം വാർത്താലേഖകരെ കണ്ട് തിങ്കളാഴ്ച (ജൂലൈ 20) വിശദീകരിക്കുമ്പോഴും റസിഡന്റ് എഡിറ്റർ എം. സ്വരാജ് ഉരുണ്ടകളിക്കുന്നതുകണ്ട് ചിലർ ഊറിച്ചിരിക്കുകയായിരുന്നു.

ആരാണ് കള്ളൻ വിജയൻ? പതിമൂന്നാമത്തെ വയസ്സ് മുതൽ നാടകട്രൂപ്പുകളോടൊപ്പം സഹായിയായി സഞ്ചരിച്ചു തുടങ്ങിയ എസ്. വിജയകുമാറാണ് വീട്ടുകാർ 'കൊച്ചുകള്ളാ' എന്നു കൊഞ്ചിച്ച് വിളിച്ച് 'കള്ളൻ വിജയൻ' എന്ന പദവിയിലെത്തിയത്. കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള എല്ലാ നാടകഗ്രൂപ്പുകാർക്കും പ്രിയങ്കരനാണ് കള്ളൻ വിജയൻ. രംഗസജ്ജീകരണം എന്ന പേരിനു താഴെ എഴുതുന്നതും ആ പേര് തന്നെ. നാട്ടുകാർ വിളിക്കുന്നതും 'കള്ളനണ്ണൻ' എന്നു തന്നെ. എന്തായാലും, ആരുമറിയാതിരുന്ന ഒരു നാടക കലാകാരൻ ഇപ്പോൾ ലോക പ്രശസ്തനായിക്കഴിഞ്ഞു. ഇതിന് നന്ദി പറയേണ്ടത് പാർട്ടി പത്രത്തിലെ ഒരു നേതാവിനു മാത്രം ഓശാന പാടുന്ന ചില കുനുഷ്ടുബുദ്ധിക്കാരോടാണ്.

### അദാനിയുടെ സ്വന്തക്കാരനാര്?

വിഴിഞ്ഞം പദ്ധതിക്കായി 13,000 കോടി രൂപയുടെ വിദേശനിക്ഷേപം 'മ്മടെ വിജയൻ സർക്കാർ' കൊണ്ടുവന്നുവെന്ന് പാർട്ടിപത്രം എഴുതിവച്ചത് തലവേദനയായതും നാം കണ്ടു. പാർട്ടി സെക്രട്ടറി എം.വി.ഗോവിന്ദൻ പോലും ആ വാർത്തയുടെ പേരിൽ പാർട്ടിപത്രത്തെ തള്ളിപ്പറയുകയുണ്ടായി.

ഇപ്പോൾ 'ഇരുണ്ട ദിനങ്ങൾ' കേരളത്തിന് സമ്മാനിച്ചത് യു.ഡി.എഫ്. സർക്കാരാണെന്ന വാദവും ഇന്നത്തെ വാർത്താ സമ്മേളനത്തിൽ (ബുധൻ) മുഖ്യമന്ത്രി പൊളിച്ചടുക്കി. 4 രൂപ 29 പൈസയ്ക്ക് വൈദ്യുതി വാങ്ങാനുള്ള ദീർഘകാല കരാർ ഒപ്പുവച്ചത് ഉമ്മൻചാണ്ടി സർക്കാരായിരുന്നു. ഒന്നാം പിണറായി സർക്കാർ ആ കരാറനുസരിച്ചു തന്നെ വൈദ്യുതി വാങ്ങിയിരുന്നു. രണ്ടാം പിണറായി സർക്കാർ 2 വർഷത്തെ ഭരണം തികച്ചതോടെ ഈ കരാർ റദ്ദാക്കി; പകരം കരാറിൽ ഏർപ്പെട്ടത് അദാനിയുടെ കമ്പനിയുമായിട്ടായിരുന്നു. യൂണിറ്റിന് 14 രൂപ വരെ വിലവച്ച് വൈദ്യുതി വാങ്ങിയതായി ബോർഡിന്റെ രേഖകളിലുണ്ട്. അദാനിയുമായിട്ടുള്ള ഈ ഡീലിൽ ഇടതുസർക്കാരിലെ ആരാണ് പണം പിടുങ്ങിയത്? ഡാമുകളിലെ ജലശേഖരം ഇപ്പോൾ 27 ശതമാനത്തിൽ താഴെയാണ്. കഴിഞ്ഞവർഷം ഇതേ നാളുകളിൽ 60 ശതമാനത്തിലേറെ വെള്ളമുണ്ടായിരുന്നു! വെള്ളത്തിൽ നിന്നുള്ള വൈദ്യുതി നിസ്സാരവിലയ്ക്ക് ബോർഡ് വിറ്റതായും രേഖകളിലുണ്ട്. ഇതെല്ലാം മറച്ചുവച്ചുകൊണ്ട് യു.ഡി.എഫ്. സർക്കാരിനെ പ്രതിപക്ഷനേതാവും, പഴയ 'വൺ ടൂ ത്രീ' ഫെയിം ഇടുക്കി നേതാവും കുറ്റപ്പെടുത്തുന്നതിൽ എന്ത് അർത്ഥമാണുള്ളത്?

### ഡോ. റാമും പൊലീസ് കണക്ഷനും

അഞ്ചരക്കണ്ടി ഡെന്റൽ കോളജിലെ വിദ്യാർത്ഥി നിതിൻ രാജിന്റെ മരണത്തിൽ കുറ്റവാളിയെന്നു കരുതപ്പെടുന്ന ഡോ.റാമിനെ കേരളാ പൊലീസ് അറസ്റ്റ് ചെയ്തതുതന്നെ മൂന്നു മാസം കഴിഞ്ഞതായിരുന്നു. എന്നാൽ അറസ്റ്റിനായുള്ള വ്യവസ്ഥകൾ പൊലീസ് പാലിച്ചില്ലെന്ന് പറഞ്ഞ് മജിസ്ട്രേറ്റ് കോടതി റാമിന് ജാമ്യം നൽകിയത് ഇന്ന് (ബുധൻ) കേരളാ ഹൈക്കോടതി അതിരൂക്ഷമായ ഭാഷയിലാണ് വിമർശിച്ചത്. ഒരു ഡി.വൈ.എസ്.പി. യുടെ നേതൃത്വത്തിലായിരുന്നു അറസ്റ്റ്.

ഈ പൊലീസ് ഉദ്യോഗസ്ഥന് സുപ്രീം കോടതി അറസ്റ്റിനായി നിർദ്ദേശിച്ചിട്ടുള്ള ജാമ്യവ്യവസ്ഥകളെപ്പറ്റി അറിയില്ലെങ്കിൽ ആ സ്ഥാനത്തിരിക്കാൻ പ്രസ്തുത ഉദ്യോഗസ്ഥൻ യോഗ്യനല്ലെന്ന് കോടതി നിരീക്ഷിച്ചിട്ടുണ്ട്. മാത്രമല്ല, ഭരണസംവിധാനങ്ങൾ പൂർണ്ണ പരാജയമാണെന്നും ഹൈക്കോടതി കുറ്റപ്പെടുത്തിയിട്ടുണ്ട്. ജാമ്യം നൽകിയ തലശ്ശേരി കോടതിയിലെ മജിസ്ട്രേട്ടിന്റെ നടപടിയും ഹൈക്കോടതി സംശയത്തോടെയാണ് കണ്ടിട്ടുള്ളതെന്നതും ശ്രദ്ധേയമണ്.

### സഹകരണമേഖലയും പാർട്ടികളും

തോപ്രാൻകുടി സഹകരണ സംഘത്തിലെ നിക്ഷേപകർ ആകെ സങ്കടക്കണ്ണീരിലാണ്. സഹകരണ ബാങ്കുകളിലെ തട്ടിപ്പുകളിൽ സംസ്ഥാനത്തെ മിക്ക പാർട്ടികളും പ്രതിക്കൂട്ടിലുണ്ട്. എക്സൈസിനോടൊപ്പം സഹകരണവകുപ്പും കൈവശമുള്ള മന്ത്രി എം.ലിജു എന്തുകൊണ്ടോ ഈ പ്രശ്നങ്ങൾക്കുള്ള സമഗ്ര പരിഹാരം കണ്ടെത്തുന്നിൽ കാലതാമസം വരുത്തുകയാണ്. സാധാരണക്കാരും പാവങ്ങളും എപ്പോഴും സാമ്പത്തിക സഹായത്തിനായി ഓടിച്ചെല്ലുന്ന സഹകരണ ബാങ്കുകളിൽ പലതും കെടുകാര്യസ്ഥതയുടെ പടുകുഴികളിലാണ്.

രാജ്യത്താദ്യമായി ഒരു പാർട്ടിയുടെ ഭാരവാഹികൾ പോലും സഹകരണ ബാങ്ക് തട്ടിപ്പുകളുടെ പേരിൽ ഇ.ഡി.യുടെ ചോദ്യമുനയിൽ നിൽക്കേണ്ടിവന്നുവെന്നത് നല്ല വാർത്തയല്ല. സഹകരണ ബാങ്കുകളുടെ വിശ്വാസ്യത പൂർണ്ണമായും നഷ്ടപ്പെട്ടു കഴിഞ്ഞു. ഇതിനിടയിൽ, കേന്ദ്ര സർക്കാരിന്റെ ആശിർവാദത്തോടെ വിചിത്ര പേരുകളിൽ ചില സഹകരണ സംഘങ്ങൾ കേരളത്തിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനുള്ള സംവിധാനങ്ങളും നിലവിൽ സംസ്ഥാനത്തില്ലെന്നത് ഖേദകരമാണ്.

### ചില ഉദ്യോഗസ്ഥരും കിഫ്ബിയും

പൊലീസിൽ ഇപ്പോഴും ഇടതുപക്ഷ സഹയാത്രികർ ഏറെയുണ്ട്. പിണറായിയുടെ കാലത്ത് കൈക്കൂലി വാങ്ങി 'കൊട്ടാരം' പണിതവരെല്ലാം തന്ത്രപൂർവം യു.ഡി.എഫ്. കൂടാരത്തിലെത്താൻ പല തന്ത്രങ്ങളും പയറ്റുന്നുണ്ട്. ഈ നീക്കങ്ങൾക്ക് തടയിട്ടില്ലെങ്കിൽ പുതിയ സർക്കാരിനെ അവർ കുഴപ്പത്തിലാക്കും. കള്ളന്മാർക്ക് കഞ്ഞിവച്ചവരുടെ സംഘമാണ് കിഫ്ബിയെന്ന് മുഖ്യമന്ത്രി സതീശനറിയാം.

പക്ഷെ, കിഫ്ബിയുടെ എല്ലാമായിരുന്ന കെ.എം. എബ്രഹാം രാജിവച്ചൊഴിഞ്ഞു കഴിഞ്ഞു. കിഫ്ബിയും സർക്കാർ അർധ സർക്കാർ സ്ഥാപനങ്ങളുമായുള്ള ബന്ധത്തെപ്പറ്റി എന്തേ പുതിയ സർക്കാർ കരുതലെടുക്കാത്തത്?

ഉദാഹരണം വേണോ? കേട്ടോളൂ; സർക്കാരിന്റെ ചിട്ടികമ്പനിയായ കെ.എസ്.എഫ്.ഇ. തുടങ്ങിയ പ്രവാസ ചിട്ടികൾ വൻനഷ്ടത്തിലാണ്. എന്നിട്ടും സോഫ്റ്റ്വെയർ അപ്ഗ്രഡേഷൻ എന്ന പേരിൽ 3 മാസം കൂടുമ്പോൾ, കെ.എസ്.എഫ്.ഇ. 3 കോടി രൂപ കിഫ്ബിക്ക് കൊടുക്കണം. കിഫ്ബിയുമായി ബന്ധപ്പെട്ട ഇത്തരം 'കള്ളത്തരങ്ങൾ' തപ്പിയെടുക്കാനും അവ തിരുത്താനും നഷ്ടം നികത്താനും പുതിയ സർക്കാർ വൈകരുത്. ഒരു കാര്യം പറയാം: പിണറായി ചതിക്കാത്ത ചന്തുവൊന്നുമല്ല. ചതിച്ചേ ആ നേതാവിന് ശീലമുള്ളൂ. ആ ജാഗ്രത യു.ഡി.എഫിനുണ്ടായാൽ നല്ലത്.





# ഡൽഹി: ജനകീയ പ്രക്ഷോഭങ്ങളുടെയും രാഷ്ട്രീയ തർക്കങ്ങളുടെയും കേന്ദ്രം





പാർലമെന്റ് സമ്മേളനം ആരംഭിച്ചതോടെ ചോദ്യപ്പേപ്പർ ചോർച്ചയ്ക്കും വിദ്യാർത്ഥികളുടെ ഭാവിക്കും എതിരെ ഡൽഹി ജന്തർ മന്ദറിൽ പ്രതിഷേധങ്ങ ളും അതിശക്തമായി മാറിയിരിക്കുന്നു. ആ മാറ്റത്തിന് നിതാനമായത് പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയുടെ വസതിക്കുമുന്നിൽ നടത്തിയ സമരം തന്നെയാണ്. ലേറ്റായി എത്തി എന്ന വിമർശനം നേരിട്ട രാഹുൽ ഗാന്ധി എന്തായാലും ലേറ്റസ്റ്റായി പ്രവർത്തിക്കുകയായിരുന്നു.

ഒടുവിൽ ആ സമരത്തെ ഡെൽഹി പോലീസ് നേരിട്ട രീതി ഏറെ വിമർശനങ്ങൾക്കു കാരണമായി. പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയെ വരെ വലിച്ചിഴയ്ക്കുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും ഒക്കെ ചെയ്ത കാഴ്ച ഡൽഹിയെത്തന്നെ അമ്പരപ്പിച്ചുകളഞ്ഞു. ഡൽഹിയിൽ വലിയ സംഘർഷാവസ്ഥ തന്നെയാണിപ്പോഴും. ഡൽഹിയിലേ ജന്തർ മന്തറിലേക്ക് ജൻസികൾ ഒഴുക്ക് നിലയ്ക്കുന്നതേയില്ല.

പതിനെട്ടാം നൂറ്റാണ്ടിൽ മഹാരാജ ജയ് സിംഗ് രണ്ടാമനാണ് ഡൽഹിയിൽ ജന്തർ മന്തർ നിർമ്മിച്ചത്. ഡൽഹിയിൽ അദ്ദേഹം നിർമ്മിച്ച നിരീക്ഷണാലയം എല്ലാ ക്രമരഹിതമായ പ്രതിഷേധങ്ങളും നടക്കുന്ന സ്ഥലമായി മാറുമെന്ന് അദ്ദേഹം ഓർത്തിരിക്കാൻ ഇടയില്ല.

ഈ ജൻസി പങ്കാളിത്തം ആശങ്കയോടെയാണ് ബി.ജെ.പിയും പ്രധാനമന്ത്രി മോദിയും ഇപ്പോൾ കാണുന്നതെന്ന കാര്യത്തിൽ സംശയമില്ല. കോക്രോച്ച് ജനതാ പാർട്ടി ഈ സമരം തുടങ്ങിയിട്ട് 47 ദിവസമായി. പരീക്ഷാക്രമക്കേടുകളാണ് സമരത്തിന് മുഖ്യകാരണം. നീറ്റു പരീക്ഷയ്ക്കു ശേഷം 13 കുട്ടികൾ ക്രമക്കേടിൽ മനം നൊന്ത് ആത്മഹത്യ ചെയ്യുകയുണ്ടായി. ഇതൊന്നും ഭരിക്കുന്ന പാർട്ടിക്ക് ഇക്കാലമത്രയും ഒരു വിഷയമേ ആയിരുന്നില്ല. ബി.ജെ.പി രാഹുലിനെ കാണുന്നില്ലെന്നു പരിഹസിച്ചിരുന്നു. എന്നാൽ ഇത്രയും വലിയ പ്രശ്നം ഉണ്ടായിട്ടും കഴിഞ്ഞ രണ്ടു ദിവസമായി പ്രധാനമന്ത്രിയെ പാർലമെന്റിൽ പോലും കാണുന്നില്ല.

ജന്തർ മന്തറിൽ സിജെപി പ്രവർത്തകരെ പിരിച്ചുവിടാൻ പോലീസ് നടത്തിയ അഭ്യാസപ്രകടനങ്ങൾക്കിടെ പോലീസിനൊപ്പം നുഴഞ്ഞുകയറിയ ഗുണ്ടകൾ അതിക്രൂരമായി കുട്ടികളെ തല്ലിച്ചതക്കുകയുണ്ടായി. ഈ ഗുണ്ടകൾ ആർഎസ്എസ് പ്രവർത്തകരാണെന്നാണ് കോൺഗ്രസ് പറയുന്നത്. വിചിത്രമെന്നു പറയട്ടെ ഇതൊന്നും വടക്കേ ഇന്ത്യയിലെ ഇംഗ്ലീഷ്-ഹിന്ദി ഭാഷകളിലെ പ്രധാന പത്രങ്ങളൊന്നും കണ്ടമട്ട് കാണിക്കുന്നില്ല. എന്നുമാത്രമല്ല, പോലീസിനെ സമരക്കാരും കോൺഗ്രസും ആക്രമിച്ചു എന്ന തരത്തിലാണ് വാർത്തകൾ വരുന്നത്. ദേശീയ മാധ്യമങ്ങൾ മിക്കവയും ഒട്ടകപ്പക്ഷികളെപ്പോലെ തലതാഴ്ത്തി. ഭരണകൂടത്തെ പ്രസാദിപ്പിക്കാൻ വേണ്ടതുമാത്രം ചികഞ്ഞെടുക്കുന്നു.

ഭരണകൂടവും പോലീസും സമരം പൊളിക്കാൻ പഠിച്ചപണി പതിനെട്ടും പയറ്റിനോക്കിയിട്ടും സമരക്കാർ തെല്ലും കുലുങ്ങാതെ, നിർഭയരായി രാപകലില്ലാതെ സമരപ്പന്തലിൽ കുത്തിയിരിക്കുന്നു.

വിപ്ലവകാരികളെ രാഷ്ട്രീയത്തടവുകാരായി പരിഗണിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ലാഹോർ സെൻട്രൽ ജയിലിൽ 63 ദിവസം നിരാഹാരസമരം നടത്തി ജീവൻ വെടിഞ്ഞ ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷന്റെ പ്രവർത്തകനായിരുന്നു ജതീന്ദ്രനാഥ് ദാസ് എന്ന ജതിൻദാസ്. 1929 സെപ്തംബർ 13 ന് രക്തസാക്ഷിയാകുമ്പോൾ ജതിൻദാസിന് 25 വയസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ബോംബെ ലെജിസ്ലേറ്റീവ് അസംബ്ലിയിൽ നടന്ന ചർച്ചയിൽ, ജതിൻ ദാസിന്റെ രക്തസാക്ഷിത്വത്തെപ്പറ്റി സ്വാതന്ത്ര്യസമരസേനാനിയും അഭിഭാഷകനുമായ എം.ആർ ജയ്കർ വേദനയോടെ പറഞ്ഞു കാര്യങ്ങളാണ് ഇപ്പോൾ ഓർമ്മ വരുന്നത്.

'ജതീന്ദ്രനാഥ് ദാസ് ഇഞ്ചിഞ്ചായി മരിച്ചു. ഭക്ഷണം കഴിയ്ക്കാത്തതിനാൽ ഒരു കൈ പക്ഷാഘാതം മൂലം തളർന്നു. മറ്റേ കൈയ്ക്കും സ്വാധീനം നഷ്ടപ്പെട്ടു. അവയവങ്ങൾ ഓരോന്നായി പ്രവർത്തനരഹിതമായി. മനുഷ്യന് ലഭിച്ച ഏറ്റവും വിലപ്പെട്ട സംഗതിയായ കാഴ്ചയും നഷ്ടപ്പെട്ടു. കണ്ണുകളിലെ അഗ്നി, പതിയെപ്പതിയെ അണഞ്ഞു. 'ഇപ്പോൾ ജതിൻദാസിനെ ഓർക്കുന്നത്, വിദ്യാഭ്യാസ പ്രവർത്തകനും മാഗ്സസെ അവാർഡ് ജേതാവുമായ സോനം വാങ്ചുക്ക് ഡൽഹി ജന്തർ മന്തറിൽ നടത്തുന്ന നിരാഹാര സമരത്തിന്റെ വാർത്തകൾ കേൾക്കുന്നതിനിടയിലാണ്.

## ഡൽഹി ഡെർബാർ

വിദ്യാർത്ഥികൾക്ക് പിന്തുണയുമായി ജന്തർ മന്തറിൽ 26 ദിവസമായി നിരാഹാര സമരത്തിലാണ് അദ്ദേഹം. സോനം വാങ്ചുക്കിനെ ബലം പ്രയോഗിച്ച് പോലീസ് അറസ്റ്റ് ചെയ്ത് ആദ്യം സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അത് വലിയ കോലാഹലത്തിന് ഇടയാക്കി. അപ്പോൾ കോടതി ഇടപട്ടു. അങ്ങിനെ സോനം വാങ്ചുക്കിനെ സ്വകാര്യ ആശുപത്രിയായ ഗുഡ്ഗാവിലെ മേദാന്ത ആശുപത്രിയിലേക്ക് **മാറ്റിയിരിക്കുകയാണിപ്പോൾ.**

കഴിഞ്ഞ ശനിയാഴ്ച പുലർച്ചെ 7:40 ഓടെ ഡൽഹി പോലീസാണ് സോനം വാങ്ചുക്കിനെ ബലം പ്രയോഗിച്ച് വി.എം.എം.സി & സഫ്ദർജംഗ് ആശുപത്രിയിലേക്ക് മാറ്റിയത്. ആശുപത്രിയിൽ പ്രവേശിപ്പിക്കുമ്പോൾ അദ്ദേഹം ബോധാവസ്ഥയിലായിരുന്നു. പരിശോധനയിൽ രക്തത്തിലെ പൊട്ടാസ്യത്തിന്റെ അളവ് കുറവാണെന്നും മൂത്രത്തിൽ കീറ്റോണുകളുടെ അളവ് അപകടകരമായ രീതിയിൽ വർദ്ധിച്ചതായും കണ്ടെത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ജീവനെ പ്രതിയുള്ള ആശങ്കയല്ല, മോദി സർക്കാരിനെ ഇത്തരം ബലപ്രയോഗത്തിന് പ്രേരിപ്പിക്കുന്നത്. മറിച്ച്, സമൂഹം വളരെയേറെ വിലമതിക്കുന്ന സോനം വാങ്ചുകിന്റെ ജീവന് ആപത്തുണ്ടായാൽ, അത് സർക്കാരിന്റെ ആണിക്കല്ല് ഇളക്കുമെന്ന് തിരിച്ചറിയുന്നതുകൊണ്ടാണ്.

ഈ സമരത്തിലേർപ്പെട്ടതിനു ശേഷം സോനം വാങ്ചുക്കിന്റെ ഭാരം 11 കിലോ കുറഞ്ഞു എന്നാണ് പറയുന്നത്. സർക്കാർ നേരിട്ടെത്തി ഉറപ്പുനൽകുകയാണങ്കിൽ ഇന്നു തന്നെ നിരാഹാരം അവസാനിപ്പിക്കാം എന്നാണ് സോനം വാങ്ചുക്ക് പറയുന്നത്.

പൊതുജനങ്ങളെ ബാധിക്കുന്ന നിയന്ത്രണങ്ങൾ ഏറെ ഡൽഹിയിലിപ്പോൾ നിലനിൽക്കുന്നു. മെട്രോ സ്റ്റേഷനുകൾ അടച്ചു: സമരക്കാരെ നിയന്ത്രിക്കാൻ സുരക്ഷാ കാരണങ്ങളാൽ രാജീവ് ചൗക്ക്, സെൻട്രൽ സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള ഡൽഹിയിലെ പ്രധാനപ്പെട്ട 16 മെട്രോ സ്റ്റേഷനുകൾ താൽക്കാലികമായി അടച്ചുപൂട്ടിയത് യാത്രക്കാരെ വലിയ ബുദ്ധിമുട്ടിലാക്കി (എങ്കിലും പിന്നീട് ഇവ ഭാഗികമായി തുറന്നു).

പ്രതിഷേധം കനത്ത മധ്യ ഡൽഹിയിലെ ചില ഭാഗങ്ങളിൽ മൊബൈൽ ഇന്റർനെറ്റ് സേവനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയുമാണ്. പ്രതിഷേധക്കാർക്ക് നേരെ പൊലീസ് ക്രൂരമായ അക്രമം നടത്തിയെന്ന പരാതിയിൽ, സിസിടിവി ദൃശ്യങ്ങൾ സുരക്ഷിതമായി സൂക്ഷിക്കാൻ ഡൽഹി ഹൈക്കോടതി പൊലീസിന് നിർദേശം നൽകി.

സമരങ്ങൾക്കൊപ്പം ഡൽഹിയിൽ ശക്തമായ മഴ പെയ്യുമെന്ന മുന്നറിയിപ്പുമായി കാലാവസ്ഥാ വകുപ്പ് മഞ്ഞ അലർട്ട്പ്രഖ്യാപിച്ചിട്ടുണ്ട്. കനത്ത മഴയിലും വിദ്യാർത്ഥികൾ തെരുവിൽ സമരം തുടരുകയാണ്. മുൻ ഡൽഹി മുഖ്യമന്ത്രിയും ആം ആദ്മി പാർട്ടി നേതാവുമായ അരവിന്ദ് കെജ്രിവാൾ ഈ സമരങ്ങൾക്ക് പൂർണ്ണ പിന്തുണ നേരത്തെ തന്നെ പ്രഖ്യാപിച്ച് രംഗത്തെത്തിയിരുന്നു. കസ്റ്റഡിയിലായ വിദ്യാർത്ഥികളെ കാണാനും, അവർക്ക് ആവശ്യമായ നിയമ വൈദ്യ സഹായങ്ങൾ നൽകാനും കെജ്രിവാൾ മുൻപന്തിയിലുണ്ട്. അതേസമയം, കോൺഗ്രസ് ഈ പ്രക്ഷോഭത്തെ ഹൈജാക്ക് ചെയ്യാൻ ശ്രമിക്കുന്നുവെന്ന് ആരോപിച്ച് എഎപി കോൺഗ്രസിനെതിരെയും രംഗത്തെത്തിയിട്ടുണ്ട്.

*എമ എൽസ എൽവിൻ*

# ആകാശത്തേയും ആഴക്കടലിലേയും ഉറക്കം കെടുത്തുന്ന ചില ഉറക്ക വിശേഷങ്ങൾ

രാത്രിയാകുമ്പോൾ പുതപ്പു മൂടി സുഖമായി ഉറങ്ങുന്ന മനുഷ്യരിൽ നിന്ന് തികച്ചും വ്യത്യസ്തമാണ് പ്രകൃതിയിലെ മറ്റു ജീവികളുടെ ലോകം. സ്വന്തം ജീവനും നിലനിൽപ്പും സംരക്ഷിക്കാൻ ഓരോ ജീവിയും കണ്ടെത്തിയിരിക്കുന്ന ഉറക്ക രീതികൾ നമ്മെ ഏവരെയും അത്ഭുതപ്പെടുത്തുന്നതാണ്. വെള്ളത്തിൽ ഒഴുക്കിൽപ്പെടാതെ ഉറങ്ങുന്ന മീനുകൾ, ആകാശത്ത് പറക്കുന്നതിനിടയിൽ മയങ്ങുന്ന പക്ഷികൾ, ഒരു കണ്ണ് തുറന്നുപിടിച്ച് ഉറങ്ങുന്ന ഡോൾഫിനുകൾ അങ്ങനെ ജീവലോകത്തെ വിചിത്രവും കൗതുകകരവുമായ ഉറക്ക ശീലങ്ങൾ നിരവധിയാണ്.



### കണ്ണുതുറന്ന് ഉറങ്ങുന്ന ജലജീവികളും പാമ്പുകളും

കൺപോളകൾ ഇല്ലാത്തതിനാൽ എപ്പോഴും കണ്ണ് തുറന്നുപിടിച്ച് ഉറങ്ങേണ്ടിവരുന്ന ജീവികളാണ് മീനുകളും പാമ്പുകളും. ജലാശയങ്ങളിലെ ഒഴുക്കിൽപെട്ടുപോകാതിരിക്കാൻ ചെറിയ പാറയിടുക്കുകളിലോ ചെടികൾക്കിടയിലോ ഒളിച്ച് താങ്ങിനിന്നാണ് മീനുകൾ വിശ്രമിക്കുന്നത്. ചില മീനുകൾ ഉറക്കത്തിലും തങ്ങളുടെ ചിറകുകൾ പതുക്കെ ചലിപ്പിച്ചുകൊണ്ടിരിക്കും, ഇത് വെള്ളത്തിനടിയിൽ ഒരേ സ്ഥലത്തുതന്നെ നിലനിൽക്കാൻ അവയെ സഹായിക്കുന്നു. പാമ്പുകളുടെ കാര്യത്തിലേക്ക് വന്നാൽ അവയുടെ കണ്ണിനു മുകളിൽ സുതാര്യമായ ഒരു നേർത്ത ചർമം മാത്രമാണുള്ളത്. അതിനാൽ പാമ്പുകൾ ഉറങ്ങുകയാണോ അതോ ഉണർന്നിരിക്കുകയാണോ എന്ന് പുറത്തുനിന്നു നോക്കിയാൽ തിരിച്ചറിയാൻ വളരെ പ്രയാസമാണ്.

### പകൽ സമയത്ത് മയങ്ങുന്ന കൊതുകുകൾ

രാത്രിമുഴുവൻ മൂളിപ്പറന്നും കടിച്ചും നമ്മെ ഉറക്കാത്ത കൊതുകുകൾ പകൽ സമയത്താണ് യഥാർത്ഥത്തിൽ ഉറങ്ങുന്നത്. വീടിന്റെ ഇരുണ്ട കോണുകളിലോ കർട്ടന് പിന്നിലോ ചെടികൾക്കിടയിലോ ഒക്കെ അനങ്ങാതെ ഇരുന്ന് അവ പകൽ സമയം ചെറുതായി മയങ്ങുന്നു. കൊതുകുകൾക്ക് കൃത്യമായ ഉറക്കം ലഭിച്ചില്ലെങ്കിൽ അവയ്ക്ക് ശരിയായി പറക്കാൻ പോലും കഴിയില്ലെന്നാണ് ശാസ്ത്രജ്ഞരുടെ പുതിയ പഠനങ്ങൾ വ്യക്തമാക്കുന്നത്.

### മിനിറ്റുകൾ മാത്രം ഉറങ്ങുന്ന ജിറാഫും 22 മണിക്കൂർ ഉറങ്ങുന്ന കോവാലയും

ലോകത്തിൽ ഏറ്റവും കുറവ് ഉറങ്ങുന്ന മൃഗങ്ങളിൽ ഒന്നാണ് ജിറാഫ്. ദിവസത്തിൽ അര മണിക്കൂറൊക്കെ മാത്രം ഉറങ്ങുന്ന ഇവർ പല തവണകളായി അഞ്ചു മിനിറ്റ് വീതം നിന്നുകൊണ്ട് മാത്രമാണ് വിശ്രമിക്കുന്നത്. ഇതിന് നേരെ വിപരീതമായി ഓസ്ട്രേലിയയിൽ കാണപ്പെടുന്ന കോവാലകൾ ദിവസത്തിൽ 20 മുതൽ 22 മണിക്കൂർ വരെ ഉറങ്ങിത്തീർക്കുന്നു.

### പറക്കുന്നതിനിടയിൽ ഉറക്കം

അതേസമയം ആകാശത്ത് അതിവേഗത്തിൽ പറക്കുന്നതിനിടയിൽ ഉറങ്ങാൻ കഴിയുന്ന അപൂർവ്വ പക്ഷിയാണ് കരിങ്കുയിൽ അഥവാ സ്വിഫ്റ്റ്. വായുവിൽ വട്ടമിട്ട് പറക്കുമ്പോൾ തന്നെ ഇവയുടെ തലച്ചോർ പെട്ടെന്ന് ഉറക്കത്തിലേക്കു വഴുതിവീഴും.

### പകുതി തലച്ചോറ് മാത്രം ഉറക്കുന്ന ഡോൾഫിനുകൾ

കടലിൽ ജീവിക്കുന്ന ഡോൾഫിനുകൾക്ക് ശ്വാസോച്ഛ്വാസത്തിനായി കടലിന്റെ ഉപരിതലത്തിലേക്ക് വരണമെന്നുള്ളതുകൊണ്ട് പൂർണമായി ഉറങ്ങാൻ കഴിയില്ല. അതിനാൽ ഡോൾഫിനുകളുടെ തലച്ചോറിന്റെ ഒരു പകുതി മാത്രം ഉറങ്ങുമ്പോൾ മറുപകുതി ഉണർന്നിരിക്കുന്നു. ഒരു കണ്ണ് തുറന്നുപിടിച്ചാണ് ഇവ സമുദ്രത്തിൽ ഉറങ്ങുന്നത്. മാസങ്ങളോളം പൂർണ്ണമായി ഉറങ്ങാതെ ഇരിക്കുന്ന ബുൾഫ്രോഗ് എന്ന തവളകളും ജീവലോകത്തെ വലിയൊരു അത്ഭുതമാണ്.

### കൈകോർത്തുപിടിച്ച് വെള്ളത്തിൽ ഉറങ്ങുന്ന കടൽ നായ്ക്കൾ

കടൽ നായ്ക്കളുടെ ഉറക്കവും ഏറെ കൗതുകകരമായ ദൃശ്യമാണ്. ഇവ വെള്ളത്തിൽ മലർന്നു കിടന്നാണ് സാധാരണയായി ഉറങ്ങുന്നത്. രാത്രിയിലെ ശക്തമായ ഒഴുക്കിൽപെട്ട് സമുദ്രത്തിൽ ദൂരെപ്പോകാതിരിക്കാൻ കൂട്ടമായി പരസ്പരം കൈകൾ ചേർത്തുപിടിച്ചാണ് ഇവ വെള്ളത്തിന് മുകളിൽ ഉറങ്ങുന്നത്.

ഓരോ ജീവിയുടെയും ശരീരപ്രകൃതിക്കും ജീവിക്കുന്ന ചുറ്റുപാടുകൾക്കും അനുസരിച്ചാണ് അവയുടെ ഉറക്ക രീതികൾ രൂപപ്പെട്ടിരിക്കുന്നത്. പ്രകൃതി തങ്ങളുടെ നിലനിൽപ്പിനായി ജീവികളിൽ ഒരുക്കിയിരിക്കുന്ന ഈ വൈവിധ്യങ്ങൾ ജീവ ലോകത്തിന്റെ വിസ്മയം വർദ്ധിപ്പിക്കുന്നു.

# ഡ്രസ്സിംഗ് റൂമിലെ ആ ദൃശ്യം; മെസ്സിക്കും അർജന്റീനയ്ക്കും ഫൈനലിന് മുൻപേ പണി കിട്ടിയിരുന്നോ?

ലോകകപ്പ് ഫൈനലിൽ സ്പെയിനോട് പരാജയപ്പെട്ടതിന് പിന്നാലെ അർജന്റീന ആരാധകരെയും ഫുട്ബോൾ ലോകത്തെയും ഒരുപോലെ അമ്പരപ്പിക്കുന്ന പുതിയ വിവരങ്ങൾ പുറത്തുവരുന്നു. മത്സരത്തിന് തൊട്ടുമുമ്പ് ഡ്രസ്സിംഗ് റൂമിൽ നിന്നുള്ള ലയണൽ മെസ്സിയുടെ പുതിയ വീഡിയോ ദൃശ്യങ്ങളാണ് ഇപ്പോൾ സോഷ്യൽ മീഡിയയിൽ വൻ ചർച്ചയായിരിക്കുന്നത്.മത്സരത്തിന് ഇറങ്ങുന്നതിന് തൊട്ടുമുമ്പ് ഡ്രസ്സിംഗ് റൂമിൽ വെച്ച് ലയണൽ മെസ്സി കടുത്ത അസ്വസ്ഥത പ്രകടിപ്പിക്കുന്നത് ദൃശ്യങ്ങളിൽ വ്യക്തമായി കാണാം. നടക്കാൻ പോലും ബുദ്ധിമുട്ടുന്ന രീതിയിൽ വലതുകാലിന് അസ്വസ്ഥത നേരിടുന്ന മെസ്സിയെയാണ് വീഡിയോയിൽ കാണാൻ സാധിക്കുന്നത്.കളി തുടങ്ങുന്നതിന് മുൻപ് തന്നെ മെസ്സിക്ക് പരിക്കോ മറ്റ് ശാരീരിക അസ്വസ്ഥതകളോ ഉണ്ടായിരുന്നു എന്ന സംശയമാണ് ഈ വീഡിയോ ഉയർത്തുന്നത്. ഇതോടെ ഫൈനൽ മത്സരത്തിലെ അർജന്റീനയുടെ തോൽവിക്ക് കാരണം മെസ്സിയുടെ ശാരീരികക്ഷമത ഇല്ലായ്മയായിരുന്നോ എന്ന ചോദ്യം ആരാധകർ ഉയർത്തുന്നു.സ്പെയിനെതിരെയുള്ള നിർണായക പോരാട്ടത്തിൽ മെസ്സിക്ക് പ്രതീക്ഷിച്ച പ്രകടനം പുറത്തെടുക്കാൻ സാധിച്ചിരുന്നില്ല.





# പ്രീമിയർ ലീഗിലെ ഏറ്റവും വലിയ രണ്ടാമത്തെ ഡീൽ; സ്ട്രൈക്കർ മോർഗൻ റോജേഴ്സിനെ സ്വന്തമാക്കി ചെൽസി!

ഇംഗ്ലീഷ് പ്രീമിയർ ലീഗ് ക്ലബ്ബായ ചെൽസി തങ്ങളുടെ പുതിയ വൻകിട സൈനിംഗ് ഔദ്യോഗികമായി പ്രഖ്യാപിച്ചു. ആസ്റ്റൺ വില്ലയുടെ യുവ താരം മോർഗൻ റോജേഴ്സിനെയാണ് ചെൽസി സ്വന്തം തട്ടകത്തിൽ എത്തിച്ചിരിക്കുന്നത്. പ്രീമിയർ ലീഗ് ചരിത്രത്തിലെ തന്നെ ഏറ്റവും വിലയേറിയ രണ്ടാമത്തെ ട്രാൻസ്ഫർ കരാറായാണ് ഈ കൈമാറ്റം വിലയിരുത്തപ്പെടുന്നത്. വലിയ തുക മുടക്കിയാണ് താരത്തെ ചെൽസി സ്റ്റാംഫോർഡ് ബ്രിഡ്ജിലേക്ക് കൊണ്ടുവന്നിരിക്കുന്നത്.ടീമിന്റെ ആക്രമണ നിര ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ചെൽസി മാനേജ്മെന്റ് ഈ കടുത്ത തീരുമാനത്തിലേക്ക് എത്തിയത്. മുൻനിര ക്ലബ്ബുകൾ തമ്മിലുള്ള ശക്തമായ പോരാട്ടത്തിനൊടുവിലാണ് റോജേഴ്സ് ചെൽസിയുമായി കരാറിലെത്തിയത്.ആസ്റ്റൺ വില്ലയ്ക്ക് വേണ്ടി കഴിഞ്ഞ സീസണിൽ മികച്ച പ്രകടനം കാഴ്ചവെച്ച താരമാണ് മോർഗൻ റോജേഴ്സ്. മൈതാന മധ്യത്തിലും ആക്രമണ നിരയിലും ഒരുപോലെ തിളങ്ങാൻ ഈ യുവതാരത്തിന് സാധിക്കും.ടീമിന്റെ മുന്നേറ്റ നിരയ്ക്ക് കൂടുതൽ കരുത്ത് പകരണമെന്ന പരിശീലകന്റെ ആവശ്യപ്രകാരമാണ് ചെൽസി റോജേഴ്സിനെ സ്വന്തമാക്കിയത്. റോജേഴ്സിന്റെ വരവോടെ ചെൽസിയുടെ മുന്നേറ്റ നിര കൂടുതൽ ശക്തമാകുമെന്നാണ് ഫുട്ബോൾ ലോകത്തെ വിലയിരുത്തൽ.

## ഇന്ത്യൻ താരങ്ങളുടെ വൻ പട വരുന്നു; ബെംഗളൂരുവിലെ BCCI സെന്ററിൽ തിരക്കേറുന്നു!

ഇന്ത്യൻ ക്രിക്കറ്റ് പ്രേമികളെ ആവേശത്തിലാഴ്ത്തുന്ന പുതിയ വാർത്തകളാണ് ബിസിസിഐയുടെ സെന്റർ ഓഫ് എക്സലൻസിൽ നിന്നും പുറത്തുവരുന്നത്. ദേശീയ കരാറിലുള്ളവരും ബിസിസിഐയുടെ പ്രത്യേക നിരീക്ഷണത്തിലുള്ളതുമായ പ്രമുഖ ഇന്ത്യൻ താരങ്ങൾ വരും ദിവസങ്ങളിൽ ബെംഗളൂരുവിലെ ഈ അത്യാധുനിക അക്കാദമിയിലേക്ക് എത്തും.വരാനിരിക്കുന്ന പ്രധാന പരമ്പരകൾക്കും ടൂർണമെന്റുകൾക്കുമായി താരങ്ങളെ സജ്ജരാക്കുക എന്നതാണ് ഈ നീക്കത്തിന് പിന്നിലെ പ്രധാന ലക്ഷ്യം. ഫിറ്റ്നസ് വീണ്ടെടുക്കാനും ഫോം നിലനിർത്താനും പരിശീലനം നടത്താനുമായാണ് കളിക്കാർ കൂട്ടത്തോടെ ബിസിസിഐ അക്കാദമിയിലേക്ക് വരുന്നത്.ഇന്ത്യൻ ക്രിക്കറ്റ് ടീമിലെ മുൻനിര താരങ്ങളോടൊപ്പം വളർന്നുവരുന്ന യുവതാരങ്ങളും പരിശീലന ക്യാമ്പിന്റെ ഭാഗമാകും. കളിക്കാരുടെ ഫിറ്റ്നസ് കാര്യക്ഷമമായി വിലയിരുത്താനും അവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകാനും ബിസിസിഐ പ്രത്യേക ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.പരിക്കിന്റെ പിടിയിലുള്ള താരങ്ങൾക്ക് പ്രത്യേക പുനരധിവാസ പരിശീലനവും ഇവിടെ നൽകും.ലോകോത്തര സൗകര്യങ്ങളോടെ അടുത്തിടെ ഉദ്ഘാടനം ചെയ്ത ബിസിസിഐ സെന്റർ ഓഫ് എക്സലൻസ് കളിക്കാരുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിൽ വലിയ പങ്കാണ് വഹിക്കുന്നത്. അത്യാധുനിക ജിംനേഷ്യം, ഇൻഡോർ പ്രാക്ടീസ് പിച്ചുകൾ, സ്പോർട്സ് സയൻസ് കേന്ദ്രങ്ങൾ എന്നിവ ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്.പ്രധാന കളിക്കാർ ഒരുമിച്ച് എത്തുന്നതോടെ ബെംഗളൂരുവിലെ അക്കാദമി വളപ്പിൽ വൻ തിരക്കാണ് അനുഭവപ്പെടാൻ പോകുന്നത്. നാഷണൽ ക്രിക്കറ്റ് അക്കാദമിക്ക് പകരം നിർമ്മിച്ച ഈ പുതിയ കേന്ദ്രത്തിൽ എല്ലാവിധ സജ്ജീകരണങ്ങളും പൂർത്തിയായിട്ടുണ്ട്.

# ശരീരഭാരത്തോളം തക്കാളി സമ്മാനം; ലോകകപ്പ് ജേതാക്കളെ ആദരിച്ച് വ്യത്യസ്തമായ ആചാരം!



ലോകകപ്പ് വിജയത്തിന് പിന്നാലെ സ്പാനിഷ് ഫുട്ബോൾ താരങ്ങൾക്ക് ലഭിച്ച വേറിട്ടൊരു സമ്മാനമാണ് ഇപ്പോൾ കായിക ലോകത്ത് വൻ ചർച്ചയായിരിക്കുന്നത്. ഫിഫ ലോകകപ്പ് കിരീടം ചൂടിയ സ്പാനിഷ് ടീമിലെ നക്ഷത്ര താരങ്ങളായ രണ്ട് കളിക്കാർക്കാണ് തികച്ചും വ്യത്യസ്തമായ ഈ സമ്മാനം ലഭിച്ചത്.സ്പെയിനിലെ പ്രശസ്തമായ തക്കാളി നിർമ്മാണ ഗ്രാമമായ ലിയോണിൽ നിന്നാണ് താരങ്ങളെ തേടി ഈ അപൂർവ്വ ആദരവ് എത്തിയത്. കളിക്കാരുടെ ശരീരഭാരത്തിന് തുല്യമായ തക്കാളിയാണ് സമ്മാനമായി സംഘാടകർ നൽകിയത്.വർഷങ്ങളായി ആ പ്രദേശത്ത് നിലനിൽക്കുന്ന പരമ്പരാഗത ആചാരത്തിന്റെ ഭാഗമായാണ് താരങ്ങൾക്ക് ഈ സമ്മാനം ലഭിച്ചത്. സ്പെയിനിന്റെ ലോകകപ്പ് വിജയത്തിൽ നിർണായക പങ്കുവഹിച്ച താരങ്ങളുടെ മികച്ച പ്രകടനത്തെ ആദരിക്കാനാണ് ഗ്രാമീണർ തീരുമാനിച്ചത്.താരങ്ങളെ പ്രത്യേക നൂതന തുലാസിൽ ഇരുത്തി അവരുടെ ഭാരം കൃത്യമായി അളന്ന ശേഷമാണ് അത്രയും ഭാരമുള്ള തക്കാളികൾ അളന്നെടുത്തത്. അവിടുത്തെ കർഷകരും നാട്ടുകാരും വലിയ ആവേശത്തോടെയാണ് ഈ ചടങ്ങിൽ പങ്കെടുത്തത്.കളിക്കാർക്ക് ലഭിച്ച ഈ വ്യത്യസ്തമായ സമ്മാനത്തിന്റെ ചിത്രങ്ങളും വീഡിയോകളും സോഷ്യൽ മീഡിയയിൽ ഇതിനോടകം തന്നെ വൻതോതിൽ വൈറലായി കഴിഞ്ഞു.

# തുടർച്ചയായി ജോലി ചെയ്ത് മടുത്തോ? മാനസിക സമ്മർദ്ദം കുറയ്ക്കാൻ വിദഗ്ധർ നിർദ്ദേശിക്കുന്ന 43 ദിവസത്തെ റൂൾ ഇതാ



ജോലിത്തിരക്കുകൾക്കിടയിൽ സ്വന്തം ആരോഗ്യത്തെക്കുറിച്ച് ചിന്തിക്കാൻ പലർക്കും സമയം ലഭിക്കാറില്ല. തുടർച്ചയായുള്ള ജോലി പലപ്പോഴും കടുത്ത മാനസിക സമ്മർദ്ദത്തിലേക്കാണ് മനുഷ്യരെ നയിക്കുന്നത്. ഇത് ഒഴിവാക്കാൻ വിദഗ്ധർ നിർദ്ദേശിക്കുന്ന പുതിയൊരു രീതിയാണ് ഇപ്പോൾ ചർച്ചയാകുന്നത്.

ജോലിസ്ഥലത്തെ അമിതഭാരം കാരണം പലരും ശാരീരികമായും മാനസികമായും തളർന്നു പോകാറുണ്ട്. ബേൺഔട്ട് എന്ന് വിളിക്കുന്ന ഈ അവസ്ഥ ഒഴിവാക്കാൻ വിശ്രമം അനിവാര്യമാണ്. ഇതിനായി ആരോഗ്യ വിദഗ്ധർ നിർദ്ദേശിക്കുന്ന പ്രധാന മാർഗ്ഗമാണ് 43 ദിവസത്തെ നിയമം അഥവാ ഫോർട്ടി ത്രീ ഡേ റൂൾ.

ഓരോ 43 ദിവസത്തിലും ജോലിയിൽ നിന്ന് ഒരു ചെറിയ ഇടവേള എടുക്കണം എന്നതാണ് ഈ നിയമം പറയുന്നത്. അതായത് ഏകദേശം ആറാഴ്ച കൂടുമ്പോൾ നിർബന്ധമായും ലീവ് എടുത്ത് വിശ്രമിക്കുക. ഇത് മാനസികാരോഗ്യം വീണ്ടെടുക്കാനും പുതിയ ഊർജ്ജത്തോടെ ജോലി തുടരാനും സഹായിക്കും.

തുടർച്ചയായി ജോലി ചെയ്യുമ്പോൾ നമ്മുടെ തലച്ചോറിന്റെ പ്രവർത്തനക്ഷമത കുറയാൻ സാധ്യതയുണ്ട്. അതിനാൽ കൃത്യമായ ഇടവേളകളിൽ തലച്ചോറിന് വിശ്രമം നൽകേണ്ടത് അത്യാവശ്യമാണ്. ഈ ഇടവേളകൾ നമ്മുടെ സൃഷ്ടിപരമായ കഴിവുകൾ വർദ്ധിപ്പിക്കാൻ ഏറെ ഗുണം ചെയ്യും.

ചെറിയ ഇടവേളകൾ എടുക്കുമ്പോൾ ജോലിസ്ഥലത്തെ സമ്മർദ്ദങ്ങളിൽ നിന്ന് പൂർണ്ണമായി മാറിനിൽക്കാൻ ശ്രദ്ധിക്കണം. ഇമെയിലുകൾ പരിശോധിക്കുന്നതും ഔദ്യോഗിക ഫോൺ കോളുകൾ അറ്റൻഡ് ചെയ്യുന്നതും ഈ സമയത്ത് ഒഴിവാക്കേണ്ടതാണ്. കുടുംബത്തോടൊപ്പം സമയം ചെലവഴിക്കാനോ ഇഷ്ടമുള്ള വിനോദങ്ങളിൽ ഏർപ്പെടാനോ ഈ സമയം വിനിയോഗിക്കാം.

തുടർച്ചയായുള്ള ജോലി പലരിലും ഉറക്കമില്ലായ്മയ്ക്കും വിഷാദരോഗത്തിനും കാരണമാകാറുണ്ട്. കൃത്യമായ ഇടവേളകളിൽ വിശ്രമിക്കുന്നതിലൂടെ ഇത്തരം ആരോഗ്യ പ്രശ്നങ്ങളെ ഒരു പരിധി വരെ അകറ്റി നിർത്താൻ സാധിക്കും.

ജോലിയും വ്യക്തിജീവിതവും സന്തുലിതമായി കൊണ്ടുപോകാൻ ഈ നിയമം സഹായിക്കുന്നു.

പലരും വർഷത്തിൽ ഒരിക്കൽ മാത്രമാണ് വലിയ അവധികൾ എടുത്ത് യാത്രകൾ ചെയ്യാറുള്ളത്. എന്നാൽ ഇതിനേക്കാൾ ഗുണകരം ഇടവിട്ട് ചെറിയ അവധികൾ എടുക്കുന്നതാണെന്ന് വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. ഇത് ജോലിയിലുള്ള മടുപ്പ് അകറ്റാനും താല്പര്യം നിലനിർത്താനും സഹായിക്കും.

കമ്പനികളും ജീവനക്കാരുടെ മാനസികാരോഗ്യത്തിന് ഇപ്പോൾ വലിയ പ്രാധാന്യം നൽകുന്നുണ്ട്. ജീവനക്കാർക്ക് കൃത്യമായ അവധി നൽകുന്നത് അവരുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു. അതിനാൽ പല ആഗോള കമ്പനികളും ഇത്തരം നിയമങ്ങൾ നടപ്പിലാക്കാൻ തുടങ്ങിയിട്ടുണ്ട്.

അവധി ദിവസങ്ങളിൽ പൂർണ്ണമായും ഡിജിറ്റൽ ഡിറ്റോക്സ് ചെയ്യുന്നത് ഏറെ നല്ലതാണ്. മൊബൈൽ ഫോണുകളുടെയും ലാപ്ടോപ്പുകളുടെയും ഉപയോഗം കുറയ്ക്കുന്നത് മനസ്സിന് കൂടുതൽ ശാന്തത നൽകും. പ്രകൃതിയോട് ഇണങ്ങി സമയം ചെലവഴിക്കുന്നത് മാനസിക ഉന്മേഷം വർദ്ധിപ്പിക്കും.

മികച്ച കരിയർ വളർച്ചയ്ക്ക് ശാരീരികവും മാനസികവുമായ ആരോഗ്യം വളരെ പ്രധാനമാണ്. വെറും സാമ്പത്തിക നേട്ടങ്ങൾക്ക് വേണ്ടി മാത്രം സ്വന്തം ആരോഗ്യം നശിപ്പിക്കരുത്.

43 ദിവസത്തെ നിയമം പാലിക്കുന്നതിലൂടെ ആരോഗ്യവും സന്തോഷവും നിറഞ്ഞൊരു ജീവിതം കെട്ടിപ്പടുക്കാൻ സാധിക്കും.

# 78ാം വയസ്സിലും ഉശിരൻ ഫിറ്റ്നസ്: അർണോൾഡ് സ്വാറ്റ്സിനെഗറുടെ രാവിലെ 5 മണിക്കുള്ള ഈ ശീലം അറിഞ്ഞാൽ അതിശയിക്കും






ലോകമെമ്പാടുമുള്ള സിനിമാ കായിക പ്രേമികളുടെ എക്കാലത്തെയും ആവേശമാണ് അർണോൾഡ് സ്വാറ്റ്സിനെഗർ. ബോഡി ബിൽഡിംഗ് രംഗത്ത് വിപ്ലവം സൃഷ്ടിച്ച അദ്ദേഹം 78ാം വയസ്സിലും അത്ഭുതപ്പെടുത്തുന്ന ഫിറ്റ്നസ് നിലനിർത്തുന്നു.

പ്രായത്തെ വെറുമൊരു സംഖ്യ മാത്രമാക്കി മാറ്റുന്ന അദ്ദേഹത്തിന്റെ രാവിലെയുള്ള പ്രത്യേക ശീലങ്ങളാണ് ഇപ്പോൾ വീണ്ടും ചർച്ചയാകുന്നത്. ആരുടെയും സഹായമില്ലാതെ കൃത്യമായ അച്ചടക്കത്തോടെയാണ് അദ്ദേഹം തന്റെ ഓരോ ദിവസവും ആരംഭിക്കുന്നത്.

രാവിലെ കൃത്യം അഞ്ച് മണിക്ക് തന്നെ അർണോൾഡ് ഉണരുന്നു. ഉണർന്ന ഉടൻ തന്നെ ഒരു കപ്പ് ബ്ലാക്ക് കോഫിയോ ഗ്രീൻ ടീ യോ കുടിക്കുകയാണ് അദ്ദേഹത്തിന്റെ ആദ്യ ശീലം.

ഇതിനുശേഷമാണ് അദ്ദേഹത്തിന്റെ നിത്യജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഘട്ടം ആരംഭിക്കുന്നത്. കാപ്പികുടി കഴിഞ്ഞയുടൻ അദ്ദേഹം നേരെ ജിമ്മിലേക്ക് വച്ചുപിടിക്കുന്നു.

മണിക്കൂറുകളോളം നീളുന്ന കഠിനമായ വ്യായാമ മുറകളാണ് പിന്നീട് നടക്കുന്നത്. പ്രായം നൽകുന്ന വെല്ലുവിളികളെ അതിജീവിച്ച് നിത്യവും വർക്കൗട്ട് ചെയ്യുക എന്നത് അദ്ദേഹത്തിന് നിർബന്ധമാണ്.

വർക്കൗട്ടിന് ശേഷമാണ് അദ്ദേഹം പോഷകസമ്പന്നമായ പ്രഭാതഭക്ഷണം കഴിക്കുന്നത്. പ്രോട്ടീനുകളും ആവശ്യമായ പോഷകങ്ങളും അടങ്ങിയ ലളിതമായ ഭക്ഷണമാണ് അദ്ദേഹം ഇതിനായി തിരഞ്ഞെടുക്കുന്നത്.

പാലുൽപ്പന്നങ്ങളും പ്രോസസ് ചെയ്ത ഭക്ഷണങ്ങളും അദ്ദേഹം തന്റെ ഭക്ഷണക്രമത്തിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. പ്രകൃതിദത്തമായ പച്ചക്കറികൾക്കും സലാഡുകൾക്കുമാണ് അദ്ദേഹം മുൻഗണന നൽകുന്നത്.

ഈ കൃത്യമായ രാവിലത്തെ ദിനചര്യയാണ് അദ്ദേഹത്തെ ഇപ്പോഴും ഇത്രയേറെ ഊർജ്ജസ്വലനാക്കി നിർത്തുന്നത്. ശരീരത്തിന് നൽകുന്ന അതേ പ്രാധാന്യം മനസ്സിന്റെ ആരോഗ്യത്തിനും അദ്ദേഹം നൽകുന്നുണ്ട്.

ജിമ്മിലെ പരിശീലനം കഴിഞ്ഞ് തിരിച്ചെത്തിയാൽ വളർത്തുമൃഗങ്ങൾക്കൊപ്പം സമയം ചെലവഴിക്കാൻ അദ്ദേഹം ശ്രദ്ധിക്കാറുണ്ട്. ഇത് മാനസിക സമ്മർദ്ദം കുറയ്ക്കാൻ ഏറെ സഹായിക്കുമെന്ന് അദ്ദേഹം വിശ്വസിക്കുന്നു.

വാർദ്ധക്യത്തിലും ആരോഗ്യം കാത്തുസൂക്ഷിക്കാൻ ആഗ്രഹിക്കുന്നവർക്ക് വലിയൊരു പ്രചോദനമാണ് അർണോൾഡിന്റെജീവിതരീതി.വലിയലക്ഷ്യങ്ങളേക്കാൾ ചെറുതും കൃത്യവുമായ ശീലങ്ങളാണ് ആരോഗ്യത്തിന്റെ രഹസ്യം.

ദിവസവും കുറഞ്ഞത് പത്ത് മിനിറ്റെങ്കിലും വ്യായാമത്തിനായി മാറ്റിവെക്കാൻ അദ്ദേഹം ആരാധകരോട് ആഹ്വാനം ചെയ്യുന്നു. കൃത്യമായ ദിനചര്യയും അച്ചടക്കവും ഉണ്ടെങ്കിൽ ആർക്കും ഫിറ്റ്നസ് നിലനിർത്താം.

ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകളാണ് അദ്ദേഹത്തിന്റെ ഫിറ്റ്നസ് ടിപ്പുകൾ സോഷ്യൽ മീഡിയയിലൂടെ പിന്തുടരുന്നത്. പ്രായം തളർത്താത്ത ഈ പോരാളിയുടെ ദിനചര്യ ആരോഗ്യ പ്രേമികൾക്കിടയിൽ വലിയ തരംഗമാണ് ഉണ്ടാക്കിയിരിക്കുന്നത്.

ശരീരഭാരം കുറയ്ക്കാനും പേശികളുടെ കരുത്ത് വർദ്ധിപ്പിക്കാനും ഈ ശീലങ്ങൾ സഹായിക്കും. പ്രായഭേദമന്യേ എല്ലാവർക്കും ജീവിതത്തിൽ പകർത്തുവാൻ കഴിയുന്നതാണ് ഈ ലളിതമായ വഴികൾ. തന്റെ ഫിറ്റ്നസ് ആപ്പ് വഴിയും പുസ്തകങ്ങൾ വഴിയും അദ്ദേഹം നിത്യവും ആരോഗ്യ സന്ദേശങ്ങൾ പങ്കുവെക്കാറുണ്ട്. ആരോഗ്യകരമായ ജീവിതശൈലി തിരഞ്ഞെടുക്കാൻ ഇത് ഏവരെയും പ്രേരിപ്പിക്കുന്നു.

ശരിയായ ഉറക്കവും കൃത്യസമയത്തെ വ്യായാമവും ആരോഗ്യകരമായ ഭക്ഷണവും ചേരുമ്പോഴാണ് പൂർണ്ണ ആരോഗ്യം ലഭിക്കുന്നത്. അർണോൾഡിന്റെ ജീവിതം അതിനൊരു മികച്ച ഉദാഹരണമാണ്.

ഇന്നും സജീവമായി അഭിനയരംഗത്തും പൊതുവേദികളിലും എത്തുന്നതിന് പിന്നിലെ രഹസ്യവും ഇതുതന്നെ. വാർദ്ധക്യത്തെ വെല്ലുന്ന ഈ ഫിറ്റ്നസ് യാത്ര പുതിയ തലമുറയ്ക്ക് വലിയൊരു പാഠമാണ്. ഈ ലളിതമായ ശീലങ്ങൾ സ്വന്തം ജീവിതത്തിൽ പകർത്തിയാൽ ഏതൊരാൾക്കും മികച്ച ആരോഗ്യവും സുന്ദരമായ ശരീരവും സ്വന്തമാക്കാൻ സാധിക്കും. ഫിറ്റ്നസ് ലോകത്ത് അർണോൾഡ് എന്നും ഒരു അത്ഭുതമായി തുടരുന്നു.

# പുകവലിയേക്കാൾ ആപത്ത് വ്യായാമമില്ലായ്മ: ആയുസ്സ് കൂട്ടാൻ പഠനങ്ങൾ നിർദ്ദേശിക്കുന്ന ലളിതമായ വഴി ഇതാ



ദീർഘായുസ്സോടെ ജീവിച്ചിരിക്കാൻ ആഗ്രഹിക്കുന്നവർക്കായി പുതിയ ആരോഗ്യ പഠന റിപ്പോർട്ട് പുറത്ത്. ഹൃദയാരോഗ്യത്തെ ബാധിക്കുന്ന ഏറ്റവും വലിയ വില്ലൻ പുകവലിയോ മറ്റ് അസുഖങ്ങളോ അല്ലെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. ശാരീരികക്ഷമത കുറയുന്നതും വ്യായാമം ചെയ്യാതിരിക്കുന്നതുമാണ് അകാല മരണത്തിന് പ്രധാന കാരണമാകുന്നത്.

